# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# അരീക്കോട് ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

**2024-2025**

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in
ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ എസ് എ എ പി എം 7/1621/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 10/09/2025
ഇ-മെയിൽ: dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
അരീക്കോട് ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : അരീക്കോട് ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അരീക്കോട് ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ എസ് എ എ പി എം 7/1621/2025 തീയ്യതി: 10/09/2025

# മലപ്പുറം ജില്ലയിലെ അരീക്കോട് ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ അരീക്കോട് ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 25-09-2024 മുതൽ 16-06-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 45 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 35 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 26-06-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ അഷ്‌റഫ് പെരുംമ്പള്ളി, കെ എ എസ് | ഡെപ്യൂട്ടി ഡയറക്ടർ | 17-06-2025 | 26-06-2025 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 17-06-2025 | 26-06-2025 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ അബ്ദുൽ സത്താർ സി പി, ഓഡിറ്റ് ഓഫീസർ (ഹ ഗ്രേ)
ശ്രീമതി ജിഷ കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ ആലസ്സൻകുട്ടി യു, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി ഹുസ്ന വിസി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ നൗഷർ കല്ലട | പ്രസിഡന്റ് | 01-04-2024 | 31-03-2025 |
| ശ്രീ ഷാജു കെ എസ് | സെക്രട്ടറി | 01-04-2024 | 28-04-2024 |
| ശ്രീമതി ആശ കമൽ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 29-04-2024 | 22-07-2024 |
| ശ്രീ ഷാജു കെ എസ് | സെക്രട്ടറി | 23-07-2024 | 02-08-2024 |
| ശ്രീമതി ആശ കമൽ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 03-08-2024 | 23-09-2024 |
| ശ്രീ ഷാജു കെ എസ് | സെക്രട്ടറി | 24-09-2024 | 13-10-2024 |
| ശ്രീമതി പ്രീത വി പ്രഭു | സെക്രട്ടറി | 14-10-2024 | 31-03-2025 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| | | | |

| | | | |
|---|---|---|---|
| ശ്രീമതി ആശ കമൽ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2024 | 31-03-2025 |
| ശ്രീ. മുബാറക് സി.കെ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2024 | 29-09-2024 |
| ശ്രീമതി സൗദ നടുകണ്ടിയിൽ | അസിസ്റ്റന്റ് എഞ്ചിനീയർ | 30-09-2024 | 31-03-2025 |
| ശ്രീമതി മീനാക്ഷി ടി. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2024 | 31-03-2025 |
| ശ്രീ. സജിത് കുമാർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2024 | 09-10-2024 |
| ഒഴിവ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 10-10-2024 | 31-03-2025 |
| ശ്രീ. ഷൈൻ  പി. ജോസ് | ഹെഡ്മാസ്റ്റർ | 01-04-2024 | 31-03-2025 |
| ശ്രീ. അബൂബക്കർ | മെഡിക്കൽ  ഓഫീസർ (അലോപ്പതി) | 01-04-2024 | 31-03-2025 |
| ശ്രീമതി അഫ്ന | മെഡിക്കൽ  ഓഫീസർ (ഹോമിയോ) | 01-04-2024 | 23-10-2024 |
| ശ്രീമതി റീതു | മെഡിക്കൽ  ഓഫീസർ (ഹോമിയോ) | 24-10-2024 | 31-03-2025 |
| ശ്രീ. അനീഷ് കുമാർ | മെഡിക്കൽ  ഓഫീസർ (ആയുർവ്വേദം) | 01-04-2024 | 31-03-2025 |
| ശ്രീമതി സന്ധ്യ | വെറ്ററിനറി സർജൻ | 01-04-2024 | 31-03-2025 |
| ശ്രീമതി ഫിദ | കൃഷി ഓഫീസർ | 01-04-2024 | 31-03-2025 |
| ശ്രീമതി നിഷ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2024 | 31-03-2025 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. | 1-1-1 |
| 2 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 3 | അക്കൗണ്ട് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-2 |
| 4 | കാഷ് ഫ്ലോ സ്റ്റേറ്റുമെന്ററിലെ തുക വ്യത്യാസം | 1-1-3 |
| 5 | ബാങ്ക് റീകൺസിലിയേഷൻ പത്രികകൾ യഥാസമയം സാക്ഷ്യപ്പെടുത്തിയില്ല | 1-1-4 |
| 6 | ബാങ്ക് ബാലൻസ് തുകയിൽ വ്യത്യാസം | 1-1-5 |
| 7 | ബജറ്റ് | 1-2 |
| 8 | സാമ്പത്തിക വിശകലനം | 1-3 |
| 9 | ഫണ്ട് വിനിയോഗം(ACR പ്രകാരം) | 1-4 |
| 10 | പദ്ധതി അവലോകനം | 1-5 |
| 11 | തൊഴിലുറപ്പു പദ്ധതി | 1-6 |
| 12 | ക്ഷേമപദ്ധതികൾ | 1-7 |
| 13 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 14 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 15 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 16 | ജലജീവൻ മിഷൻ പദ്ധതി | 1-11 |
| 17 | ഹെൽത്ത് ഗ്രാന്റ് വിനിയോഗവും ഫലപ്രാപ്തിയും- അവലോകനം | 1-12 |
| 18 | തൊഴിൽ നികുതി അടവാക്കാൻ അവശേഷിക്കുന്നു. | 1-13 |
| 19 | പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വാടക കെട്ടിടങ്ങൾ -വാടക അടവാക്കാൻ അവശേഷിക്കുന്നു. | 1-14 |
| 20 | ലേലത്തുക അടവാക്കാൻ അവശേഷിക്കുന്നു. | 1-15 |
| 21 | ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ -വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്. | 1-16 |
| 22 | പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്നു | 1-17 |
| 23 | ടർഫുകൾക്ക് വസ്തു നികുതി-വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്. | 1-18 |
| 24 | കെട്ടിടങ്ങളിലെ അനധികൃത നിർമ്മാണങ്ങൾ-വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ് | 1-19 |
| 25 | വിദ്യാഭ്യാസ സ്ഥാപനത്തിലെ അനധികൃത കെട്ടിടങ്ങൾ-വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്. | 1-20 |
| 26 | വിവിധ വാർഡുകളിലെ വൈദ്യുതി പോസ്റ്റ് മാറ്റി സ്ഥാപിക്കൽ - വിനിയോഗ പൂർത്തീകരണ വിവരം ലഭ്യമല്ല | 1-21 |
| 27 | സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ -പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-22 |
| 28 | ഇലക്ട്രിഫിക്കേഷൻ പദ്ധതി -നിർവ്വഹണത്തിലെ അപാകതകൾ | 1-23 |
| 29 | താഴത്ത്മുറി കളിസ്ഥല നിർമ്മാണത്തിന് സ്ഥലം വാങ്ങൽ -പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-24 |
| 30 | ഒരേ കേസ് അറ്റന്റ് ചെയ്ത വകയിൽ വക്കീൽ ഫീസ് രണ്ട് തവണ അനുവദിച്ചു | 1-25 |
| 31 | തെരുവ് വിളക്ക് സ്ഥാപിക്കൽ- പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-26 |
| 32 | തെരുവ് വിളക്ക് സ്ഥാപിക്കൽ- ചെയ്യാത്ത പ്രവൃത്തിക്ക് തുക നൽകി | 1-27 |
| 33 | പി.എം.എ.വൈ വിഹിതം നൽകൽ - വിനിയോഗ വിവരം ലഭ്യമല്ല | 1-28 |
| 34 | പഞ്ചായത്ത് ഓഫീസ് നവീകരണം-നിർവ്വഹണത്തിലെ അപാകതകൾ | 1-29 |
| 35 | ഹോമിയോ മരുന്നു വാങ്ങൽ – ബാക്കിയുള്ള മരുന്നുകൾ ലഭിച്ച വിവരം അറിയിക്കേണ്ടതാണ്. | 1-30 |
| 36 | കാർബൺ ന്യൂട്രൽ ഗ്രാമം -വിവിധ സ്കൂളുകളിൽ സോളാർ പാനൽ സ്ഥാപിക്കൽ - വിനിയോഗ പൂർത്തീകരണ വിവരം ലഭ്യമല്ല | 1-31 |
| 37 | എസ്.എസ്.കെ വിഹിതം - പ്രൊജക്ട് നടത്തിപ്പിൽ സർക്കാർ നിർദ്ദേശം പാലിച്ചില്ല | 1-32 |
| 38 | സ്കൂൾ ഫർണ്ണിച്ചർ വാങ്ങൽ -ഫർണ്ണിച്ചർ സകൂളുകളിൽ ലഭ്യമായില്ല | 1-33 |
| 39 | തുടർ സാക്ഷരതാ പ്രവർത്തനങ്ങൾ തുല്യതാ പരീക്ഷ ഫീസ് അടവാക്കൽ - അപാകതകൾ | 1-34 |

| | | |
|---|---|---|
| 40 | പട്ടിക ജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-35 |
| 41 | ചെയ്യാത്ത പ്രവൃത്തിക്ക് നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ് | 1-36 |
| 42 | Rain Gutter സ്ഥാപിക്കുന്നതിന് തെറ്റായ നിരക്ക് നൽകി- 90502/- രൂപയുടെ അധിക ചെലവ്. | 1-37 |
| 43 | മരാമത്ത് പ്രവൃത്തി നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാത്തതിന് പിഴ ഈടാക്കിയില്ല | 1-38 |
| 44 | കൺവീനർ മുഖേന നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തിക്ക് അധികം തുക നൽകി. | 1-39 |
| 45 | പൊതുമരാമത്ത് പ്രവൃത്തികൾ - പൊതു അപാകതകൾ | 1-40 |
| 46 | പ്രവൃത്തി പൂർത്തീകരണ സമയം നീട്ടി നൽകൽ - പഞ്ചായത്ത് രാജ് ചട്ടങ്ങൾക്ക് വിരുദ്ധമായി ഭരണ സമിതി തീരുമാനം എടുത്തു. | 1-41 |
| 47 | അസി. എഞ്ചിയറുടെ പേരിലുള്ള അക്കൗണ്ടുകളിലെ തുക തനത് ഫണ്ടിലേക്ക് മുതൽകൂട്ടേണ്ടതാണ്. | 1-42 |
| 48 | കോക്ലിയാർ ഇംപ്ലാന്റേഷൻ-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. | 1-43 |
| 49 | പകൽ വീട് ഉപകരണങ്ങൾ വാങ്ങൽ-അപാകതകൾ | 1-44 |
| 50 | ഐ സി ഡി എസ് സൂപ്പർവൈസർ നടപ്പിലാക്കിയ വിവിധ പദ്ധതികൾ-സ്റ്റോക്കെടുപ്പ്, വിതരണം, മറ്റ് അപാകതകൾ | 1-45 |
| 51 | പോഷാകാഹാര വിതരണം -പൂർണ്ണമായും സ്റ്റോക്കിലെടുത്തിട്ടില്ല. | 1-46 |
| 52 | ഭിന്നശേഷി സ്കോളർഷിപ്പ്-അധിക തുക അനുവദിച്ചത്-ഓഡിറ്റ് എൻക്വയറിയെതുടർന്ന് തിരിച്ചടവാക്കി | 1-47 |
| 53 | ലൈഫ് ഭവന പദ്ധതി- ഭവന നിർമ്മാണം ആരംഭിച്ചില്ല | 1-48 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | ഒരേ കേസ് അറ്റന്റ് ചെയ്ത വകയിൽ വക്കീൽ ഫീസ് രണ്ട് തവണ അനുവദിച്ചു | 3-1 |
| 2 | Rain Gutter സ്ഥാപിക്കുന്നതിന് തെറ്റായ നിരക്ക് നൽകി- 90502/- രൂപയുടെ അധിക ചെലവ് | 3-2 |
| **ഭാഗം 4** | | |
| 1 | മെഡിസെപ് പ്രീമിയം ഒടുക്ക് സംബന്ധിച്ചുള്ള പരിശോധന | 4-1 |
| 2 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 4-2 |
| 3 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-3 |
| 4 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-4 |
| 5 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം | 4-5 |
| 6 | വായ്പ/വായ്പ തിരിച്ചടവ് | 4-6 |
| 7 | സ്ഥിര നിക്ഷേപങ്ങൾ | 4-7 |
| 8 | ഓഡിറ്റ് റിക്കവറി | 4-8 |
| 9 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം. | 4-9 |
| 10 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-10 |
| 11 | ഓഡിറ്റ് പ്രത്യവലോകനം | 4-11 |
| 12 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ. | 4-12 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1
## പൊതു അവലോകനം

### 1-1-1 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക കണക്ക് (B-11 Schedule ) ആസ്തി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല. ആയത് കാലികമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി(ഓഡിറ്റ് എൻക്വയറി 16/23.06.25)

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. അരീക്കോട് ഗ്രാമ പഞ്ചായത്തിന്റെ 2025 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31.03.2025 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 31.05.2025 തീയതിയിലെ 1/(1)/2025-ാം നം. തീരുമാനം പ്രകാരം അംഗീകരിച്ച് 02.06.2025 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോട് കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, അരീക്കോട് ഗ്രാമ പഞ്ചായത്തിന്റെ 2024-25 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2025ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2025ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

**ഡെപ്യൂട്ടി ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം**

മലപ്പുറം
തീയതി :

### 1-1-2 അക്കൗണ്ട് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, 62(3) പ്രകാരം മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല. ഐ കെ എം മായി ബന്ധപ്പെട്ട് അപാകത പരിഹരിക്കുന്നതിനുള്ള തുടർനടപടി സ്വീകരിക്കുന്നതാണെന്ന മറുപടി ലഭ്യമാക്കി (ഓഡിറ്റ് എൻക്വയറി 16/23.06.25)

### 1-1-3 കാഷ് ഫ്ലോ സ്റ്റേറ്റുമെന്റിലെ തുക വ്യത്യാസം

കാഷ് ഫ്ലോ സ്റ്റേറ്റുമെന്റിലെ ' Net Increase In Cash And Cash Equivalents' ആയി രേഖപ്പെടുത്തിയ തുകയും (1,62,68,526) ഇതേ പത്രികയിൽ 'Net Cash Generated By Operating + Investing + Financing Activity ' (A+B+C) ആയി രേഖപ്പെടുത്തിയ തുകയും (1,49,92,916) തുല്യമല്ല.

### 1-1-4 ബാങ്ക് റീകൺസിലേിയഷൻ പത്രികകൾ യഥാസമയം സാക്ഷ്യപ്പെടുത്തിയില്ല

കേരള പഞ്ചായത്ത് രാജ് ആക്ട് 2011 (ചട്ടം 57) പ്രകാരം വിവിധ ബാങ്ക് അക്കൗണ്ടുകളുടെ പ്രതിമാസ റീകൺസിലേിയഷൻ പത്രികകൾ യഥാസമയം സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. 2024 ജൂൺ വരെയുള്ള മാസങ്ങളിൽ

മാത്രമാണ് സാക്ഷ്യപ്പെടുത്തിയിട്ടുള്ളത്

## 1-1-5 ബാങ്ക് ബാലൻസ് തുകയിൽ വ്യത്യാസം

Rural Housing – Housing For All Balance ഷെഡ്യൂൾ B4 പ്രകാരം 27,49,344 രൂപ എന്നാൽ അക്കൗണ്ടിൽ (ഷെഡ്യൂൾ B 17) (നം.10770100299573) ആയത് 6,97,344 രൂപ , വ്യത്യാസം 20,52,000/- രൂപ.

വ്യത്യാസം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകയറിക്ക് അരീക്കോട് ഗ്രാമപഞ്ചായത്ത് ലൈഫ് ഭവനപദ്ധതി പ്രകാരം 3 ഗുണഭോക്താക്കൾക്ക് 2021-22, 2022-323 സാമ്പത്തിക വർഷങ്ങളിൽ ഭവന നിർമ്മാണത്തിന് ആനുകൂല്യം അനുവദിക്കുകയും മേൽ ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തിയാക്കകയും ചെയ്തിരുന്നു. എന്നാൽ ഗ്രീൻഫീൽഡ് ഹൈവേ സ്ഥലമേറ്റെടുപ്പുമായി ബന്ധപ്പെട്ട് മേൽ ഗുണഭോക്താക്കളുടെ സ്ഥലവും വീടും ഗ്രീൻഫീൽഡ് ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ ഏറ്റെടുത്തതിനാൽ ആനുകൂല്യം നൽകിയ തുക പലിശ സഹിതം ഈ ഓഫീസിൽ തിരിച്ചടവാക്കിയതാണ് മേൽ തുക എന്ന് മറുപടി ലഭ്യമാക്കി.

## 1-2 ബജറ്റ്

| 2024-25 ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നം./തിയ്യതി | പുതുക്കിയ തീരുമാന നം./തിയ്യതി |
|---|---|
| 1(1)തിയതി. 12-02-2024 | 2(1) തിയതി 13.03.2025 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 64901921 |
| വരവ് | 85412954 |
| ആകെ | 150314875 |
| ചെലവ് | 83565243 |
| നീക്കിയിരിപ്പ് | 66749632 |

## 1-4 ഫണ്ട് വിനിയോഗം(ACR പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ | ചെലവ് തുക | നീക്കിബാക്കി |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 22822228 | 22822228 | 22228219 | 594009 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 6892786 | 6892786 | 6892786 | 0 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 0 | 0 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 14445000 | 14445000 | 14445000 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 8732000 | 8732000 | 8731822 | 178 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്- Tied | 0 | 8371500 | 8371500 | 1974677 | 6396823 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്- Untied | 0 | 4210289 | 4210289 | 5197865 | -987576 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 2024-25 | 518 | 16,4363857 | 254 | 106032058 | 0 | 264 | 49.03% |

കുറിപ്പ്:- സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം ആകെ അടങ്കൽ 15,52,46,857 രൂപയാണ്. ജി ഒ പ്രൊജക്റ്റുകളുടെ അടങ്കൽ തുക സുലേഖ സ്റ്റേറ്റ്മെന്റിൽ കാണിക്കാത്തതുകൊണ്ടാണ് ഈ വ്യത്യാസം വന്നത്.

## 1-6 തൊഴിലുറപ്പു പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 831 | 1072724 | 1073555 | 1073554 | 1 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 21315307 | 21315307 | 21315307 | 0 |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 3870400 | 243 |
| വിധവാപെൻഷൻ | 16607600 | 1082 |
| വാർദ്ധക്യകാലപെൻഷൻ | 25344700 | 1815 |
| വികലാംഗപെൻഷൻ | 6254700 | 399 |
| വിവാഹ ധനസഹായം | 180000 | 6 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 366200 | 25 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.06.2025 ന് 12 Pm ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 18567/- രൂപയുടെ ക്യാഷ് ബാലൻസ് ഉള്ളതായി കാണുകയും ആയതിന്റെ കൃത്യത ബോധ്യപ്പെടുകയും ചെയ്തു.

## 1-9 ആഭ്യന്തരനിയന്ത്രണം

1. HM, അസിസ്റ്റന്റ് സെക്രട്ടറി എന്നീ നിർവ്വഹണ ഉദ്യോഗസ്ഥർ ക്യാഷ് ബുക്ക് സൂക്ഷിക്കുന്നില്ല.
2.ഗ്രാമ പഞ്ചായത്തിലെ വാഹനങ്ങളുടെ വിവരങ്ങൾ വീൽസ് സോഫ്റ്റ് വെയറിൽ അപ്ഡേറ്റ് ചെയ്തിട്ടില്ല.
3.ഗ്രാമ പഞ്ചായത്ത് പ്രത്യേക ഓഫീസ് ഉത്തരവിന്റെ അടിസ്ഥാനത്തിൽ ജീവനക്കാരുടെ ചുമതലകൾ നിർണ്ണയിച്ച് നൽകുകയോ കാലികമാക്കുകയോ ചെയ്തിട്ടില്ല.
4. എല്ലാ ആസ്തികളും ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.
5. സെക്രട്ടറി, ഹെഡ്മാസ്റ്റർ എന്നിവരുടെ സ്റ്റോക്ക് രജിസ്റ്ററിൽ ഇൻവോയ്സ്, തുക അടക്കമുള്ള വിവരങ്ങൾ രേഖപ്പെടുത്തി കാലികമാക്കുന്നില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 24.12.2022 | 2022-23 | 13.07.2023 |
| എ.ജി ഓഡിറ്റ് | 23.08.2013 | 2012-13 വരെ | 29.08.2013 |

## 1-11 ജലജീവൻ മിഷൻ പദ്ധതി

2024 വർഷത്തോടു കൂടി കേരളത്തിലെ എല്ലാ ഗ്രാമീണഭവനങ്ങളിലും കുറഞ്ഞ ചെലവിൽ ലളിതമായ നടപടിക്രമങ്ങളിലൂടെ കുടിവെള്ളം എത്തിക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനാണ് ജൽജീവൻ മിഷൻ രൂപീകരിച്ചിട്ടുള്ളത്. പദ്ധതിയുടെ സാമ്പത്തിക സ്രോതസ്സ് 50 ശതമാനം കേന്ദ്ര വിഹിതവും 50 ശതമാനം സംസ്ഥാന വിഹിതവുമാണ്. . സംസ്ഥാന വിഹിതമായി ഉൾപ്പെടുത്തിയ തുകയുടെ 15% പഞ്ചായത്തും 10% ഗുണഭോക്താക്കളും വഹിക്കുന്ന രീതിയിലാണ് പദ്ധതി രൂപീകരിച്ചിട്ടുള്ളത്. പദ്ധതി നടത്തിപ്പിനായി കേരള വാട്ടർ അതോറിറ്റി, ഭൂജല വകുപ്പ് , ജലനിധി എന്നിവയിലേതെങ്കിലും ഒരു നിർവ്വഹണ ഏജൻസിയെ അതാത് ഗ്രാമ പഞ്ചായത്തിന് തെരെഞ്ഞെടുക്കാവുന്നതാണ്. പഞ്ചായത്ത് വിഹിതവും ഗുണഭോക്തൃ വിഹിതവും നിർവ്വഹണ ഏജൻസിക്കു കൈമാറി പദ്ധതി പ്രകാരമുള്ള വ്യക്തിഗത കണക്ഷനുകൾ ലഭ്യമാക്കാവുന്നതാണ്.

അരീക്കോട് ഗ്രാമ പഞ്ചായത്ത് കേരള വാട്ടർ അതാറിറ്റി മുഖേനയാണ് പദ്ധതി നടപ്പിലാക്കുന്നത്. ജൽജീവൻ മിഷന്റെ പദ്ധതി പ്രവർത്തനങ്ങൾക്കായി നിർവ്വഹണ ഏജൻസിക്കായി നൽകിയ ഫണ്ട് വിനിയോഗ വിവരം താഴെ കൊടുക്കുന്നു.

1) കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കുന്ന ജൽജീവൻ മിഷൻ പദ്ധതിക്കായി 1150000/- രൂപ ഗ്രാമപഞ്ചായത്ത് വിഹിതവും 750000/- രൂപ ഗുണഭോക്തൃ വിഹിതവും ഉൾപ്പെടെ 1900000/ രൂപ 2020-21 , 2021-22 വർഷങ്ങളിൽ നിർവ്വഹണ ഏജൻസിക്ക് കൈമാറിയിട്ടുണ്ട്.

2) 2022-23, 2023-24 വർഷങ്ങളിൽ ജൽജീവൻ മിഷൻ പദ്ധതിക്കായി ഗ്രാമപഞ്ചായത്ത് തുക വകയിരുത്തിയിട്ടില്ല. എന്നാൽ ഇതേ വർഷങ്ങളിൽ ഗുണഭോക്തൃ വിഹിതമിനത്തിൽ യഥാക്രമം 1498760 രൂപയും , 450301രൂപയും പിരിച്ചെടുത്തിട്ടുണ്ട്. എന്നാൽ ഈ തുക നാളിതുവരെ ആയി നിർവ്വഹണ ഏജൻസിക്കു കൈമാറിയിട്ടില്ല.പദ്ധതി പൂർത്തീകരിച്ചതിനാലാണ് തുക വകയിരുത്താത്തതെന്നാണ് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചത്.

3) ജൽജീവൻ മിഷൻ പദ്ധതിക്കായി പൊളിച്ച റോഡുകളുടെ പുനരുദ്ധാരണത്തിനായി കേരള വാട്ടർ അതോറിറ്റിയിൽ നിന്ന് നാളിതുവരെ ഫണ്ട് ലഭിച്ചിട്ടില്ല.

മറ്റു വിവരങ്ങൾ

അരീക്കോട് ഗ്രാമപഞ്ചായത്തിന്റെ ജൽജീവൻ മിഷൻ നിർവ്വഹണ സഹായ ഏജൻസിയായി തെരഞ്ഞെടുക്കപ്പെട്ടത് SHREYAS Wayanad എന്ന സ്ഥാപനമാണ്. ജൽജീവൻ പദ്ധതിയുടെ സുഗമമായ നടത്തിപ്പിനും പൂർത്തീകരണത്തിനുമായി ഗ്രാമപഞ്ചായത്ത് Implementation Support Agency(ISA) യുമായി ബന്ധപ്പെട്ട് നിർവ്വഹണ ഏജൻസികളുമായി ത്രികക്ഷി കരാറിൽ (ഗ്രാമപഞ്ചായത്ത്, ജില്ലാ കുടിവെള്ള ശുചിത്വമിഷൻ-DWSM, ISA) ഏർപ്പെടുന്നതിന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 21.01.2022ലെയും തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ്

ഡയറക്ടർ, മലപ്പുറം ന്റെ 30.01.2023ലെ ADP-MPM/76/2021-A3 നമ്പർ കത്തുകളിലൂടെ നിർദ്ദേശിക്കുകയും 10/11/2021 ലെ 3 (1) നമ്പർ തീരുമാനപ്രകാരം അരീക്കോട് ഭരണസമിതി തീരുമാനമെടുത്തിട്ടുണ്ടെങ്കിലും ടി സ്ഥാപനവുമായി കരാർ വെച്ചതിന്റെ രേഖകൾ പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല.

## 1-12 ഹെൽത്ത് ഗ്രാന്റ് വിനിയോഗവും ഫലപ്രാപ്തിയും- അവലോകനം

പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ നിർദ്ദേശ പ്രകാരം പ്രാഥമികാരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി 2021-22 വർഷം മുതൽ ഗ്രാമ പഞ്ചായത്തുകൾക്ക് ഹെൽത്ത് ഗ്രാന്റ് അനുവദിച്ചിരുന്നു. ഗ്രാമ പഞ്ചായത്തുകളിൽ ആരോഗ്യ കേന്ദ്രങ്ങളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് 3 സ്കീമുകളിലായാണ് തുക അനുവദിക്കുന്നത്. സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 16.05.2025 തീയതിയിലെ ഡി.കെ.എസ്.എ./201/PT1/2025 നമ്പർ കത്തിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 2024-25 വർഷത്തെ വാർഷിക ഓഡിറ്റിന്റെ ഭാഗമായി അരീക്കോട് ഗ്രാമ പഞ്ചായത്തിൽ 2021-22 മുതൽ 2024-25 വരെയുള്ള വർഷങ്ങളിൽ ഹെൽത്ത് ഗ്രാന്റുമായി ബന്ധപ്പെട്ട് ആവിഷ്ക്കരിച്ച പ്രോജക്ടുകളുടെയും, ചെലവഴിച്ച തുകകളുടെയും വിവരങ്ങൾ പരിശോധിച്ചു. സ്ഥാപനം ലഭ്യമാക്കിയ രേഖകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ അവലോകന റിപ്പോർട്ട് ചുവടെ ചേർക്കുന്നു .

2021-22 മുതൽ നാളിതു വരെ ലഭ്യമായ ഹെൽത്ത് ഗ്രാന്റിന്റെ വിവരം

| വർഷം | സ്കീം-1 | സ്കീം-3 | സ്കീം-4 | ആകെ |
|---|---|---|---|---|
| 2021-22 | Nil | 209200 | 111570 | 320770 |
| 2022-23 | Nil | 1045524 | 431022 | 1476546 |
| 2023-24 | Nil | 451812 | 691802 | 1143614 |
| 2024-25 | Nil | Nil | Nil | Nil |
| **ആകെ** | Nil | **1706536** | **1234394** | |

ഓരോ സ്കീമിലും നാളിതു വരെ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ

| വർഷം | സ്കീം-1 Health Grant Towards Buildingless Subcenters, PHCs & CHCs | സ്കീം-3 Health Grant Towards Support For Diagnostic Infrastructure To The PHCs | സ്കീം-4 Health Grant Towards Conversion Of PHCs And Subcentres In To Health And Wellness Centres | ആകെ |
|---|---|---|---|---|
| 2021-22 | Nil | Nil | Nil | Nil |
| 2022-23 | Nil | Nil | 85000 | 85000 |
| 2023-24 | Nil | 379761 | Nil | 379761 |
| 2024-25 | Nil | 924608 | 88113 | 1012721 |
| **ആകെ** | **Nil** | **1304369** | **173113** | **1477482** |

നാളിതു വരെ നടപ്പിലാക്കിയ പദ്ധതികളുടെ വിവരം.

| വർഷം | പ്രോജക്ട് നം. | പദ്ധതിയുടെ പേര് | ചെലവ് തുക | റിമാർക്സ് |
|---|---|---|---|---|
| 2022-23 | 305/23 | ആരോഗ്യ സ്ഥാപനങ്ങളിൽ രോഗ നിർണ്ണയ സൗകര്യങ്ങൾ ഒരുക്കൽ | 156447 | |
| | 306/23 | ലാബ് റീ- ഏജന്റും അനുബന്ധ വസ്തുക്കളും വാങ്ങൽ | 50000 | |
| 2023-24 | 374/24 | ലാബ് റീ- ഏജന്റും അനുബന്ധ വസ്തുക്കളും വാങ്ങൽ | 50000 | |
| | 375/24 | ആരോഗ്യ സ്ഥാപനങ്ങളിൽ രോഗ നിർണ്ണയ സൗകര്യങ്ങൾ ഒരുക്കൽ | 181221 | |
| | 403/24 | ആരോഗ്യ സ്ഥാപനങ്ങളിൽ രോഗ നിർണ്ണയ സൗകര്യങ്ങൾ ഒരുക്കൽ | 148540 | |
| | 475/25 | ആരോഗ്യ സ്ഥാപനങ്ങളിൽ രോഗ നിർണ്ണയ | 865018 | |

| | | | | |
|---|---|---|---|---|
| | | സൗകര്യങ്ങൾ ഒരുക്കൽ | | |
| 2024-25 | 568/25 | ആരോഗ്യ സ്ഥാപനങ്ങളിലും ഉപകേന്ദ്രങ്ങളിലും രോഗ നിർണ്ണയ സൗകര്യങ്ങൾ ഒരുക്കൽ | 59590 | |
| | 570/25 | ആരോഗ്യ സ്ഥാപനങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് വെൽനസ്സ് പ്രവർത്തനങ്ങൾ നടപ്പാക്കൽ | 88113 | |

ഗ്രാന്റ് വിനിയോഗ പുരോഗതി/ ഫലപ്രാപ്തി

ഹെൽത്ത് ഗ്രാന്റ് വിനിയോഗിച്ച് നടത്തിയ പ്രോജക്ടുകൾ പൊതുവെ തൃപ്തികരമായി നടപ്പാക്കിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിന് സ്വന്തമായി പി.എച്ച്.സി. ഇല്ല. പദ്ധതികൾ നടപ്പാക്കുന്നത് താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ഹോസ്പിറ്റൽ വഴിയാണ്. പ്രസ്തുത സ്ഥാപനം തന്നെയാണ് ബ്ലോക്ക് പഞ്ചായത്ത് ഫണ്ടുകളും വിനിയോഗിക്കുന്നത്. പ്രാദേശികമായി ആവശ്യമായ പ്രോജക്ടുകൾ ആവിഷ്കരിച്ച് സമയബന്ധിതമായി ഫണ്ട് വിനിയോഗിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-13 തൊഴിൽ നികുതി അടവാക്കാൻ അവശേഷിക്കുന്നു.

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിലെ സെക്ഷൻ 204 , 1996 ലെ കേരളാ പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ അറുപത് ദിവസത്തിൽ കുറയാതെ ഇടപാടു നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും ,ബിസിനസ് നടത്തുകയോ തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെടുകയോ പൊതുവായോ സ്വകാര്യമായോ ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ചുമത്താവുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതി രജിസ്റ്ററും റിട്ടേണുകളും പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1.തൊഴിൽ നികുതി അടവാക്കാൻ അവശേഷിക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനം | അടവാക്കാത്ത അർദ്ധവർഷം |
|---|---|---|
| 1 | പോസ്റ്റ് ഓഫീസ് ചെമ്രക്കാട്ടൂർ | 2nd |
| 2 | പവർ ഗ്രിഡ് Co-Op India | 2nd |
| 3 | പി ഡബ്ല്യൂയു ഡി ബിൽഡിംഗ് സെക്ഷൻ | 2nd |
| 4 | എം പീസ് പെട്രോളിയം | 2nd |

2. 2024-25 സാമ്പത്തിക വർഷത്തെ ലൈസൻസ് രജിസ്റ്റർ ,ILGMS ലെ ലൈസൻസ് അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ കൂടുതൽ ജീവനക്കാരുള്ളതായി അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും പ്രസ്തുത ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയതായി തൊഴിൽ നികുതി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ലൈസൻസ് അപേക്ഷ പ്രകാരം ജീവനക്കാരുടെ എണ്ണം | ലൈസൻസ് നമ്പർ |
|---|---|---|---|
| 1 | KPM ക്ലോത്ത് മാർട്ട് | 9 | 23/1218/2024/16.04.2024 |
| 2 | Manakkal Center For Cancer &Incurables | 9 | 147/1742/2024/05.05.2024 |
| 3 | കസവുകേന്ദ്ര | 30 | 316/3226/2024/10.06.2024 |
| 4 | സുധർമ ഡയഗ്നോസ്റ്റിക്സ് സെന്റർ | 4 | 159/1911/2024/05.05.2024 |
| 5 | ശാമിയ മെഡികെയർ | 4 | 423/4453/2024/12.09.2024 |

3. വിവിധ സ്ഥാപനങ്ങൾ സമർപ്പിക്കുന്ന തൊഴിൽ നികുതി റിട്ടേണുകൾ രജിസ്റ്ററിലെ ക്രമപ്രകാരം നമ്പറിട്ട് സൂക്ഷിക്കുന്നില്ല.

അപാകതക സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (24/23.06.2025) നൽകിയതിനെ തുടർന്ന് അപാകത 1 ലെ ക്രമനമ്പർ 1 സ്ഥാപനത്തിലെ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കുകയും(രശീതി നമ്പർ 25001786/24.06.24)

അവശേഷിക്കുന്ന സ്ഥാപനങ്ങൾക്ക് (അപാകത 2 ഉൾപ്പെടെയുള്ള) തൊഴിൽ നികുതി അടവാക്കുന്നതിനായി നോട്ടീസ് നൽകിയിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കി. തൊഴിൽ നികുതി അടവാക്കി വിവരം ലഭ്യമാക്കേണ്ടതും അപാകത 3 പരിഹരിച്ച് വിവരം അറിയിക്കേണ്ടതുമാണ്. തുടർ വർഷങ്ങളിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-14 പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വാടക കെട്ടിടങ്ങൾ -വാടക അടവാക്കാൻ അവശേഷിക്കുന്നു.

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ വാടകയ്ക്ക് കൊടുത്തതുമായി ബന്ധപ്പെട്ട രജിസ്റ്റർ, അനുബന്ധ രേഖകൾ എന്നിവ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. 16.12.2013 ലെ 143/2013-14(15) ആയി ഗ്രാമപഞ്ചായത്ത് അംഗീകരിച്ച ഷോപ്പിംഗ് കോംപ്ലക്സ് ബൈലോ ക്രമ നമ്പർ 16 പ്രകാരം മുറികളുടെ വാടക അതതു മാസം 5ാം തിയ്യതിക്കുമുമ്പ് അടവാക്കേണ്ടതും വീഴ്ച വരുത്തിയാൽ പിഴപലിശ സഹിതം ഈടാക്കേണ്ടതും അതിനും വീഴ്ച വരുത്തുന്ന സംഗതിയിൽ കൈവശക്കാരനെ അവിടെ നിന്നും ഒഴിവാക്കേണ്ടതുമാകുന്നു എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ, 2024-25 സാമ്പത്തിക വർഷത്തെ വാടക രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന റൂമുകളുടെ കൈവശക്കാർ വിവിധ മാസങ്ങളിൽ വാടക അടവാക്കാത്തതായി കാണപ്പെട്ടു.

| ക്രമ നം. | റൂം നം. | വാടകക്കാരന്റെ പേര് | വാടക തുക(ടാക്സ് ഒഴികെ) | 2024-25 ലെ വാടക കുടിശ്ശിക/ അടവാക്കാത്ത മാസങ്ങൾ |
|---|---|---|---|---|
| 1 | 6/1214 | വി.പി. ഭാസ്കരൻ S/O നാടിക്കുട്ടി | രജിസ്റ്ററിൽ ചേർത്തിട്ടില്ല | ലഭ്യമല്ല/04/24 To 03/25<br>Req.No.2024/8704/10 തിയതി 23.12.2024 പ്രകാരം 1,08,110 രൂപ റവന്യൂ റിക്കവറി നടപടി സ്വീകരിച്ചതായി രജിസ്റ്ററിൽ ചേർത്തിട്ടുണ്ട്. |
| 2 | 7/713 | പി അലിs/O ഇസ്മായീൽ | 2897 | 2897 (03/25) |
| 3 | 7/733 | മുഹമ്മദ് മുസ്തഫ കെ. വാഴയിൽ | 3232 | 6464(02/25,03/25) |
| 4 | 7/734 | മുഹമ്മദ് മുസ്തഫ കെ. വാഴയിൽ | 3232 | 6464(02/25,03/25) |
| 5 | 7/735 | മുഹമ്മദ് മുസ്തഫ കെ. വാഴയിൽ | 3232 | 6464(02/25,03/25) |
| 6 | 7/736 | മുസ്തഫ കെ കയനിക്കൽ | 4964 | 19856(12/24 -03/25) |
| 7 | 7/738 | ഏറിയാട്ട് റഷീദ് | 5571 | 50139(07/24-03/25) |
| 8 | 7/342 | സബ് ട്രഷറി | 2592 | 31104(04/24 To 03/23) |

2. 2024-25 വാർഷിക കണക്ക് B 15പ്രകാരം Rent Receivables From Building Current ഇനത്തിൽ 1,61,535 രൂപയും Rent Receivables From Building Arrear ഇനത്തിൽ 1,15,859 രൂപയും കുടിശ്ശിക ഉണ്ട്. ആയത് പൂർണ്ണമായും ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ഹാജരാക്കേണ്ടതാണ്.

3. വാടക രജിസ്റ്റർ പ്രകാരം ഒഴിഞ്ഞു കിടക്കുന്ന താഴെ പറയുന്ന നമ്പറുകളിലുള്ള കെട്ടിടങ്ങൾ ലേലം ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ഹാജരാക്കേണ്ടതാണ്.

| ക്രമ നം. | കെട്ടിട നം. |
|---|---|
| 1 | 6/1215 |
| 2 | 6/1216 |
| 3 | 6/1217 |
| 4 | 6/1218 |
| 5 | 6/1219 |
| 6 | 6/1220 |
| 7 | 6/1221 |
| 8 | 6/1222 |

| | |
|---|---|
| 9 | 7/707 |

അപാകത സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (10/20.06.2025) നൽകിയതിനെ തുടർന്ന് പട്ടിക 1 ലെ ക്രമ നമ്പർ 3-6 വരെയുള്ള കെട്ടിടത്തിന്റെ വാടക കുടിശ്ശിക അടവാക്കി രേഖകൾ ലഭ്യമാക്കി(23.06.2025 ലെ 25001768, 25001769, 25001770 , 24.06.2025 ലെ 25001785 നമ്പർ രശീതികൾ പ്രകാരം). അവശേഷിക്കുന്ന വാടക കുടിശ്ശിക അടവാക്കുന്നതിന് നോട്ടീസുകൾ നൽകിയിട്ടുണ്ടെന്നും അടവാക്കാത്ത പക്ഷം റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതാണെന്നും ഒഴിഞ്ഞ് കിടക്കുന്ന മുറികൾ 07.03.2025, 28.05.2025 എന്നീ തിയതികളിൽ നടന്ന ലേലത്തിൽ ആരും ലേലം കൊള്ളാത്തതാണെന്നും ഭാവിയിൽ പുനർലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി.

വാടക കുടിശ്ശിക പൂർണ്ണമായും അടവാക്കി വിവരം രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

## 1-15 ലേലത്തുക അടവാക്കാൻ അവശേഷിക്കുന്നു.

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വിവിധ ഇനങ്ങൾ 07.03.2024 ന് നടത്തിയ ലേലത്തിൽ "പഞ്ചായത്ത് ബസ് സ്റ്റാന്റിലെ തൂണുകളിൽ പരസ്യബോർഡ് സ്ഥാപിക്കൽ" എന്ന ഇനം ശ്രീ രാജു പറശ്ശേരിപറമ്പ് എന്ന വ്യക്തിക്ക് 11.03.2024 ലെ 4(5) നമ്പർ തീരുമാനപ്രകാരം ലേലം നൽകിയിട്ടുണ്ട്. എന്നാൽ ലേലത്തുക പൂർണ്ണമായും അടവാക്കിയില്ലായെന്ന് ബന്ധപ്പെട്ട രജിസ്റ്റർ പരിശോധിച്ചതിൽ വ്യക്തമായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ലേലത്തുക | 37500 + 6426(gst) |
| സെക്യൂരിറ്റി ഡെപ്പോസിറ്റ് | 10000 |

മേൽ തുക ഗ്രാമ പഞ്ചായത്തിൽ അടവാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ, സെക്യൂരിറ്റി ഡെപ്പോസിറ്റ് തുക ഡെപ്പോസിറ്റ് ഹെഡിൽ നിന്ന് ലേലം വരവിലേക്ക് മാറ്റിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ എന്നിവ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

2023-24 വർഷത്തെ ലേലം രജിസ്റ്റർ പരിശോധിച്ചതിൽ മേൽ ഇനത്തിൽ 18,333 രൂപ അടവാക്കാൻ അവശേഷിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. (ലേലം കൊണ്ട വ്യക്തി-ശ്രീ അൻവർ പൂവ്വത്തിങ്ങൽ). കൂടാതെ 2024-25 വാർഷിക കണക്ക് B15 പ്രകാരം ആകെ 38,333 രൂപ (2023-24 ലെ 18,333+OB-20,000,) ലേലം ഇനത്തിൽ കുടിശ്ശിക ഉണ്ട്. ആയത് അടവാക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ഹാജരാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (09/20.06.2025) കുടിശ്ശിക തുക അടവാക്കുന്നതിന് കത്ത് നൽകിയിട്ടുള്ളതാണെന്നും അടവാക്കുന്ന മുറക്ക് വിവരം അറിയിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. കുടിശ്ശിക പൂർണ്ണമായും അടവാക്കി വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-16 ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ -വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

1999 ലെ കേരളാ പഞ്ചായത്ത് രാജ് (ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ) ചട്ടങ്ങൾ, ചട്ടം 3 പ്രകാരം ഒരു ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ യാതൊരു ട്യൂട്ടോറിയൽ സ്ഥാപനവും സ്ഥാപിക്കുവാൻ പാടുള്ളതല്ലായെന്നും ചട്ടം 5 പ്രകാരം രജിസറ്റർ ചെയ്തിട്ടുള്ള ട്യൂട്ടോറിയൽ സ്ഥാപനത്തിന്റെ രജിസ്ട്രേഷൻ അടുത്ത സാമ്പത്തിക വർഷം ആരംഭിക്കുന്നതിനു മുമ്പായി പുതുക്കേണ്ടതുമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

ട്യൂട്ടോറിയൽ രജിസ്റ്റർ പരിശോധിച്ചതിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1)ഗ്രാമപഞ്ചായത്ത് 2023-24 ,2024-25 വർഷങ്ങളിലെ ട്യൂട്ടോറിയൽ രജിസ്റ്ററുകൾ പരിശോധിച്ചതിൽ 2023-24 വർഷം രജിസ്ട്രേഷൻ എടുത്തിട്ടുള്ള/ പുതുക്കിയിട്ടുള്ള ചുവടെ ചേർത്ത സ്ഥാപനങ്ങൾ 24-25 വർഷം രജിസ്ട്രേഷൻ പുതുക്കിയിട്ടില്ല എന്ന് ശ്രദ്ധയിൽപ്പെട്ടു.

| ക്രമ നം. | സ്ഥാപനം | 2023-24 വർഷത്തെ ഫയൽ നമ്പർ |
|---|---|---|
| 1 | മദേഴ്സ് കോളേജ് ഓഫ് പാരാമെഡിക്കൽ സയൻസ് | 7157/6.10.23 |
| 2 | വിവിഡ് കോച്ചിംഗ് സെന്റർ | 8107/20.11.23 |
| 3 | ന്യൂ വേണാട് അക്കാദമി അരീക്കോട് | 158/06.01.24 |
| 4 | ഇലക്ട്ര ടെക്നിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് | 2267/23.03.24 |
| 5 | ലിബാസ് ബിസിനസ്സ് സ്കൂൾ | 8916/19.12.23 |

മേൽ സ്ഥാപനങ്ങൾ 2024-25 വർഷത്തിൽ രജിസ്ട്രേഷൻ പുതുക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ഹാജരാക്കേണ്ടതാണ്.

മേൽ സ്ഥാപനങ്ങൾ കൂടാതെ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ ട്യൂട്ടോറിയൽ സ്ഥാപനങ്ങളും ചട്ടപ്രകാരം രജിസ്റ്റർ ചെയ്യുന്നതിന് ഗ്രമാപഞ്ചായത്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (40/25.06.25) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും മേൽ സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-17 പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്നു.

1997 ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങൾ പ്രകാരം ഇത്തരം പുതിയ സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങൾ

ചട്ടം 3(2) പ്രകാരമുള്ള 200/- രൂപ ഫീസ് അടവാക്കി രജിസ്റ്റർ ചെയ്യേണ്ടതും, നിലവിലുള്ള സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങൾ ചട്ടം 5(1) പ്രകാരം 50/- രൂപ ഫീസ് അടവാക്കി രജിസ്ട്രേഷൻ പുതുക്കേണ്ടതുമാണ്. ചട്ടം 8 പ്രകാരം, ചട്ടവിരുദ്ധമായി രജിസ്റ്റർ ചെയ്യാതെ ഒരു സ്വകാര്യ ആശുപത്രിയോ പാരാമെഡിക്കൽ സ്ഥാപനമോ നടത്തുകയോ പരിപാലിക്കുകയോ ചെയ്യുന്ന ഏതൊരാളും കുറ്റസ്ഥാപനത്തിൻമേൽ അയ്യായിരം രൂപ വരെയാകാവുന്ന പിഴ ശിക്ഷയും കുറ്റം തുടരുന്ന ഓരോ ദിവസത്തിനും ആയിരം രൂപ വരെയാകാവുന്ന അധിക പിഴ ശിക്ഷയും നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

2024-25 സാമ്പത്തിക വർഷത്തെ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ, ലൈസൻസ് രജിസ്റ്റർ എന്നിവ പരിശോധിച്ചത് പ്രകാരം താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഗ്രാമപഞ്ചായത്ത് ലൈസൻസ് അനുവദിച്ചിട്ടുണ്ടെങ്കിലും അവ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ ചെയ്തതായി കാണുന്നില്ല.

| ക്രമ നം. | ലൈസൻസിയുടെ പേര്/ സ്ഥാപനത്തിന്റെ പേര് | ലൈസൻസ് നമ്പർ |
|---|---|---|
| 1 | ഡോ. അഹ്മദ് ഇദ്രീസ് മനക്കൽ സെന്റർ ഫോർ ക്യാൻസർ ആൻഡ് ഇൻക്യുറബിൾസ്, ഉഗ്രപുരം | 147/1742/24/5.5.24 |
| 2 | അർഷൻ ടി കെ, ടി കെ ഡെന്റൽ കെയർ | 153/1826/24/5.5.24 |
| 3 | അബ്ദുസ്സലാം കെ , സുധർമ ഡയഗ്നോസ്റ്റിക് സെന്റർ | 159/1911/24/5.5.24 |
| 4 | ഡോ. അൽസാ, അൽസാസ് ആയുർവേദിക് ക്ലിനിക് | 225/2418/24/11.5.24 |
| 5 | അൻഷാദ് എൻകെ , സുധർമ സ്കാനിംഗ് സെന്റർ | 274/2756/24/21.5.24 |

മേൽ പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിൽ/രജിസ്ട്രേഷൻ പുതുക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ രേഖകൾ സഹിതം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (37/25.06.2025) ക്രമ നമ്പർ 1 പ്രകാരമുള്ള സ്ഥാപനം രജിസ്ട്രേഷൻ പുതുക്കിയിട്ടുള്ളതിന്റെ വിവരം ലഭ്യമാക്കി. അവശേഷിക്കുന്ന സ്ഥാപനങ്ങൾ രജിസ്ട്രേഷൻ ചെയ്തിട്ടുണ്ടെങ്കിൽ/ പുതുക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്. രജിസ്ട്രേഷൻ ചെയ്തിട്ടില്ലായെങ്കിൽ / പുതുക്കിയിട്ടില്ലെങ്കിൽ സ്ഥാപനങ്ങൾക്കെതിരെ ചട്ടപ്രകാരം നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-18 ടർഫുകൾക്ക് വസ്തു നികുതി-വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

ജി ഒ(P)No. 25/2023/LSGD തിയ്യതി 05.04.2023 -ലെ ക്രമ നമ്പർ 6d പ്രകാരം ടർഫുകൾക്ക് വസ്തു നികുതി ചുമത്തേണ്ടതാണെന്നും ടർഫുകൾക്ക് ചുമത്താവുന്ന കുറഞ്ഞതും കൂടിയതുമായ അടിസ്ഥാന വസ്തു നികുതി എത്രയാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. വസ്തു നികുതി പരിഷ്കരണം സംബന്ധിച്ച് അരീക്കോട് ഗ്രാമപഞ്ചായത്തിന്റെ 26.10.2023 ലെ A 5-3926/23 നമ്പർ വിജ്ഞാപനത്തിൽ ടർഫുകൾക്ക് 25 രൂപ അടിസ്ഥാന വസ്തു നികുതി നിശ്ചയിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്ത് പരിധിയിൽ ടർഫുകൾ പ്രവർത്തിക്കുന്നുണ്ടോയെന്നും അവക്ക് വസ്തു നികുതി നിർണ്ണയിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങളും ഓഡിറ്റിന് ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (41/25.06.2025) പഞ്ചായത്ത് പരിധിയിൽപ്പെടുന്ന ടർഫുകൾ കണ്ടെത്തി നികുതി ചുമത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-19 കെട്ടിടങ്ങളിലെ അനധികൃത നിർമ്മാണങ്ങൾ-വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്

2011 കേരളാ പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 17 (1) പ്രകാരം ഒരു കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിക്കപ്പെട്ടതിനുശേഷം കെട്ടിടത്തിന്റെ തറവിസ്തീർണ്ണത്തിലോ ഉപയോഗക്രമത്തിലോ കെട്ടിട ഉടമ വരുത്തുന്ന ഏതൊരു മാറ്റവും 30 ദിവസത്തിനകം രേഖാമൂലം സെക്രട്ടറിയെ അറിയിക്കേണ്ടതും പുതുക്കിയ വസ്തുനികുതി റിട്ടേൺ സമർപ്പിക്കേണ്ടതുമാണ്. 2023ലെ വസ്തു നികുതി പുതുക്കി നിർണ്ണയിക്കൽ സംബന്ധിച്ച, സ.ഉ(കൈ) നം. 77/2023/LSGD തിയതി 22.03.2023 നമ്പർ ഉത്തരവിലെ ക്രമ നമ്പർ 7 നിർദ്ദേശം പ്രകാരവും മേൽ കാര്യം വ്യകതമാക്കിയിട്ടുണ്ട്. മേൽ ഉത്തരവിലെ ക്രമ നം. 10 നിർദ്ദേശം പ്രകാരം കെട്ടിട ഉടമ വിവരം അറിയിച്ചാലും ഇല്ലെങ്കിലും കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി സോഫ്റ്റ് വെയറിൽ ചേർക്കേണ്ടതും ഈ വിവരങ്ങളുടെ അടിസ്ഥാനത്തിൽ മാറ്റം വന്ന കാലം മുതൽ നികുതി പുനർനിർണ്ണയിക്കേണ്ടതും ഇതിനാവശ്യമായ പരിശോധനകൾ 30.06.2023 ന് മുമ്പായി പൂർത്തീകരിക്കേണ്ടതുമാണ് എന്ന് വ്യക്തമാക്കിയിരുന്നതുമാണ്.

കേരളാ പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 ചട്ടം 21 പ്രകാരം ഒക്യുപൻസി സർട്ടിഫിക്കറ്റ് അനുവദിച്ച് 2 വർഷത്തിനു ശേഷം ഏത് സമയത്തും സെക്രട്ടറിക്ക് രണ്ട് നിലകൾ വരെയുള്ള വാസഗൃഹങ്ങൾ, 50 ച മീ വരെയുള്ള വാണിജ്യകെട്ടിടങ്ങൾ, ആരാധനാകെട്ടിടങ്ങൾ, G1, G2, I ഒക്യുപൻസികൾ എന്നിവ ഒഴികെയുള്ള കെട്ടിടങ്ങൾക്ക് പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്തേണ്ടതാണ് എന്ന് വ്യക്തമാക്കുകയും, തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 04.01.2019ലെ സർക്കുലർ നം. ആർ.എ്വ.1/20/2018-ത.സ്വ.ഭ.വ സർക്കുലർ പ്രകാരം ചട്ടപ്രകാരം കെട്ടിടങ്ങളുടെ പാർക്കിംഗിനായി നീക്കിവെച്ച സ്ഥലം മറ്റ് ആവശ്യങ്ങൾക്കായി ഉപയോഗപ്പെടുത്തുന്നില്ല എന്നത് പരിശോധനയിൽ ഉറപ്പാക്കാൻ ഒക്കുപ്പൻസി നൽകുമ്പോൾ കംപ്ലീഷൻ പ്ലാനിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് അപേക്ഷകന് നൽകേണ്ടതാണെന്ന് നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്.

കെട്ടിട നമ്പർ/ഒക്കുപ്പൻസി അനുവദിക്കപ്പെട്ട കെട്ടിടങ്ങളിലെ അനധികൃത നിർമ്മാണങ്ങൾ/മാറ്റങ്ങൾ കണ്ടെത്തി

യഥാസമയം തുടർനടപടി സ്വീകരിക്കേണ്ടത് സംബന്ധിച്ചാണ് മേൽ ചട്ടങ്ങളും സർക്കാർ ഉത്തരവുകളും സർക്കുലറും നിർദ്ദേശങ്ങളും വ്യക്തമാക്കിയിട്ടുള്ളത്. ആയവ പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ എത്ര കെട്ടിടങ്ങൾക്ക് ഫീൽഡ് പരിശോധന നടത്തി നികുതി പുനർനിർണ്ണയം നടത്തിയിട്ടുണ്ടെന്നും എത്ര കെട്ടിടങ്ങൾക്ക് പോസ്റ്റ് ഓഡിറ്റ് നടത്തിയിട്ടുണ്ടെന്നും, കെട്ടിടങ്ങൾക്ക് മാറ്റം വന്നിട്ടുള്ളതായി പരിശോധനയിൽ കണ്ടെത്തി തുടർനടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതും സംബന്ധിച്ച രേഖകളും വിവരങ്ങളും ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (15/22.06.25) കെട്ടിടങ്ങൾക്ക് ഫീൽഡ് തല പരിശോധന നടത്തിയിട്ടുള്ളതാണെന്നും ബാക്കിയുള്ള കെട്ടിടങ്ങൾക്ക് ഫീൽഡ് തല പരിശോധന നടത്തുന്ന വിഷയം പഞ്ചായത്ത് ഭരണസമിതിയുടെ പരിഗണനക്കായി അജണ്ട വെച്ചിട്ടുള്ളതാണെന്നും സോഫ്റ്റ്വെയറിൽ അപ്ഡേഷൻ വരുന്ന മുറക്ക് പോസ്റ്റ് ഓഡിറ്റ് നടത്തി ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന മറുപടി ലഭ്യമാക്കി. തുടർനടപടി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-20 വിദ്യാഭ്യാസ സ്ഥാപനത്തിലെ അനധികൃത കെട്ടിടങ്ങൾ-വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ചുവടെ ചേർത്ത വിദ്യാഭ്യാസ സ്ഥാപനത്തിന്റെ കെട്ടിട വിവരങ്ങൾ സഞ്ചയ സോഫ്റ്റ്വേറിൽ പരിശോധിച്ചത് പ്രകാരമുള്ള വിവരങ്ങൾ ചുവടെ പട്ടികയിൽ ചേർക്കുന്നു.

| | |
|---|---|
| കെട്ടിട ഉടമ/സ്ഥാപനം | മദാർ വനിതാ കോളേജ് ഉഗ്രപുരം |
| കെട്ടിട നമ്പർ, വിസ്തീർണ്ണം | 1/220, 302 ച.മീ (താഴത്തെ നില) |

(കുറിപ്പ്-സഞ്ചയ പ്രകാരം ഈ സ്ഥാപനത്തിന് ഈ കെട്ടിടത്തിന് മാത്രമാണ് നമ്പർ അനുവദിച്ചിട്ടുള്ളത്. നികുതി ഉപനികുതി എന്നിവ ഒഴിവാക്കപ്പെട്ട കെട്ടിടമാണ്. )
മേൽ സ്ഥാപനത്തിനത്തിന്റെ വെബ്സൈറ്റ് പരിശോധിച്ചതിൽ പ്രകാരം സ്ഥാപനം ഒന്നിലധികം നിലകളുള്ള കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത് എന്നു വ്യക്തമാണ്. ടി സ്ഥാപനത്തിലെ മേൽ കെട്ടിട നമ്പർ കൂടാതെയുള്ള വിദ്യഭ്യാസ ഗണത്തിലോ അല്ലാത്തതോ ആയുള്ള നിർമ്മിതികൾക്ക് ഗ്രാമപഞ്ചായത്തിൽ നമ്പർ അനുവദിച്ച് നികുതി നിർണ്ണയിച്ചതായോ ഗ്രാമപഞ്ചായത്ത് പെർമിറ്റ് അനുവദിച്ചതായോ ഉണ്ടെങ്കിൽ രേഖകൾ സഹിതം വിവരം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (31/25.06.25) മറുപടി ലഭ്യമാക്കിയിട്ടില്ല.
വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-21 വിവിധ വാർഡുകളിലെ വൈദ്യുതി പോസ്റ്റ് മാറ്റി സ്ഥാപിക്കൽ - വിനിയോഗ പൂർത്തീകരണ വിവരം ലഭ്യമല്ല

സെക്രട്ടറി നിർവ്വഹണം നടത്തിയ വിവിധ വാർഡുകളിലെ വൈദ്യുതി പോസ്റ്റ് മാറ്റി സ്ഥാപിക്കൽ എന്ന പദ്ധതിക്കായി താഴെപറയും പ്രകാരം KSEB അസി,എഞ്ചിനിയർ ഇലക്ട്രിക്കൽ സെക്ഷൻ അരീക്കോടിന്റെ F-5/ Works/24-25/22/12.6.24, F-5/Works/24-25/91/14.3.25നമ്പർ കത്തുകൾ പ്രകാരം ഓഡിറ്റ് വർഷം 90,869 രൂപ നൽകിയിട്ടുണ്ട് എന്നാൽ നാളിതുവരെ പ്രസ്തുത പ്രവൃർത്തി പൂർത്തീകരിച്ചതിന്റെ വിവരം ഫയലിൽ ലഭ്യമല്ല. വിശദ വിവരം ചുവടെ

| പ്രോജക്ട് | അടങ്കൽ | ചെലവ് | ബിൽ /വൗച്ചർ നമ്പർ/തീയതി |
|---|---|---|---|
| ഇലക്ക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ കെ.എസ്.ഇ.ബി.യിൽ തുക അടവാക്കൽ ( 83/25) | 300000 | 21864 | 22401329/17.03.25 |
| | | 69005 | 22401448/28.3.25 |
| | ആകെ | 90869 | |

സർക്കാർ ഉത്തരവ് (കൈ) 84/2022 ത.സ്വ.ഭ.വ തിയതി.19.4.22 പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 12.2.ഡി(iv) പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഡെപ്പോസിറ്റ് പ്രവർത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ വേണ്ട നടപടികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർ സ്വീകരിക്കേണ്ടതും നിക്ഷേപ പ്രവൃത്തികളുടെ പരോഗതി ഡി.പി.സി പ്രതിമാസം വിലയിരുത്തേണ്ടതും നിർവ്വഹണ ഏജൻസികൾക്ക് നിർദ്ദേശം നൽകേണ്ടതുമാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്ത് പ്രസ്തുത നിക്ഷേപ പ്രവൃത്തികളുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുകയോ പ്രവൃത്തിയുടെ പുരോഗതി വിവരം ആരായുകയോ ചെയ്തതായി കാണുന്നില്ല.പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതാണ്. ഈ വിഷയം ഉന്നയിച്ച് നൽകിയഓഡിറ്റ് എൻക്വയറി നമ്പർ 4/18.6.25 ന് നൽകിയ മറുപടിയിൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിനായി കെ.എസ്.ഇ.ബി.ക്ക് കത്ത് നൽകിയിട്ടുണ്ട് എന്ന് അറിയിച്ചു.വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. ആയത് ലഭ്യമാവുന്നത് വരെ ചെലവ് തുക 90869 രൂപ തടസ്സം ചെയ്യുന്നു.

## 1-22 സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ -പദ്ധതി നടത്തിപ്പിലെ അപാകതകൾ

കിഴിശ്ശേരി ഇലക്ട്രിക്കൽ സെക്ഷൻ അസി. എഞ്ചിനിയറുടെ 10.3.25 ലെ DB/Demand Notice / Street Light/Es KRI/2024-25/74 , F-5/Street Light/24-25/98/25.3.25 എന്ന കത്തുകളുടെ അടിസ്ഥാനത്തിൽ ഗ്രാമ പഞ്ചായത്തിലെ വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ സ്ഥാപിക്കുന്നതിനായി സെക്രട്ടറി നിർവ്വഹണം നടത്തിയ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുന്നതിനായി സ്ട്രീറ്റ് മെയിൻ വലിക്കലും മീറ്റർ സ്ഥാപിക്കലും ( 69/25) എന്ന പ്രോജക്ട് പ്രകാരം 25,52,541 രൂപ താഴെ പറയും പ്രകാരം കേരള സംസ്ഥാന വൈദ്യുതി ബോർഡിൽ നിക്ഷപിച്ചിട്ടുണ്ട്.

| ഫണ്ട് | അടങ്കൽ | ചെലവ് | ബിൽ /വൗച്ചർ നമ്പർ |
|---|---|---|---|
| വികസന ഫണ്ട് ജനറൽ | 379585 | 378684 | 2415095201120159199 0/19.3.25 |
| | | | |

| | | | |
|---|---|---|---|
| CFC | 2173967 | 49857 | XVFC/2024-25/P/58/30.3.25 |
| | | 2124000 | XVFC/2024-25/P/53/29.3.25 |
| | ആകെ | 2552541 | |

ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. സർക്കുലർ നമ്പർ ഡി.എ2/881/2018/ത.സ്വ.ഭ.വ തിയതി 28.12.2018 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഡെപ്പോസിറ്റ് പ്രവർത്തികൾക്ക് തുക നിക്ഷേപിക്കുന്നത് കൃത്യമായ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ മാത്രമായിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്ത് പ്രസ്തുത തുക കേരള സംസ്ഥാന വൈദ്യുതി ബോർഡിൽ നിക്ഷേപിച്ചതിനാധാരമായ വിശദമായ എസ്റ്റിമേറ്റ് ഫയലിൽ ലഭ്യമല്ല.

കിഴിശ്ശേരി ഇലക്ട്രിക്കൽ സെക്ഷൻ അസി. എഞ്ചിനിയറുടെ 25.3.25 ലെ F-5/ Street Light/24-25/98/ നമ്പർ കത്തിനോടൊപ്പം സമർപ്പിച്ച എസ്റ്റിമേറ്റ് പ്രകാരം കെ.എസ്.ഇ.ബിക്ക് പ്രസ്തുത പ്രവൃത്തിക്കായി ആവശ്യമായ തുക 21,73,857 രൂപയാണ് എന്നാൽ ഗ്രാമ പഞ്ചായത്ത് പ്രസ്തുത തുകയേക്കാളും അധികം തുക കെ.എസ്.ഇ.ബി ക്ക് നൽകിയതായി കാണുന്നു. വിശദ വിവരം ചുവടെ

| എസ്റ്റിമേറ്റ് പ്രകാരം ആവശ്യമായ തുക | നൽകിയത് | അധികം |
|---|---|---|
| 21,73,857 | 25,52,541 | 3,78,684 |

2. സർക്കാർ ഉത്തരവ് (കൈ)84/2022 ത.സ്വ.ഭ.വ തിയതി.19.4.22 പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 12.2.ഡി(iv) പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഡെപ്പോസിറ്റ് പ്രവർത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ വേണ്ട നടപടികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർ സ്വീകരിക്കേണ്ടതും നിക്ഷേപ പ്രവൃത്തികളുടെ പരോഗതി ഡി.പി.സി പ്രതിമാസം വിലയിരുത്തേണ്ടതും നിർവ്വഹണ ഏജൻസികൾക്ക് നിർദ്ദേശം നൽകേണ്ടതുമാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്ത് പ്രസ്തുത നിക്ഷേപ പ്രവൃത്തികളുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുകയോ പ്രവൃത്തിയുടെ പുരോഗതി വിവരം ആരായുകയോ ചെയ്തതായി കാണുന്നില്ല.

3. കേരള സംസ്ഥാന വൈദ്യുതി ബോർഡുമായി ഗ്രാമ പഞ്ചായത്ത് ഈ പദ്ധതിക്കായി ചമച്ച 19.3.25 ലെ കരാർ നമ്പർ വ്യവസ്ഥ 6 പ്രകാരം 2025 മാർച്ച് 31 നകം പ്രവർത്തി പൂർത്തീകരിച്ച് കേരള സംസ്ഥാന വൈദ്യുതി ബോർഡ് ഗ്രാമ പഞ്ചായത്തിന് വിനിയോഗസാക്ഷ്യപത്രം നൽകേണ്ടതായിരുന്നു. എന്നാൽ നാളിതുവരെ പ്രവൃത്തി പുർത്തീകരിച്ച് വിനിയോഗസാക്ഷ്യപത്രം നൽകിയിട്ടില്ല. ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 5/18.6.2025 ന് നൽകിയ മറുപടിയിൽ വിനിയോഗസാക്ഷ്യപത്രം ആവശ്യപ്പെട്ട് കെ.എസ്.ഇ.ബിക്ക് കത്ത് നൽകിയിട്ടുണ്ട് എന്നും 3,78,684 രൂപയുടെ എസ്റ്റിമേറ്റ് ലഭ്യമാക്കുന്നതാണ് എന്നും അറിയിച്ചു. അപാകതകൾ പരിഹരിക്കേണ്ടതാണ് ആയത് വരെ ചെലവ് തുക 25,52,541 രൂപ തടസ്സം ചെയ്യുന്നു.

## 1-23 ഇലക്ട്രിഫിക്കേഷൻ പദ്ധതി -നിർവ്വഹണത്തിലെ അപാകതകൾ

സെക്രട്ടറി നിർവ്വഹണം നടത്തിയ വിവിധ വൈദ്യുതീകരണ പദ്ധതികൾക്കായി താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്

| പ്രോജക്റ്റ് | അടങ്കൽ തുക | വിനിയോഗിച്ച തുക | വൗച്ചർനം/ തീയ്യതി |
|---|---|---|---|
| പാറമ്മൽ അങ്കണവാടി വൈദ്യുതീകരണം (413/25) | 100000 (തനത് ഫണ്ട്) | 99231 | 22401443/28.03.25 |
| ആലുക്കൽ കമ്യൂണിറ്റിഹാൾ വൈദ്യുതീകരണം (242/25) | 75000 (തനത് ഫണ്ട്) | 69272 | 22401393/25.03.25 |
| | ആകെ | 168503 | |

സ.ഉ (കൈ) നം 84/2022/ തസ്വഭവ തി.19.04.2022 പ്രകാരം തദ്ദേശ സ്വയം ഭരണ വകുപ്പ് ഏറ്റെടുത്തു നടത്തുന്ന ഇലക്ട്രിക്കൽ പ്രവൃത്തികളുടെ ടെണ്ടർ രേഖകൾ തയ്യാറാക്കുന്നതിനും എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും പ്രവൃത്തികളുടെ മേൽനോട്ടം വഹിക്കുന്നതിനും ചെക്ക് മെഷർ ചെയ്യുന്നതിനും LSGD എക്സി. എഞ്ചിനീയർ ഉൾപ്പെട്ടതും PWD, KSEB, Electrical Inspectorate എന്നിവിടങ്ങളിൽ നിന്ന് വിരമിച്ചവരുമായ യോഗ്യരായ എഞ്ചിനീയർമാരുടെ ഒരു പാനൽ (Technical Committee) ജില്ലാ ആസൂത്രണ സമിതി രൂപീകരിക്കേണ്ടതാണ്. LSGD എക്സി. എഞ്ചിനീയർ Technical Committee യുടെ കൺവീനർ ആയിരിക്കും. ഇലക്ട്രിക്കൽ പ്രവൃത്തികളുടെ സാങ്കേതിക അനുമതി ടെക്നിക്കൽ കമ്മിറ്റിയുടെ തീരുമാന പ്രകാരം കൺവീനർ അനുവദിക്കേണ്ടതാണ്. പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുക, ടെണ്ടർ രേഖകൾ തയ്യാറാക്കുക, പ്രവൃത്തികളുടെ മേൽനോട്ടം വഹിക്കുക, ബിൽ തയ്യാറാക്കുക എന്നിവക്ക് ടെക്നിക്കൽ കമ്മിറ്റിയുടെ സേവനം ഉപയോഗപ്പെടുത്താവുന്നതാണ്. പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് Technical Committee യിൽ നിന്നും ഒരു എഞ്ചിനീയറെ തദ്ദേശ സ്വയംഭരണ സ്ഥാപനം തെരഞ്ഞെടുക്കേണ്ടതും പ്രസ്തുത വ്യക്തിയുമായി കരാറിൽ ഏർപ്പെടേണ്ടതുമാണ്. കരാറിൽ ചുമതലകളും വ്യവസ്ഥകളും വ്യക്തമാക്കുകയും സമ്മത പത്രം വാങ്ങുകയും വേണം. എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് എഞ്ചിനീയർക്ക് എസ്റ്റിമേറ്റ് തുകയുടെ 0.5% തുക (കുറഞ്ഞത് 1000 രൂപ, പരമാവധി 50000 രൂപ) പ്രതിഫലം ആയി നൽകാവുന്നതാണ്. കൂടാതെ പ്രവൃത്തികളുടെ ടെണ്ടർ രേഖകൾ തയ്യാറാക്കുക, നിർവഹണ മേൽനോട്ടം വഹിക്കുക, അളവുകൾ രേഖപ്പെടുത്തുക, ബിൽ തയ്യാറാക്കുക എന്നിവക്ക് പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തുകയുടെ 1.5% തുക (കുറഞ്ഞത് 2000 രൂപ, പരമാവധി 20000 രൂപ) പ്രതിഫലം ആയി നൽകാവുന്നതാണ്. പ്രവൃത്തികളുടെ ചെക്ക് മെഷർമെന്റ് നടത്തുന്നതിനും ടെക്നിക്കൽ കമ്മിറ്റിയിലെ ഒരംഗത്തിന്റെ സേവനം ഉപയോഗപ്പെടുത്താവുന്നതാണ്. എന്നാൽ നിർവഹണ മേൽ നോട്ടം നടത്തി അളവുകൾ രേഖപ്പെടുത്തിയ അതേ അംഗത്തെ തന്നെ ചെക്ക് മെഷർ നടത്തുന്നതിന് നിയോഗിക്കാൻ പാടില്ല. ചെക്ക് മെഷർ ചെയ്യുന്നതിന് പ്രതിഫലമായി എസ്റ്റിമേറ്റ് തുകയുടെ 0.5% തുക (കുറഞ്ഞത് 1000 രൂപ, പരമാവധി 50000 രൂപ) നൽകാവുന്നതാണ്.

ഫയൽ പരിശോധിച്ചതിൽ ചുവടെ ചേർത്തിരിക്കുന്ന അപാകതകൾ കണ്ടെത്തി.

1). ഇലക്ട്രിക്കൽ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും പ്രവൃത്തികളുടെ മേൽനോട്ടം വഹിക്കുന്നതിനും തദ്ദേശ സ്വയം ഭരണ സ്ഥാപനം എഞ്ചിനിയറെ തെരഞ്ഞെടുത്തതായും കരാറിൽ ഏർപ്പെട്ടതായും കാണുന്നില്ല.

2). പാനൽ അംഗങ്ങളായി പ്രവർത്തിക്കുന്നവരിൽ നിന്ന് ടേംസ് ഓഫ് റഫറൻസ് നൽകി സമ്മതപത്രം വാങ്ങിയതായും കാണുന്നില്ല.

3)എസ്റ്റിമേറ്റ് തയ്യാറാക്കുക, ടെണ്ടർ രേഖകൾ തയ്യാറാക്കുക, പ്രവൃത്തികളുടെ മേൽനോട്ടം വഹിക്കുക, ബിൽ തയ്യാറാക്കുക, പ്രവൃത്തികളുടെ സാങ്കേതിക അനുമതി നൽകുന്നതിനുള്ള പരിശോധന നടത്തുക, പ്രവൃത്തികളുടെ ചെക്ക് മെഷർമെന്റ് നടത്തുക തുടങ്ങി ഒരു പ്രവൃത്തിയുമായി ബന്ധപ്പെട്ട എല്ലാ ചുമതലകളും സാങ്കേതികാനുമതിക്കായുള്ള പാനൽ (ശ്രീ. അബൂബക്കർ, ശ്രീ.അലികുന്നത്ത്, ശ്രീ.അബ്ദുൾ ഗഫൂർ കെ.എൻ.) ആണ് നടത്തിയിട്ടുള്ളത് . ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 6/2024-25/19.6.2025 ന് നൽകിയ മറുപടിയിൽ 2018-19 സമ്പത്തിക വർഷത്തിൽ കരാറിലേർപ്പെട്ടിട്ടുണ്ട് എന്ന് അറിയിച്ചു. കരാർ പുതുക്കി മറ്റ് അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-24 താഴത്ത്മുറി കളിസ്ഥല നിർമ്മാണത്തിന് സ്ഥലം വാങ്ങൽ -പദ്ധതി നടത്തിപ്പിലെ അപാകതകൾ

സെക്രട്ടറി നിർവ്വഹണം നടത്തിയ താഴത്ത്മുറി കളിസ്ഥല നിർമ്മാണത്തിന് സ്ഥലം വാങ്ങൽ എന്ന പദ്ധതിക്കായി 2005 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വസ്തു ആർജിക്കലും കയ്യൊഴിയലും ചട്ടങ്ങളിലെളിലെ ചട്ടം 3, ഉപ ചട്ടം 5 പ്രകാരം ഉഭയസമ്മതപ്രകാരമുള്ള വസ്തു ആർജിക്കൽ അടിസ്ഥാനപ്പെടുത്തി ഗ്രാമ പഞ്ചായത്തിൽ കളിസ്ഥലം നിർമ്മിക്കുന്നതിനായി സെന്റിന് 60,000 രൂപ നിരക്കിൽ വാർഡ് 15 ലെ ശ്രീ.മെയ്തീൻകുട്ടി ഹാജി (സർവ്വേ നമ്പർ 102/19-1, 11.13 ആർ), ശ്രീ.കുഞ്ഞറമു ഹാജി (സർവ്വേ നമ്പർ 102/18, 8.6 ആർ) ശ്രീമതി.മറിയം,മൈമൂന,ആയിഷ,സുമയ്യ എന്നിവരുടെ ഉടമസ്ഥതയിലുള്ള ഏറനാട് താലൂക്ക് അരീക്കോട് വില്ലേജ് 26.02 ആർ ഭൂമി (26.995 സെന്റ് )വാങ്ങുന്നതിനായി അഡ്വാൻസ് നൽകിയിട്ടുണ്ട്.

| പ്രോജക്ട് | അടങ്കൽ | ചെലവ് | വൗച്ചർ നമ്പർ |
|---|---|---|---|
| താഴത്ത്മുറി കളിസ്ഥല നിർമ്മാണത്തിന് സ്ഥലം വാങ്ങൽ (510/25) | 25,00,000 (10,00,000 തനത് ഫണ്ട്,10,00,000 ജില്ലാ പഞ്ചായത്ത് വിഹിതം, 5,00,000 ,ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 10,00,000 തനത് ഫണ്ട് | 22401450/28.03.25 |
| | ആകെ | 10,00,000 | |

ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. ജി.ഒ.പി നമ്പർ 18/98/ത.സ്വ.ഭ.വ തിയതി 12.01.98 പ്രകാരം വൻ പ്രചാരം നൽകി (ഏറ്റവും കുറഞ്ഞത് 3 ദിനപത്രത്തിൽ രണ്ട് പ്രദേശിക ദിനപത്രങ്ങളിലും പത്രപരസ്യം നൽകി ഒരു ദേശീയ ദിനപത്രത്തിലും) ഭൂമി വാങ്ങാൻ തയ്യാറുള്ളവരിൽനിന്നും അപേക്ഷ വാങ്ങണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട് , എന്നാൽ ഗ്രാമ പഞ്ചായത്ത് ഒരു പ്രാദേശിക പത്രത്തിൽ മാത്രമാണ് പരസ്യം നൽകിയിട്ടുള്ളത്.

2. തഹസിൽദാറുടെ 12.12.24 ലെ TLKERD/681/2024-B3 കത്ത്പ്രകാരം പ്രസ്തുത സ്ഥലത്തിന് ഒരു ആറിന് 1,31,113 രൂപയാണ് വിലനിശ്ചയിച്ചിട്ടുള്ളത്. സർക്കാർ ഉത്തരവ് (കൈ) നമ്പർ 115/2022 ത.സ്വ.ഭ.വ തിയതി 28.5.2022 ഖണ്ഡിക 8.1.4 പ്രകാരം റവന്യൂ വകുപ്പ് നിശ്ചയിക്കുന്ന ഭൂമി നൽകാൻ ഉടമസ്ഥർ തയ്യാറാകുന്നില്ലെങ്കിൽ നഷ്ട പരിഹാരം നൽകേണ്ട സാഹചര്യം വിശദീകരിച്ച്കൊണ്ട് ഭരണ സമിതി ഐക്യകണ്ഠേന പ്രമേയം പാസ്സാക്കി 30% വരെ സൊലേഷ്യം നൽകാവുന്നതാണ് എന്ന് നിർദേശിച്ചിട്ടുണ്ട്. എന്ന് നിഷ്കർഷിച്ചിട്ടുണ്ട് , എന്നാൽ ഗ്രാമ പഞ്ചായത്ത് ഇപ്രകാരം ഏകകണ്ഠമായ തീരുമാനം എടുത്തതിന്റെ മിനുട്സിന്റെ പകർപ്പ് ഫയലിൽ ലഭ്യമല്ല.

3)തദ്ദേശസ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടറുടെ അനുയോജ്യതാ സാക്ഷ്യപത്രം നമ്പർLSGD/JD/MPM/1088/2025-A9/22.03.25 പ്രകാരവും സ്പോർഡ്സ് കൗൺസിലിന്റെ 18.01.25 ലെ സാക്ഷ്യപത്ര പ്രകാരവും പ്രസ്തുത 26.02 ആർ ഭൂമി ചെരിഞ്ഞ്കിടക്കുന്ന ഭൂമി ആയതിനാൽ മണ്ണിടിച്ചിലിന് സാധ്യതയുണ്ടെന്നും ഇത്തരം സാഹചര്യങ്ങൾ പരിഗണിച്ച്കൊണ്ട് മാത്രമേ കളിസ്ഥല നിർമ്മാണ പ്രവർത്തികൾ ഏറ്റെടുക്കാവൂ എന്ന് നിർദ്ദേശിച്ചിരുന്നു. ആയത് പരിഗണിച്ചതായി കാണുന്നില്ല.

4) ഗ്രാമ പഞ്ചായത്ത് സ്ഥല ഉടമസ്ഥരുമായി 21.3.25 ന് ചമച്ച കരാർ പ്രകാരം 60 ദിവസത്തിനുള്ളിൽ റജിസ്ട്രേഷൻ നടപടി പൂർത്തിയാക്കുമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും നാളിതവരെ വാങ്ങിയ ഏറനാട് താലൂക്ക് അരീക്കോട് വില്ലേജ് 26.02 ആർ ഭൂമി ഗ്രാമ പഞ്ചായത്തിന്റെ പേരിൽ രജിസ്റ്റർ ചെയ്തിട്ടില്ല.

5) പ്രസ്തുത സ്ഥലം വാങ്ങുന്നതിനായി 10 ലക്ഷം രൂപ ജില്ലാ പഞ്ചായത്ത് വിഹിതമായും, 5ലക്ഷം രൂപ ബ്ലോക്ക് പഞ്ചായത്ത് വിഹിതമായും വകയിരുത്തിയിട്ടുണ്ടെങ്കിലും നാളിതുവരെ പ്രസ്തുത തുക ലഭ്യമാക്കിയിട്ടില്ല.

6) ഗ്രാമ പഞ്ചായത്ത് വാങ്ങിയ ഏറനാട് താലൂക്ക് അരീക്കോട് വില്ലേജ് 26.02 ആർ ഭൂമി നാളിതുവരെ അതിർത്തി നിർണ്ണയിച്ച് മതിൽകെട്ടി സംരക്ഷിച്ചിട്ടില്ല.
ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 7/2024-25/19.6.2025 ക്ക് നൽകിയ മറുപടിയിൽ രജിസ്ററർ ചെയ്യാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചു. അപാകതകൾ പരിഹരിച്ച് ഭൂമി ഗ്രാമ പഞ്ചായത്തിന്റെ പേരിൽ രജിസ്റ്റർ ചെയ്ത് വിവരം അറിയിക്കേണ്ടതാണ്. ആയത് വരെ ചെലവ് തുക 10,00,000 രൂപ തടസ്സം ചെയ്യുന്നു.

## 1-25 ഒരേ കേസ് അറ്റന്റ് ചെയ്ത വകയിൽ വക്കീൽ ഫീസ് രണ്ട് തവണ അനുവദിച്ചു

ILGMS വൗച്ചർ പരിശോധനയിൽ അഡ്വേക്കേറ്റ് മുഹമ്മദ് നൗഷിക്ക് കേസ് ഫയൽ നമ്പർ WP(C) 37492 Of 2023 ക്ലോസ് ചെയത് 15.01.2024 ന് FM/01/2024 നമ്പർ കത്ത് പ്രകാരം 15000 രൂപ അനുവദിക്കുന്നതിനായി അപേക്ഷ സമർപ്പിക്കുകയും 27.11.2023 ന് ഹൈകോടതിയിൽ കേസ് അറ്റന്റ് ചെയ്ത വകയിൽ 2023-24 വർഷത്തിൽ 15000 രൂപ അനുവദിക്കുയും

ചെയ്തിട്ടുണ്ട്.എന്നാൽ തുടർന്ന് 2024-25 വർഷത്തിൽ ഇതേ അപേക്ഷയിൽ (15.01.2024 ന് FM/01/2024 ) വീണ്ടും 15000 രൂപ വക്കീൽ ഫീസ് അനുവദിച്ചതായി കാണുന്നു.വിശദ വിവരം ചുവടെ

| വക്കിൽ/കേസ് | അനുവദിക്കാവുന്ന തുക | അനുവദിച്ചത് | വൗച്ചർ നമ്പർ | അധികം |
|---|---|---|---|---|
| അഡ്വേക്കേറ്റ്മുഹമ്മദ് നൗഷിക്ക് WP(C) 37492 Of 2023/27.11.2023 | 15000 | 15000 | 22301055/ 16.02.2024 | 15000 |
| | | 15000 | 22400342/ 23.7.24 | |
| | ആകെ | 30,000 | | 15000 |

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 39/25.6.25 ന് മറുപടി നൽകിയിട്ടില്ല. ഇൻവോയ്സ് പ്രകാരം ആവശ്യപ്പെട്ട 15000 രൂപക്ക് പകരം രണ്ട് സാമ്പത്തിക വർഷങ്ങളിൽ ആകെ 30,000 രൂപ അനുവദിക്കുക വഴി ഗ്രാമ പഞ്ചായത്തിനുണ്ടായ നഷ്ടം 15000 രൂപ ബന്ധപ്പെട്ട സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-26 തെരുവ് വിളക്ക് സ്ഥാപിക്കൽ- പദ്ധതി നടത്തിപ്പിലെ അപാകതകൾ

സെക്രട്ടറി നിർവ്വഹണം നടത്തിയ തെരുവ് വിളക്ക് സ്ഥാപിക്കൽ എന്ന പദ്ധതിയിൽ പഞ്ചായത്തിലെ വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുന്നതിനായി ടെണ്ടർ മുഖേന ( 1 എണ്ണം സ്ഥാപിക്കുന്നതിന് 1144 രൂപ) അമാസ് പവർ കോൺട്രാക്ടേഴ്സ്, ചുങ്കം, ഫറോക്ക് എന്ന സ്ഥാപനത്തിൽ നിന്നും 874 LED ബൾബുകൾ സ്ഥാപിക്കുന്നതിനായി താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| പ്രോജക്ട് | അടങ്കൽ | ഇൻവോയ്സ് | വൗച്ചർ നമ്പർ | ചെലവഴിച്ച തുക |
|---|---|---|---|---|
| തെരുവ്വിളക്ക് സ്ഥാപിക്കൽ (So 244/25) | 849000 CFC | A36/2023-24/30.3.24 | 22401216/27.2.25 | 849000 |
| | 151000 തനത് ഫണ്ട് | AM35/2024-25/7.2.25 | 22401205/24.2.25 | 150856 |
| | 10,00,000 | | ആകെ | 9,99,856 |

ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1.ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത സ്ഥാപനത്തിന് ടെണ്ടർ നൽകിയില്ല. 3,09,396 രൂപ അധിക ചെലവ്.

സർക്കാർ ഉത്തരവ് (പി) 3/2013/SPD തിയതി. 21.8.2013 ന് വിരുദ്ധമായി പ്രൊക്യുർമെന്റ് കമ്മറ്റി മിനുട്സിൽ വ്യക്തമായ കാരണം രേഖപ്പെടുത്താതെ ഗുണനിലവാരം ഇല്ല എന്ന് രേഖപ്പെടുത്തി, എപ്രകാരമാണ് ഗുണനിലവാരം പരിശോധിച്ചത് എന്ന് രേഖപ്പെടുത്താതെ, ഏറ്റവും കുറഞ്ഞ നിരിക്ക് ക്വാട്ട് ചെയ്ത് അബ്ദുൾ ജലീൽ( 790- LI ), പൈലി കെ.വി( 949-L2), ഷൈൻ ഇലക്ട്രിക്കൽ (990-L3) എന്നീ സ്ഥാപനങ്ങളെ ഒഴിവാക്കി കൂടുതൽനിരക്ക് ക്വാട്ട് ചെയ്ത (L4-1144) അമാസ് പവർ കോൺട്രാക്ടേഴ്സ് എന്ന സ്ഥാപനത്തെ തെരഞ്ഞെടുത്തത് വഴി താഴെ പറയും പ്രകാരം അധിക ചെലവുണ്ടായി.

| നൽകേണ്ടത് | നൽകിയത് | അധികം |
|---|---|---|
| 6,90,460 (874 X 790) | 9,99,856 (874 X1144) | 3,09,396 |
| | ആകെ | 3,09,396 |

2) തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ 15.09.2011 ലെ 3055/ ഡി.എ3/ 2011 /തസ്വഭവ സർക്കുലറിലെ പൊതുവിവരണം ഖണ്ഡിക എച്ച്- പ്രകാരം കേരളാ സ്റ്റേറ്റ് ഇലക്ടിസിറ്റി ബോർഡിന്റെ അംഗീകാരമില്ലാതെ കരാറുകാരനോ തദ്ദേശസ്വയംഭരണ സ്ഥാപനമോ പുതുതായോ സ്ഥിരമായോ തെരുവ് വിളക്കനുബന്ധിത വസ്തുക്കൾ സ്ഥാപിക്കാൻ പാടുള്ളതല്ല. എന്നാൽ ഗ്രാമ പഞ്ചായത്ത് LED ബൾബുകൾ സ്ഥാപിക്കൽ എന്ന പദ്ധതി നടപ്പിലാക്കിയത് കേരളാ സ്റ്റേറ്റ് ഇലക്ടിസിറ്റി ബോർഡിന്റെ അനുമതി വാങ്ങാതെയാണ്.
തദ്ദശ സ്വയംഭരണ വകുപ്പ് വികേന്ദ്രീകൃതാസൂത്രണ സമിതിയുടെ സംസ്ഥാനതല കോർഡിനേഷൻ കമ്മറ്റിയുടെ (303/2021/SRG/LSGD/(C.C) (1)) 14.7.2021 ൽ നടന്ന യോഗത്തിലെ തീരുമാനം നമ്പർ (3-7) ൽ അക്രഡിറ്റഡ് എജൻസികൾ ബന്ധപ്പെട്ട വകുപ്പിന്റെ മേൽനോട്ടത്തിലല്ലാതെ പദ്ധതികൾ നേരിട്ട് ഏറ്റെടുത്ത് നടത്തുന്നത് നിയമവിരുദ്ധമാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

3) പദ്ധതി നിർവ്വഹണം നടത്തുന്നതിന് മുമ്പ് ഗ്രാമ പഞ്ചായത്തിൽ നിലവിൽ പ്രവർത്തിക്കുന്നതും പ്രവർത്തനരഹിതവുമായ തെരുവ് വിളക്കുകളുടെ വിവരം (കെ എസ് ഇ ബി പോസ്റ്റിന്റെ നമ്പർ, വാട്സ്, വാർഡ് നമ്പർ വിളക്കിന്റെ തരം തുടങ്ങി വിവരങ്ങൾ ഉൾപ്പെടെ) ശേഖരിച്ചിട്ടില്ല.

4) അമാസ് പവർ കോൺട്രാക്ടേഴ്സ് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിക്ക് നൽകിയ ഇൻവോയ്സ് പ്രകാരമാണ് തുക അനുവദിച്ചിട്ടുള്ളത് .കരാർ പ്രകാരം ഗ്രാമ പഞ്ചായത്ത് നിശ്ചയിക്കുന്ന സ്ഥലത്ത് ബൾബുകൾ സ്ഥാപിച്ചാൽ മാത്രമാണ് തുക അനുവദിക്കേണ്ടത്. എന്നാൽ ബൾബുകൾ സ്ഥാപിക്കുന്നതിനു മുൻപ് തന്നെ തുക അനുവദിച്ചതായി കാണുന്നു.

5) സർക്കാർ കത്ത് നം.ജി2-44274/2015 തി. 17.08.15 പ്രകാരം വാങ്ങുന്ന ഉപകരണങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കണം. കേടായ സാധനങ്ങൾ ആതാത് ദിവസം തന്നെ തിരികെ കൊണ്ടുവന്ന് Register Of Unserviceable Items ൽ ചേർക്കണം. ഒരു Maintainace Register സെക്രട്ടറി സൂക്ഷിക്കണം ആയതിന്റെ കൃത്യത ഉറപ്പാക്കണം. ആയത് പാലിച്ചിട്ടില്ല.

6) കേരളാ സ്റ്റേറ്റ് ഇലക്ടിസിറ്റി ബേർഡിന്റെ പൂത്തീകരണ സാക്ഷ്യ പത്രം, ഇൻസ്റ്റലേഷൻ റിപ്പോർട്ട് എന്നിവ ഇല്ലാതെയാണ് മേൽസൂചിപ്പിച്ച പ്രോജക്ടുകൾക്ക് തുക അനുവദിച്ചിട്ടുള്ളത്.

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 11/20.6.2025) നൽകിയ മറുപടിയിൽ പൂർത്തീകരണ

സാക്ഷ്യപത്രം ഹാജരാക്കുന്നതാണ് എന്ന് അറിയിച്ചു. പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കേണ്ടതും മറ്റ് അപാകതകൾ പരിഹരിക്കേണ്ടതുമാണ്. പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കുന്നത് വരെ 9,99,856 രൂപ തടസ്സം ചെയ്യുന്നു.

## 1-27 തെരുവ് വിളക്ക് സ്ഥാപിക്കൽ- ചെയ്യാത്ത പ്രവൃത്തിക്ക് തുക നൽകി

സെക്രട്ടറി നിർവ്വഹണം നടത്തിയ തെരുവ് വിളക്ക് സ്ഥാപിക്കൽ എന്ന പദ്ധതിയിൽ ഗ്രാമ പഞ്ചായത്തിലെ വിവിധ വാർഡുകളിൽ സ്ടീറ്റ് ലൈറ്റ് സ്ഥാപിക്കുന്നതിനായി ടെണ്ടർ മുഖേന ( 1 എണ്ണം സ്ഥാപിക്കുന്നതിന് 1250 രൂപ) അമാസ് പവർ കോൺട്രാക്ടേഴ്സ് ,ചുങ്കം ,ഫറോക്ക് എന്ന സ്ഥാപനത്തിൽ നിന്നും 1040 LED ബൾബുകൾ സ്ഥാപിക്കുന്നതിനായി താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| പ്രോജക്ട് | അടങ്കൽ | ഇൻവോയ്സ് | വൗച്ചർ നമ്പർ | ചെലവഴിച്ച തുക |
|---|---|---|---|---|
| തെരുവ് വിളക്ക് സ്ഥാപിക്കൽ (80/25) | 13,00,000 CFC | AM48/2024-25/27.3.25 (20 W Streetlight Installation) (1250 X1040=13,00,000) | XVFC/24-25/ P/58/28.3.25 | 8,18,000 |
| | | | IT | 26000 |
| | | | Retention | 1,30,000 |
| | | | GST | 26000 |
| ആകെ | 13,00,000 | | | 10,00,000 |

ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. ഈ പദ്ധതിയുമായി ബന്ധപ്പെട്ട 27.3.2025 ന് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയും അമാസ് പവർ കോൺട്രാക്ടേഴ്സും ചമച്ച 8/2025 നമ്പർ കരാറിൽ സാക്ഷികൾ ഒപ്പുവെക്കുകയോ പ്രവൃത്തിയുടെ നടത്തിപ്പ്, വാറന്റി, പൂർത്തീകരണം എന്നിവ സംബന്ധിച്ച വ്യവസ്ഥകൾ രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല.

2. അമാസ് പവർ കോൺട്രാക്ടേഴ്സ് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിക്ക് നൽകിയ ഇൻവോയ്സ് പ്രകാരമാണ് തുക അനുവദിച്ചിട്ടുള്ളത് . എന്നാൽ ബൾബുകൾ സ്ഥാപിക്കുന്നതിനു മുമ്പ് തന്നെ ഗ്രാമ പഞ്ചായത്ത് മെമ്പർമാരുടെ സാക്ഷ്യപത്രം , കേരളാ സ്റ്റേറ്റ് ഇലക്ടിസിറ്റി ബോർഡിന്റെ പൂർത്തീകരണ സാക്ഷ്യ പത്രം എന്നിവ ലഭ്യമാക്കാതെയാണ് തുക അനുവദിച്ചിട്ടുള്ളത്. ആയതിനാൽ പ്രസ്തുത പ്രവൃത്തി നടപ്പിലാക്കിയിട്ടുണ്ടോ എന്ന് വ്യക്തമല്ല.

3.ഏറ്റവും കുറഞ്ഞ നിരക്ക് കാട്ട് ചെയ്ത സ്ഥാപനത്തിന് ടെണ്ടർ നൽകിയില്ല

സർക്കാർ ഉത്തരവ് (പി) 3/2013/SPD തിയതി. 21.8.2013 ന് വിരുദ്ധമായി പ്രൊക്യുർമെന്റ് കമ്മറ്റി മിനുട്സിൽ വ്യക്തമായ കാരണം രേഖപ്പെടുത്താതെ ഗുണനിലവാരം ഇല്ല എന്ന് രേഖപ്പെടുത്തി എപ്രകാരമാണ് ഗുണനിലവാരം പരിശോധിച്ചത് എന്ന് രേഖപ്പെടുത്താതെ ഏറ്റവും കുറഞ്ഞ നിരിക്ക് ക്വാട്ട് ചെയ്ത എ.കെ എഞ്ചിനിയറിംഗ് കമ്പനി (1238-L1) എന്നീ സ്ഥാപനങ്ങളെ ഒഴിവാക്കി കൂടുതൽനിരക്ക് ക്വാട്ട് ചെയ്ത (L2-1288 പിന്നീട് നെഗോഷിയേഷൻ മുഖേന 1250 ന് നൽകാമെന്ന് സ്ഥാപനം അറിയിച്ചു 1250 X1040) അമാസ് പവർ കോൺട്രാക്ടേഴ്സ് എന്ന സ്ഥാപനത്തെ തെരെഞ്ഞെടുത്തു.

4) തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ 15.09.2011 ലെ 3055/ ഡി.എ3/ 2011 /തസ്വഭവ സർക്കുലറിലെ പൊതുവിവരണം ഖണ്ഡിക എച്ച്- പ്രകാരം കേരളാ സ്റ്റേറ്റ് ഇലക്ടിസിറ്റി ബോർഡിന്റെ അംഗീകാരമില്ലാതെ കരാറുകാരനോ തദ്ദേശസ്വയംഭരണ സ്ഥാപനമോ പുതുതായോ സ്ഥിരമായോ തെരുവ് വിളക്കനുുബന്ധിത വസ്തുക്കൾ സ്ഥാപിക്കാൻ പാടുള്ളതല്ല. എന്നാൽ ഗ്രാമ പഞ്ചായത്ത് തെരുവ് വിളക്ക് സ്ഥാപിക്കൽ എന്ന പദ്ധതി നടപ്പിലാക്കിയത് കേരളാ സ്റ്റേറ്റ് ഇലക്ടിസിറ്റി ബോർഡിന്റെ അനുമതി വാങ്ങാതെയാണ്.
തദ്ദശ സ്വയംഭരണ വകുപ്പ് വികേന്ദ്രീകൃതാസൂത്രണ സമിതിയുടെ സംസ്ഥാനതല കോർഡിനേഷൻ കമ്മറ്റിയുടെ (303/2021/SRG/LSGD/(C.C) (1)) 14.7.2021 ൽ നടന്ന യോഗത്തിലെ തീരുമാനം നമ്പർ (3-7) ൽ അക്രഡിറ്റഡ് ഏജൻസികൾ ബന്ധപ്പെട്ട വകുപ്പിന്റെ മേൽലോട്ടത്തില്ലാതെ പദ്ധതികൾ നേരിട്ട് ഏറ്റെടുത്ത് നടത്തുന്നത് നിയമവിരുദ്ധമാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

5) സർക്കുലർ നമ്പർ 3055/ഡി.എ 3/2011 തിയതി 15.09.2011 സർക്കുലർ പ്രകാരം കെ.എസ്.ഇ.ബി യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി തെരുവ് വിളക്കുകളുടെ വിവരശേഖരണം നടത്തേണ്ടതാണ് എന്ന് നിർദ്ദേശമുണ്ടെങ്കിലും ആയത് പാലിക്കാതെയാണ് പ്രവൃർത്തികൾ നടത്തിയിട്ടുള്ളത്. പദ്ധതി നിർവ്വഹണം നടത്തുന്നതിന് മുൻപ് ഗ്രാമ പഞ്ചായത്ത്ിൽ നിലവിൽ പ്രവർത്തിക്കുന്നതും പ്രവർത്തനരഹിതവുമായ തെരുവ് വിളക്കുകളുടെ വിവരം(കെ എസ് ഇ ബി പോസ്റ്റിന്റെ നമ്പർ,വാട്സ്,വാർഡ് നമ്പർ വിളക്കിന്റെ തരം തുടങ്ങി വിവരങ്ങൾ ഉൾപ്പെടെ) ശേഖരിച്ചിട്ടില്ല.

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 26/23.6.2025 പ്രവൃത്തി ആരംഭിച്ചതായി മറുപടി നൽകിയെങ്കിലും എക്സിറ്റ് മീറ്റിംഗിൽ സ്ട്രീറ്റ് മെയിൻ പൂർത്തീകരിക്കാത്തതിനാലാണ് പ്രവൃത്തി വൈകുന്നത് എന്നും പ്രവൃത്തി ആരംഭിച്ചിട്ടുണ്ട് എന്നും ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് അറിയിച്ചു. പ്രവൃത്തി ആരംഭിക്കാതെ അഡ്വാൻസായി തുക നൽകിയത് ക്രമ പ്രകാരമല്ല.പ്രവൃത്തി വൈകി പൂർത്തീകരിച്ചതിന് കരാർതുകയുടെ 10% പിഴ ഈടാക്കേണ്ടതും ,പൂർത്തീകരിക്കാത്ത പ്രവൃത്തിക്ക് അഡ്വാൻസായി നൽകിയ 10,00,000 രൂപ 18% പലിശ സഹിതം അമാസ് പവർ കോൺട്രാക്ടേഴ്സിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. ആയത് വരെ ചെലവ് തുക 10,00,000 രൂപ തടസ്സം ചെയ്യുന്നു.

## 1-28 പി.എം.എ.വൈ വിഹിതം നൽകൽ - വിനിയോഗ വിവരം ലഭ്യമല്ല

സെക്രട്ടറി നിർവ്വഹണം നടത്തിയ പി.എം.എ.വൈ വിഹിതം നൽകൽ എന്ന പദ്ധതിക്കായി താഴെപറയും പ്രകാരം അരീക്കോട് ബ്ലോക്ക് പഞ്ചായത്തിന് തുക നൽകിയിട്ടുണ്ട് എന്നാൽ വിനിയോഗ വിവരം ഫയലിൽ ലഭ്യമല്ല. വിശദ വിവരം ചുവടെ

| പ്രോജക്ട് | അടങ്കൽ | ചെലവ് | ബിൽ |
|---|---|---|---|

| | | | |
|---|---|---|---|
| | | | നമ്പർ |
| പി.എം.എ.വൈ ഗുണഭോക്താക്കൾക്ക് ഗ്രാമ പഞ്ചായത്ത് വിഹിതം നൽകൽ ജനറൽ (62/25) | 2,10,000 (വികസനഫണ്ട് ജനറൽ ) | 2,10,000 | 526/12.03.2025 |
| | ആകെ | 2,10,000 | |

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 28/23.6.2025 ന് നൽകിയ മറുപടിയോടൊപ്പം ഹാജരാക്കിയ വിനിയോഗ സാക്ഷ്യപത്ര പ്രകാരം ആർക്കാണ് പ്രസ്തുത തുക നൽകിയത് എന്ന് വ്യക്തമല്ല. വിശദമായ വിനിയോഗവിവരം ലഭ്യമാക്കേണ്ടതാണ്.

## 1-29 പഞ്ചായത്ത് ഓഫീസ് നവീകരണം-നിർവ്വഹണത്തിലെ അപാകതകൾ

സെക്രട്ടറി നിർവ്വഹണം നടത്തിയ പഞ്ചായത്ത് ഓഫീസ് നവീകരണം എന്ന പദ്ധതിയിൽ ടെണ്ടർ നടപടികൾ കൂടാതെ അക്രഡിറ്റഡ് ഏജൻസിയായ ARTCO Ltd കോഴിക്കോട് മുഖേന പഞ്ചായത്ത് ഓഫീസ് ഫർണ്ണിഷിംഗ്, സീലിംഗ്, ഫർണ്ണിച്ചർവാങ്ങൽ എന്നീ പ്രവൃത്തികൾ നടത്തിയതിന്, ARTCO ഇൻവോയ്സ് സമർപ്പിച്ചിരുന്നു. എന്നാൽ പ്രസ്തുത ഇൻവോയ്സ് പ്രകാരമുള്ള മുഴുവൻ ഫർണ്ണിച്ചറുകളും സപ്ലൈ ചെയ്യാത്തതിനാലും, ARTCO ഗ്രാമ പഞ്ചായത്തിൽ സ്ഥാപിച്ച പല ഫർണ്ണിച്ചറുകളും സ്ഥാപിച്ച് രണ്ടു വർഷത്തിനുള്ളിൽ കേടുപാടുകൾ സംഭവിച്ചതിനാലും, 2022-23 വർഷത്തിൽ പാർട്ട് ബിൽ മാത്രമാണ് അനുവദിച്ചിരുന്നത്. തുടർന്ന്, ARTCOയുടെ 15.04.2024 ലെ ARTCO/LN/22-24 നമ്പർ വക്കീൽ നോട്ടീസ് ലഭിച്ചതിനാൽ, LIED അസി. എഞ്ചിനിയറുടെ 25.05.2024 ലെ A1/AE/AKD/ 24-25 കത്ത് പ്രകാരവും, ഗ്രാമ പഞ്ചായത്ത് കമ്മറ്റിയുടെ 3.6.24 ലെ3(1)/2024 നമ്പർ തീരുമാന പ്രകാരവും, കേടായ ഫർണ്ണിച്ചറുകൾ അറ്റകുറ്റപണി/ പുനസ്ഥാപിച്ച് നൽകുന്ന മുറക്ക് മാത്രമേ റിടെൻഷൻ തുകയായ 2,73,174 രൂപ നൽകാവൂ എന്ന വ്യവസ്ഥയിൽ തുടർ നടപടി സ്വീകരിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തിയതിൻപ്രകാരം, ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന തുക അനുവദിച്ചു.

| പ്രോജക്റ്റ് | അടങ്കൽ തുക | ഇൻവോയ്സ് | വിനിയോഗിച്ച തുക | വൗച്ചർനം/ തീയ്യതി |
|---|---|---|---|---|
| പഞ്ചായത്ത് ഓഫീസ് നവീകരണം ( So 217/25) & 237/22. | 1018263 (തനത് ഫണ്ട്) | KKD 78/19.9.22 37,02,022 (-30209) | 9,40,076 (902472 +18802 GST + 18802 IT) | 22400219/ 18.06.2024 |
| | | പാർട്ട് ബിൽ (2022-23 വർഷത്തിൽ നൽകിയത്) | 27,31,737 (23,49,293 +2,73,174 Retention + 54,635 GST + 54, 635 IT) | |
| | ആകെ | 37,02,022 | 36,71,813 | |

ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. വിവരാവകാശ നിയമ പ്രകാരമുള്ള ചോദ്യത്തിന് ഗ്രാമ പഞ്ചായത്ത് സെക്രട്ടറി 22.05.2024 ന് നൽകിയ 400868/GGRI12/GPO/2024/2863(2) നമ്പർ മറുപടിയിലെ ക്രമനമ്പർ 6 പ്രകാരം ARTCO യെ ഈ പ്രവർത്തി ഏൽപ്പിച്ചത് അക്രഡിറ്റഡ് ഏജൻസി എന്ന നിലയിലാണ് എന്ന് പറയുന്നുണ്ട്. എന്നാൽ അക്രഡിറ്റഡ് ഏജൻസികൾ മുഖേന പ്രവർത്തികൾ നടത്തുന്നതിനുള്ള GO(P) No.67/2021/FIN Dated 28.04.2021 പ്രകാരമുള്ള വിശദമായ മാർഗ്ഗരേഖയുടെ ഖണ്ഡിക 8.2 -ൽ നിർദ്ദേശിക്കും പ്രകാരം, പ്രസ്തുത പദ്ധതിക്ക് ആവശ്യമായ ഷെഡ്യൂൾ ഓഫ് റേറ്റ്, കോസ്റ്റ് ഇൻഡക്സ് എന്നിവക്കനുസരിച്ച് പ്രൈസ് സോഫ്റ്റ് വെയറിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല.

2. ഗ്രാമ പഞ്ചായത്ത് സെക്രട്ടറി 22.05.2024 ന് നൽകിയ400868/GGRI12/GPO/2024/2863(2) നമ്പർ വിവരാവകാശ നിയമ പ്രകാരമുള്ള ചോദ്യത്തിന് നൽകിയ മറുപടി ക്രമനമ്പർ 1 പ്രകാരം 22.5.2024 വരെ ARTCO സമർപ്പിച്ച ക്യഷ്ബില്ല് പ്രകാരമുള്ള മുഴുവൻ ഫർണ്ണിച്ചറുകളും ഗ്രാമ പഞ്ചായത്തിൽ സ്ഥാപിച്ചിരുന്നില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തും ARTCO യും ചമച്ച കരാർ നമ്പർ 15/7.2.22 വ്യവസ്ഥ 6 (B) പ്രകാരം ഈ പ്രവർത്തി 31.3.2022 നകം പൂർത്തീകരിക്കേണ്ടതും അല്ലാത്തപക്ഷം കാലതാമസം നേരിട്ടാൽ ആഴ്ചക്ക് 1% നിരക്കിൽ കരാർതുകയുടെ പരമാവധി 10% വരെ കുറവ് ചെയ്യണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. 19.9.2022 ന് ക്യഷ്ബില്ല് സമർപ്പിച്ച് 1.11.22 ന് പാർട്ട് ബിൽ നൽകിയിട്ടുണ്ടെങ്കിലും 22.05.2024 വരെ ഫർണ്ണിച്ചർ സപ്ലൈ ചെയ്തിട്ടില്ല. എന്നാൽ കരാർ പ്രകാരം പദ്ധതി വൈകിയതിന് കരാർതുകയുടെ 10% തുകയായ 3,70,202 രൂപ (37,02,022 X10% =3,70,202 ) രൂപ കുറവ് ചെയ്തിട്ടില്ല.

3. പ്രെക്യൂർമെന്റ് കമ്മറ്റിയുടെ 3.6.2024 ലെ ശുപാർശയുടെ അടിസ്ഥാനത്തിൽ ഗ്രാമ പഞ്ചായത്ത് ഭരണ സമിതിയുടെ 30.6.2024 ലെ 3(1) /2024 നമ്പർ തീരുമാന പ്രകാരം കേടായ ഫർണ്ണിച്ചറുകൾ അറ്റകുറ്റപണി/ പുനസ്ഥാപിച്ച് നൽകുന്ന മുറക്ക് മാത്രമേ റിടെൻഷൻ തുകയായ 2,73,174 രൂപ നൽകാവൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട് . എന്നാൽ പ്രസ്തുത തീരുമാനത്തിന് വിരുദ്ധമായി ഗ്രാമ പഞ്ചായത്ത് അസി. എഞ്ചിനിയറുടെ 25.05.2024 ലെ A1/AE/AKD/ 24-25 കത്ത് പ്രകാരം ഇനം 8, 9 എന്നിവയിൽ മെഷർമെന്റ് കറവാണ് എന്ന നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലുള്ള തുക 30,209 രൂപ മാത്രം കുറവ് ചെയ്ത് റിട്ടൻഷൻ തുക 2,73,174 രൂപ ഉൾപ്പെടെ മുഴുവൻ തുകയും അനുവദിച്ചു. ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 29/2024-25/24.6.2025 ന് നൽകിയ മറുപടിയിൽ ഗ്രാമ പഞ്ചായത്ത് തീരുനാന പ്രകാരമാണ് തുക നൽകിയത് എന്ന് അറിയിച്ചു.എന്നാൽ 26.6.25 ലെ എക്സിറ്റ് മീറ്റിംഗിൽ പ്രസ്തുത കേടായ ഉപകരണങ്ങൾ ഒന്നുംതന്നെ റിപ്പയർ ചെയ്യാതെ പഞ്ചായത്ത് ഓഫീസിൽ സൂക്ഷിച്ചിരിക്കുകയാണ് എന്ന് ജനപ്രതിനിധികൾ അറിയിച്ചു.ആയതിനാൽ ഗ്രാമ പഞ്ചായത്ത് ഭരണ സമിതിയുടെ 30.6.2024 ലെ 3(1) /2024 നമ്പർ തീരുമാനത്തിനു വിരുദ്ധമായി കേടായ ഉപകരണങ്ങൾ ഒന്നുംതന്നെ റിപ്പയർ ചെയ്യാതെ അനുവദിച്ച റിട്ടൻഷൻ തുക 2,73,174 രൂപയും, സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിക്കാത്തത് മൂലമുള്ള പിഴ കരാർതുകയുടെ 10% തുകയായ 3,70,202 രൂപയും പ്രസതുത തുക ഈടാക്കുന്നതിൽ വീഴ്ച വരുത്തിയ ബന്ധപ്പെട്ട സെക്രട്ടറിയിൽനിന്നും ഈടാക്കേണ്ടതാണ്. ആയത് വരെ ചെലവ് തുക 9,40,076/- രൂപ തടസ്സം ചെയ്യുന്നു.

## 1-30 ഹോമിയോ മരുന്നു വാങ്ങൽ – ബാക്കിയുള്ള മരുന്നുകൾ ലഭിച്ച വിവരം

അറിയിക്കേണ്ടതാണ്.

1) പ്രൊജക്ട് നം.176/25 – ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്നു വാങ്ങൽ

അടങ്കൽ & ചെലവ് : 4,00,000 (MG-NR)

(1) ബിൽ (BRN) നം. 24150952022380154472/15-03-25 Rs. 1,00,000

(2) ബിൽ (BRN) നം. 2415095202380147005/08-01-25 Rs. 3,00,000

പദ്ധതി പ്രകാരം മരുന്നു വാങ്ങുന്നതിനായി HOMCO ന് 4,00,000 രൂപ മുൻകൂർ നൽകിയതിൽ മുഴുവൻ തുകയ്ക്കുമുള്ള മരുന്നു ലഭിച്ചിട്ടില്ല. ലഭിച്ചവയുടെ വിശദ വിവരം താഴെ ചേർക്കുന്നു.

| ബിൽ നം | 24150952022380154472/15-03-25 | 2415095202380147005/08-01-25 | ആകെ |
|---|---|---|---|
| തുക | 1,00,000 | 3,00,000 | |
| രസീതി നം. (HOMCO) | 10707/12-4-25 | 10097/22-1-25 | |
| ലഭിച്ചത് - തുക: (Invoice No ) | 65,420- (LF-152/13-5-25) | 1,36,427- (LF-149/13-5-25) | |
| ബാക്കി | 34,580 | 1,63,573 | 1,98,153 |

ബാക്കി 1,98,153 രൂപയുടെ മരുന്നുകൾ ലഭിക്കുന്ന മുറയ്ക്ക് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണെന്ന് ഓഡിറ്റ് എൻക്വയറി നം. 45/26-6-2025 പ്രകാരം അറിയിച്ചതിന്, മരുന്നുകൾ ലഭിക്കുന്ന മുറയ്ക്ക് അറിയിക്കുന്നതാണെന്ന് മറുപടി ലഭിച്ചിട്ടുണ്ട്. മരുന്നുകൾ ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-31 കാർബൺ ന്യൂട്രൽ ഗ്രാമം -വിവിധ സ്കൂളുകളിൽ സോളാർ പാനൽ സ്ഥാപിക്കൽ - വിനിയോഗ പൂർത്തീകരണ വിവരം ലഭ്യമല്ല

ഹെഡ്മാസ്റ്റർ നിർവ്വഹണം നടത്തിയ കാർബൺ ന്യൂട്രൽ ഗ്രാമം -വിവിധ സ്കൂളുകളിൽ സോളാർ പാനൽ സ്ഥാപിക്കൽ എന്ന പദ്ധതി മുഖേന ഗ്രാമ പഞ്ചായത്തിലെ GMUPS മുണ്ടപ്ര, GMUPS അരീക്കോട്, GUPS പുത്തലം, GUPS കോഴക്കോട്ടൂർ, GUPS ചെമ്രക്കാട്ടൂർ എന്നീ 5 സ്കൂളുകളിൽ സോളാർ പാനൽ സ്ഥാപിക്കുന്നതിനായി താഴെപറയും പ്രകാരം ANERT എഞ്ചിനിയറുടെ 04/GEN/ANERT//MLPM/2024-25നമ്പർ എസ്റ്റിമേറ്റ് പ്രകാരം ഓഡിറ്റ് വർഷം 9,98,250 രൂപ നൽകിയിട്ടുണ്ട് .

| പ്രൊജക്ട് | അടങ്കൽ | ചെലവ് | ബിൽ നമ്പർ |
|---|---|---|---|
| കാർബൺ ന്യൂട്രൽ ഗ്രാമം -വിവിധ സ്കൂളുകളിൽ സോളാർ പാനൽ സ്ഥാപിക്കൽ (224/25) | 10,00,000 വികസന ഫണ്ട് ജനറൽ | 9,98,250 | 24150952023601479554/ 10.03.25 |
| | ആകെ | 9,98,250 | |

സർക്കാർ ഉത്തരവ് (കൈ)84/2022 ത.സ്വ.ഭ.വ തിയതി.19.4.22 പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 12.2.ഡി(iv) പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഡെപ്പോസിറ്റ് പ്രവർത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ വേണ്ട നടപടികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ നിർവ്വഹണ ഉദ്യോഗസ്ഥർ സ്വീകരിക്കേണ്ടതും നിക്ഷേപ പ്രവൃത്തികളുടെ പരോഗതി ഡി.പി.സി പ്രതിമാസം വിലയിരുത്തേണ്ടതും നിർവ്വഹണ ഏജൻസികൾക്ക് നിർദ്ദേശം നൽകേണ്ടതുമാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്ത് പ്രസ്തുത നിക്ഷേപ പ്രവൃത്തികളുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുകയോ പ്രവൃത്തിയുടെ പുരോഗതി വിവരം ആരായുകയോ ചെയ്തതായി കാണുന്നില്ല. ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 14/21.6.25ന് നൽകിയ മറുപടിയിൽ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതാണ് എന്ന് അറിയിച്ചു പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതാണ്.ആയത് വരെ ചെലവ് തുക 9,98,250 രൂപ തടസ്സം ചെയ്യുന്നു.

## 1-32 എസ്.എസ്.കെ വിഹിതം - പ്രൊജക്ട് നടത്തിപ്പിൽ സർക്കാർ നിർദ്ദേശം പാലിച്ചില്ല

ഹെഡ് മാസ്റ്റർ നിർവഹണം നടത്തിയ എസ്.എസ്.എ വിഹിതം അടവാക്കൽ എന്ന പ്രൊജക്ടുകൾ മുഖേന താഴെ പറയും പ്രകാരം ₹ 15,00,000 District Project Officer SSK ക്ക് നൽകിയിട്ടുണ്ട്.

| പ്രൊജക്ട് | അടങ്കൽ | ചെലവഴിച്ച തുക | ബിൽ നമ്പർ |
|---|---|---|---|
| എസ്.എസ്.എ വിഹിതം അടവാക്കൽ( 163/25) എസ്.സി | 5,00,000 | 5,00,000 | 24150952023601476298/10.03.2025 (വികസന ഫണ്ട് എസ്.സി.പി) |
| എസ്.എസ്.എ വിഹിതം | 10,00,000 | 10,00,000 | 24150952023601476604/10.03.2025 (വികസന ഫണ്ട് ജനറൽ) |

| | | | |
|---|---|---|---|
| അടവാക്കൽ( 162/24) ജനറൽ | | | |
| ആകെ | | 15,00,000 | |

പദ്ധതി ആസൂത്രണ മാർഗ്ഗരേഖ GO(MS) 84/2022/LSGD Dt 19.04.2022 ഖ 8.6.3 പ്രകാരം എസ്.എസ്.കെ. (സമഗ്ര ശിക്ഷ കേരളം) പ്രോജക്ടിന്റെ കർമ്മ പരിപാടി തയ്യാറാക്കുന്നതും നടപ്പിലാക്കുന്നതും തദ്ദേശഭരണ സ്ഥാപനത്തിന്റെ പൂർണ്ണ പങ്കാളിത്തത്തോടെയായിരിക്കണം. പ്രോജക്ട് പൂർത്തീകരണത്തിന് ശേഷം സമഗ്ര ശിക്ഷ കേരളം വിശദാംശങ്ങൾ തദ്ദേശഭരണ സ്ഥാപനത്തിന് നൽകേണ്ടതാണ്.

ഖ 8.6.4 പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾ സമഗ്രശിക്ഷാ കേരളം പ്രോജക്ടിന് നൽകുന്ന തുകയുടെ വിനിയോഗം, ഓരോ സ്കൂളിലും നടത്തുന്ന പ്രവർത്തനങ്ങൾ / പരിപാടികൾ എന്താണ് എന്നീ വിവരങ്ങൾ അതത് തദ്ദേശഭരണ സ്ഥാപനങ്ങളെ എസ് എസ്.കെ. പ്രോജക്ട് ഓഫീസർ അറിയിക്കണം. എസ്.എസ്.കെ. വിഹിതവും തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതവും ചേർത്ത് നടപ്പാക്കുന്ന വികസന പദ്ധതികളിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഭാരവാഹികളുടെ അടക്കമുള്ള പങ്കാളിത്തം എസ് എസ്.കെ. ഉറപ്പാക്കണം. തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഫണ്ടു ചെലവഴിക്കുമ്പോൾ അതിന്റെ വിനിയോഗ സർട്ടിഫിക്കറ്റ് (Utilization Certificate) സമഗ്രശിക്ഷാ കേരളത്തിൽ നിന്നു കൃത്യമായി നല്കണം.

എന്നാൽ പ്രൊജക്ട് നടത്തിപ്പ് രേഖകൾ പരിശോധിച്ചതിൽ താഴെ പരാമർശിക്കുന്ന അപാകതകൾ കണ്ടെത്തി.

1. പദ്ധതി തയ്യാറാക്കുന്നതിൽ പഞ്ചായത്തിന്റെ പങ്കാളിത്തം ഉറപ്പ് വരുത്തിയിട്ടില്ല.
2. പൂർത്തീകരിച്ച പദ്ധതിയുടെ വിശദാംശങ്ങൾ പഞ്ചായത്തിന് നൽകിയിട്ടില്ല.
3. ഓരോ സ്കൂളുകളിലും നടപ്പാക്കിയ പ്രവർത്തനങ്ങൾ പഞ്ചായത്തിനെ അറിയിച്ചതായി കാണുന്നില്ല.
4. വികസന പദ്ധതികളിൽ പഞ്ചായത്ത് ഭാരവാഹികളുടെ പങ്കാളിത്തം ഉറപ്പാക്കിയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.
5. പ്രൊജക്ടിന്റെ വിശദമായ വിനിയോഗ സർട്ടിഫിക്കറ്റ് SSK നൽകിയിട്ടില്ല. SSK ലഭ്യമാക്കിയ 11.06.25 ലെ വിനിയോഗസാക്ഷ്യപത്ര പ്രകാരം കൃത്യമായ വിനിയോഗ വിവരം ലഭ്യമല്ല.ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമമ.നം | ഇനം | ഫിസിക്കൽ | ചെലവഴിച്ച തുക | LSG വിഹിതം | റിമാർക്സ് |
|---|---|---|---|---|---|
| 1 | BRC | 11 | 6,32,093 | 1,95,414 | അരീക്കോട് ഗ്രാമപഞ്ചായത്തിലെ BRC യിലെ ഏത് കാലയളവിലെ എന്ത് ആവശ്യങ്ങൾക്കാണ് പ്രസ്തുത തുക വിനിയോഗിച്ചത് എന്ന വിവരം ലഭ്യമല്ല |
| 2 | CRC | 11 | 3,83,383 | 1,18,524 | അരീക്കോട് ഗ്രാമപഞ്ചായത്തിലെ CRC യിലെ ഏത് കാലയളവിലെ എന്ത് ആവശ്യങ്ങൾക്കാണ് പ്രസ്തുത തുക വിനിയോഗിച്ചത് എന്ന വിവരം ലഭ്യമല്ല |
| 3 | Free Text Book Primary | 1719 | 4,29750 | 132859 | അരീക്കോട് ഗ്രാമപഞ്ചായത്തിലെ ഏതല്ലാം സ്ഖളുകളിൽ എത്ര വിദ്യാർത്ഥികൾക്ക് എത്ര പുസ്തകങ്ങൾ വിതരണം ചെയ്തു എന്ന വിവരം ലഭ്യമല്ല. |
| | Free Text Book-UP | 513 | 205200 | 63438 | അരീക്കോട് ഗ്രാമപഞ്ചായത്തിലെ ഏതല്ലാം സ്ഖളുകളിൽ എത്ര വിദ്യാർത്ഥികൾക്ക് എത്ര പുസ്തകങ്ങൾ വിതരണം ചെയ്തു |

| | | | | | |
|---|---|---|---|---|---|
| | | | | | എന്ന വിവരം ലഭ്യമല്ല. |
| 4 | Uniform 2 Set Govt. School Only | 2000 | 12,00,000 | 370985 | അരീക്കോട് ഗ്രാമപഞ്ചായത്തിലെ ഏതല്ലാം സ്ഖളുകളിൽ എത്ര വിദ്യാർത്ഥികൾക്ക് എത്ര യുണിഫോം വിതരണം ചെയ്തു എന്ന വിവരം ലഭ്യമല് |

.ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ-13/21.06.2025) വിനിയോഗ വിവരം ലഭ്യമാക്കുന്നതാണ് എന്ന് അറിയിച്ചു.വിശദമായ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ് ആയത് വരെ ചെലവ് തുക 15,00,000 രൂപ തടസ്സം ചെയ്യുന്നു.

## 1-33 സ്കൂൾ ഫർണ്ണിച്ചർ വാങ്ങൽ -ഫർണ്ണിച്ചർ സകൂളുകളിൽ ലഭ്യമായില്ല

ഹെഡ്മാസ്റ്റർ നിർവഹണം നടത്തിയ സ്കൂൾ ഫർണ്ണിച്ചർ വാങ്ങൽ എന്ന പ്രൊജക്ടു മുഖേന ഗ്രാമപഞ്ചായത്തിലെ സ്ഖളുകളിൽ ഫർണ്ണിച്ചർ വിതരണം ചെയ്യുന്നതിനായി താഴെ പറയും പ്രകാരം ₹ 490000 രൂപ ARTCO കോഴിക്കോടിന് നൽകിയിട്ടുണ്ടെങ്കിലും പ്രസ്തുത സ്കൂളുകൾ25.06.2025 ന് നേരിട്ട് പരിശോധിച്ചതിൽ ഇൻവോയ്സ് പ്രകാരമുള്ള 53 സ്റ്റീൽ ബഞ്ചുകളും 53 സ്റ്റീൽ ഡസ്കുകളും സ്കൂളുകളിൽ ലഭ്യമാക്കുകയോ സ്റ്റോക്കിലെടുക്കുകയോ ചെയ്തിട്ടില്ല.

| പ്രോജക്ട് | അടങ്കൽ | **ഇൻവോയ്സ്** | ചെലവഴിച്ച തുക | ബിൽ നമ്പർ |
|---|---|---|---|---|
| **സ്കൂൾ ഫർണ്ണിച്ചർ വാങ്ങൽ** (517/25) | 4,90,000 (MGNR) | 2024-2025/ KKD/409/31.1.25 53 Steel Bench & Steel Desk | 4,90,000 | 24150952023601471997/ 10.03.2025 |
| ആകെ | | | 4,90,000 | |

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ-42/25.06.2025 ന് നൽകിയ മറുപടിയിൽ ഫർണ്ണിച്ചർ ലഭ്യമായിട്ടുണ്ട് എന്ന് അറിയിക്കുകയും സ്റ്റോക്ക് രജിസ്റ്ററിൽ പ്രസ്തുത വിവരം രേഖപ്പെടുത്തുകയും ചെയ്ത് ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥൻ ഹാജരാക്കി.എന്നാൽ 26.6.2025 ന് നടന്ന എക്സിറ്റ് മീറ്റിംഗിൽ ചില ഗ്രാമപഞ്ചായത്ത് മെമ്പർമാർ പ്രസതുത ഫർണ്ണിച്ചർ വിതരണത്തെകുറിച്ച് സംശയം ഉന്നയിച്ചതിനാലും 25/06/2025 ന് നേരിട്ടുള്ള പരിശോധനയിൽ കണ്ടെത്താൻ കഴിയാത്തതിനാലും പ്രസ്തുത 53 സ്റ്റീൽ ബഞ്ചുകളും 53 സ്റ്റീൽ ഡസ്കുകളും സ്കൂളുകളിൽ ലഭ്യമായിട്ടുണ്ട് എന്നവിവരം മെമ്പർമാരുടെയും പിടിഎ അംഗങ്ങളുടേയും സാക്ഷ്യപത്രം സഹിതം പരിശോധനക്കായി ഹാജരാക്കേണ്ടതാണ് . ആയത് വരെ ചെലവ് തുക തടസ്സം ചെയ്യുന്നു.

## 1-34 തുടർ സാക്ഷരതാ പ്രവർത്തനങ്ങൾ തുല്യതാ പരീക്ഷ ഫീസ് അടവാക്കൽ - അപാകതകൾ

ഹെഡ്മാസ്റ്റർ നിർവ്വഹണം നടത്തിയ തുടർ സാക്ഷരതാ പ്രവർത്തനങ്ങൾ തുല്യതാ പരീക്ഷ ഫീസ് അടവാക്കൽ എന്ന പദ്ധതികൾക്കായി താഴെപറയും പ്രകാരം കേരളാ സംസ്ഥാന ലിറ്ററസി മിഷൻ ഡയറക്ടർക്ക് 10,11,12 ക്ലാസുകളിലെ പഠിതാക്കളുടെ ഫീസ് നൽകിയിട്ടുണ്ട് .എന്നാൽ പ്രസ്തുത പദ്ധതി പൂർത്തീകരിച്ചതിന്റെ വിവരം ഫയലിൽ ലഭ്യമല്ല. വിശദ വിവരം ചുവടെ

| പ്രോജക്ട് | അടങ്കൽ | ചെലവ് | വൗച്ചർ നമ്പർ |
|---|---|---|---|
| 10 ാം തരം തുല്യതാ പഠിതാക്കാളുടെ പരീക്ഷ ഫീസ് നൽകൽ (165/25) | 50000 (തനത് ഫണ്ട്) | 34960 | 22401426/28.3.25 |
| 11 ാം തരം തുല്യതാ പഠിതാക്കാളുടെ പരീക്ഷ ഫീസ് നൽകൽ (183/25) | 100000 | 92500 | 22401427/28.3.25 |
| 12 ാം തരം തുല്യതാ പഠിതാക്കാളുടെ പരീക്ഷ ഫീസ് നൽകൽ (167/25) | 50000 | 49600 | 22401428/28.3.25 |
| | ആകെ | 177060 | |

ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1, സാക്ഷരതാ മിഷൻ ഡയറക്ടർ പ്രസ്തുത തുക കൈപറ്റിയതിന്റെ വിവരം ലഭ്യമല്ല

2. പഠിതാക്കൾ പരീക്ഷക്ക് രജിസ്റ്റർ ചെയ്തതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല.

3. പഠിതാക്കൾ പരീക്ഷ എഴുതിയതിന്റെ വിവരം ലഭ്യമല്ല.

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 44/25.6.25 ന് നൽകിയ മറുപടിയിൽ വിനിയോഗ വിവരം ലഭ്യമാക്കുന്നതാണ് എന്ന് അറിയിച്ചു.വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-35 പട്ടിക ജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് പദ്ധതി നടത്തിപ്പിലെ അപാകതകൾ

അസി.സെക്രട്ടറി നിർവ്വഹണം നടത്തിയ പട്ടിക ജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് എന്ന പദ്ധതിക്കായി താഴെ പറയും പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്

| പദ്ധതി: | അടങ്കൽ | ചെലവഴിച്ച തുക | ബിൽ നമ്പർ |
|---|---|---|---|
| പട്ടിക ജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് **(63/25)** | 17,70,000 (8,85,000 വികസനഫണ്ട് എസ്.സി.പി +885000 ജില്ലാ പഞ്ചായത്ത് വിഹിതം) | 130000 | 241509520255010172 61/11.12.24 |
| | | 100000 | 24150952025501017629/27.12.24 |
| | | 360000 | 24150952025501550635/15.3.25 |
| | | 85000 | 24150952025500883774/08.11.24 |
| | | 70000 | 24150952025500892269/12.11.24 |
| | | 40000 | 24150952025500904066/14.11.24 |
| | | 140000 | 24150952025500904066/11.12.24 |
| | | 180000 | 24150952025501017629/11.12.24 |
| | | 130000 | 24150952025501017265/24.12.24 |
| | | 20000 | 24150952025501590280/21.3.25 |
| | ആകെ | 1255000 | |

ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) സർക്കാർ ഉത്തരവ് (കൈ) നമ്പർ **/115/2022**/ത.സ്വ.ഭ.വ തിയതി **28.05.2022** സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക **7.2.4(1)** പട്ടികയിൽ നിർദ്ദേശിച്ച പ്രകാരം സംസ്ഥാന സർക്കാരോ കേന്ദ്ര സർക്കാരോ,സർക്കാരുകൾ ചുമതലപ്പെടുത്തിയ ഏജൻസികൾ നടത്തുന്നതുമായ എല്ലാത്തരം കോഴ്സുകളിലേക്കും പ്രവേശനം നേടി പഠനം നടത്തിവരുന്ന വിദ്യാർത്ഥികൾക്ക് സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ കോഴ്സ് കാലാവധി വരെയുള്ള എല്ലാ അക്കാദമിക് വർഷത്തിലും സ്കോളർഷിപ്പ് നൽകണമെന്ന് നിഷ്കർഷിച്ചിരുന്നു. എന്നാൽ അപേക്ഷയോടൊപ്പം ഹാജരാക്കിയ സ്ഥാപനമേധാവിയുടെ സാക്ഷ്യപത്ര പ്രകാരം പ്രസ്തുത സർക്കാർ ഉത്തരവ് പട്ടിക ക്രമനമ്പർ 7 പ്രകാരമുള്ള തുകക്ക് അർഹതയുള്ള താഴെ പറയുന്ന വിദ്യാർത്ഥിക്ക് അധികം സ്കോളർഷിപ്പ് നൽകിയതായി കാണുന്നു.

| പേര് | കോഴ്സ് | നൽകാവുന്ന തുക | അനുവദിച്ച തുക | അധികം | ബിൽ നമ്പർ |
|---|---|---|---|---|---|
| ആദർശ്.യു | Diploma In Artificial Intelligents. KMCT Insitute Of Emerging Technology.Certificate No.KMCT-CEET/2022/649/211124 | 15,000 | 20000 | 5000 | 24150952025501017629/11.12.24 |
| | | | ആകെ | 5000 | |

2.സർക്കാർ ഉത്തരവ് (കൈ) നമ്പർ **/115/2022**/ത.സ്വ.ഭ.വ തിയതി **28.05.2022** സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക **7.2.4(11)** പ്രകാരം ഗുണഭോക്തൃ ലിസ്റ്റ് തെട്ടടുത്ത ഗ്രാമ സഭ അംഗീകരിണമെന്നും വിദ്യാർത്ഥികളുടേയും കോഴ്സുകളുടേയും വർഷവും വിവരങ്ങളും രേഖപ്പെടുത്തി രജിസ്റ്റർ സൂക്ഷിക്കണമെന്നും നിഷ്കർഷിച്ചിരുന്നു. എന്നാൽ ആയത് പാലിച്ചിട്ടില്ല.

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 38/2024-25/25.6.2025 ന് നൽകിയ മറുപടിയിൽ ആദർശ് എന്ന വിദ്യാർത്ഥി 3 വർഷ പോളിടെക്നിക് കോഴ്സിനാണ് പഠിക്കുന്നത് എന്ന് അറിയിച്ചു .എന്നാൽ സ്ഥാപനമേധാവിയുടെ സാക്ഷ്യപത്രത്തിൽ ഇക്കാര്യം രേഖപ്പെടുത്താത്തതിനാൽ അധികം നൽകിയ 5000 രൂപ തിരികെ ഈടാക്കേണ്ടതും വിദ്യാർത്ഥികളുടേയും കോഴ്സുകളുടേയും വർഷവും വിവരങ്ങളും രേഖപ്പെടുത്തി രജിസ്റ്റർ സൂക്ഷിക്കേണ്ടതുമാണ്.

## 1-36 ചെയ്യാത്ത പ്രവൃത്തിക്ക് നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്

താഴെ പറയുന്ന പ്രവൃത്തികളിൽ ഇനം 4 ആയി പ്രവൃത്തി സൈറ്റിൽ ഗ്രാനൈറ്റ് ബോർഡ് സ്ഥാപിക്കുന്നതിന് തുക നൽകിയിട്ടുണ്ട്. എന്നാൽ 24.06.2025 ന് അസിസ്റ്റന്റ് എഞ്ചിനീയർ, ഓവർസീയർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ ഈ ഇനം പ്രവൃത്തി ചെയ്തിട്ടില്ലെന്ന് കണ്ടെത്തി. ചെയ്യാത്ത പ്രവൃത്തിക്ക് തുക നൽകിയത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (36/24-25/25.06.2025) നൽകിയതിന് ലഭ്യമാക്കിയ മറുപടി പ്രകാരം എൻ വി മിൽ ഫുട്പാത്ത് ഇന്റർ ലോക്ക് എന്ന പ്രവൃത്തിയുടെ സൈൻ ബോർഡ് സ്ഥാപിച്ച മതിൽ പൊളിച്ചു മാറ്റിയപ്പോൾ മാറ്റിവെച്ചതാണെന്ന് മറുപടി നൽകുകയും ആയത് പരിശോധിച്ച ഉറപ്പു വരുത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ ചുവടെ കാണിച്ച പ്രവൃത്തികൾക്ക് ഗ്രാനൈറ്റ് ബോർഡ് സ്ഥാപിക്കാതെ തന്നെ സ്ഥാപിച്ചതിന് തുക നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രനം | പ്രവൃത്തി | അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയ | നൽകിയ തുക (18% GST ഉൾപ്പെടെ) |
|---|---|---|---|

| | | | |
|---|---|---|---|
| | | അളവ് | |
| 1 | 354/25ആലുംകണ്ടി എരുമത്തിക്കൽ ചെറിയ കുളം റോഡ് പുനരുദ്ധാരണം (Price Id 117834/23)<br>അടങ്കൽ: Own Fund - 177779<br>TS: 117834/2023/16.11.2023<br>കരാറുകാരൻ: ശ്രീ മുഹമ്മദ് ഷാഫി<br>കരാർ: 52/AE/LID&EW/AKD/23-24/15.01.2024<br>അളവ് പുസ്തകം: E- M Book<br>ചെലവ്: 177779രൂപ<br>Voucher No : 22400456/06.09.2024<br>കോസ്റ്റ് ഇൻഡക്സ്: DSR 2018, 36.44% | ഇനം 4<br>Granite Board സ്ഥാപിക്കൽ | 2857.96 രൂപ<br>(2724.41 – 11.10% Tender Below(302.41) +GST 18% 435.96) |
| 2 | 352/25ചോലക്കുളം കുന്നത്തൂർ റോഡ് സൈഡ്കെട്ട്കോൺക്രീറ്റ് (Price Id 12287/2024)<br>അടങ്കൽ: Own Fund - 154553<br>TS: 12287/2024/1<br>കരാറുകാരൻ: ശ്രീ റാഷിദ് കെ.കെ<br>കരാർ: 115/AE/LID&EW?AKD?23-24/07.03.2024<br>അളവ് പുസ്തകം: E- M Book<br>ചെലവ്: 154553രൂപ<br>Voucher No : 22400458/06.09.2024<br>കോസ്റ്റ് ഇൻഡക്സ്: DSR 2018, 36.44% | ഇനം 4<br>Granite Board സ്ഥാപിക്കൽ | 2488.25 രൂപ<br>(2108.69 +GST 18% 379.56.96) |
| | | | 5346.21 |

ചെയ്യാത്ത പ്രവൃത്തിക്ക് തുക നൽകിയതിന് വിശദീകരണം നൽകേണ്ടതും ഈയിനത്തിൽ അധികം നൽകിയ 5346/- രൂപ (Rounded) ഈടാക്കി അറിയിക്കേണ്ടതുമാണ്.

## 1-37 Rain Gutter സ്ഥാപിക്കുന്നതിന് തെറ്റായ നിരക്ക് നൽകി- 90502/- രൂപയുടെ അധിക ചെലവ്.

ശിഹാബ് തങ്ങൾ - കെ കരുണാകരൻ സ്മാരക ഷോപ്പിംഗ് കോംപ്ലക്സ് പുനരുദ്ധാരണം എന്ന പ്രൊജക്ടിൽ ഉൾപ്പെടുത്തി Rain Gutter സ്ഥാപിക്കുന്നതിന് തെറ്റായ നിരക്ക് നൽകിയത് മൂലം 90502/- രൂപയുടെ അധിക ചെലവ് ഉണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ശിഹാബ് തങ്ങൾ- കെ കരുണാകരൻ സ്മാരക ഷോപ്പിംഗ് കോംപ്ലക്സിന് രണ്ട് പ്രൊജക്ടുകളിലായി 129.7 മീറ്റർ നീളത്തിൽ 200mm Square Cut PVC 4kgf/Cm$^2$ ഉപയോഗിച്ച് Rain Gutter സ്ഥാപിച്ചിട്ടുണ്ട്. ആയതിന് Rs.1255.25/Meter നിരക്കാണ് നൽകിയിട്ടുള്ളത്. എന്നാൽ പ്രസ്തുത ഇനത്തിന് ജില്ലയിലെ മറ്റു ഗ്രാമ പഞ്ചായത്തുകളിൽ ഒബ്സേർവ്ഡ് ഡാറ്റ OD76023/2022-2023 പ്രകാരമുള്ള ഏകീകൃത നിരക്ക് (Rs.479.25/Meter) ആണ് അനുവദിക്കാറുള്ളത്. കൂടാതെ മേൽ പ്രവൃർത്തികളുടെ എസ്റ്റിറ്റിമേറ്റിലും കുറഞ്ഞ നിരക്കാണ് ഉൾപ്പെടുത്തിയിരുന്നത്. തുടർന്ന് എസ്റ്റിമേറ്റ് റിവൈസ് ചെയ്താണ് അധിക നിരക്ക് നൽകിയിട്ടുള്ളത്.

1 മീറ്റർ Rain Gutter ന്റെ മാർക്കറ്റ് നിരക്കിനോടൊപ്പം 10മീറ്റർ പ്രവൃത്തി ചെയ്യാനുള്ള ലേബർ, ഗാരേജ്, മുതലായവ നൽകിയതുമൂലമാണ് അധിക നിരക്ക് നൽകാനിടയായത് എന്ന് റിവൈസ് എസ്റ്റിമേറ്റിലെ ഒബ്സേർവ്ഡ് ഡാറ്റ പരിശോധിച്ചതിൽ നിന്നും ബോധ്യപ്പെട്ടു. പ്രൊജക്ടുകളുടേയും അധിക ചെലവിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവത്തി | നൽകിയ തുക | നൽകാവുന്നതുക | അധികം നൽകിയ തുക |
|---|---|---|---|---|
| 1 | 392/25 ശിഹാബ് തങ്ങൾ കെ കരുണാകരൻ സ്മാരക ഷോപ്പിംഗ് കോംപ്ലക്സ് പുനരുദ്ധാരണം (Price Id 7477/2024)<br>ബഹുവർഷ പ്രോജക്ട് | Rs. 54510/-<br>{Ie [(48 Metre* 1255.25/ Meter) – (23.33% Tender Variation) + (18% GST)} | Rs. 20812/-<br>{Ie [(48 Metre* 479.25/ Meter) – (23.33% Tender Variation) + (18% GST)} | 33698/- |

| | | | | |
|---|---|---|---|---|
| | അടങ്കൽ: Own Fund - 2000000<br>TS: 7477/2024/29.01.2024<br>കരാറുകാരൻ: ശ്രീ ജയ്ഫർ<br>കരാർ: 92/AE/LID&EW/ AKD/23-24/24.02.2024<br>അളവ് പുസ്തകം: E-M Book<br>ചെലവ്: 1529552രൂപ<br>Voucher No : 22400473/06.09.24 (977132)<br>ചെക്ക് നമ്പർ XY5628212/06.09.2024<br>22400579/22.10.24 (454202)<br>22400645/21.11.24 (98218) | | | |
| 2 | 331/25 ശിഹാബ് തങ്ങൾ കെ കരുണാകരൻ സ്മാരക ഷോപ്പിംഗ് കോംപ്ലക്സ് പുനരുദ്ധാരണം (Price Id 23863/2023)<br>ബഹുവർഷ പ്രോജക്ട്<br>അടങ്കൽ: Own Fund – 700000 (24-25)<br>2000000(23-24)<br>TS: 23863/2023/31-03-23<br>കരാറുകാരൻ: ശ്രീ ജയ്ഫർ<br>കരാർ: 14/AE/LID&EW/ AKD/23-24/09.06.2023<br>അളവ് പുസ്തകം: E-M Book<br>ചെലവ്: 697994 രൂപ (24-25)<br>Voucher No : 22301225/26.03.2024 (820000)<br>22400468/24.08.2024 (679965)<br>22400574/22.10.2024 (18029) | Rs. 91886/-<br>{Ie [(81.7metre* 1255.25/ Meter) – (24.07% Tender Variation) + (18% GST)} | Rs. 35082/-<br>{Ie [(81.7metre* 479.25/Meter) – (24.07% Tender Variation) + (18% GST)} | 56804/- |
| | | | | 90502/- |

അധികം നൽകിയ തുക ഈടാക്കേണ്ടതാണെന്നു കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 35/24-25/25.06.2025 ) ലഭ്യമാക്കിയ മറുപടി പ്രകാരം പ്രസ്തുത പ്രവൃത്തിക്ക് 160*75 EURO GUARD PVC PIPE ആണ് ഉപയോഗിച്ചിട്ടുള്ളതെന്നും പ്രവൃത്തിക്കായി ഉപയോഗിച്ച Dropper ഉൾപ്പെടുത്താതെയാണ് OD തയ്യാറാക്കിയതെന്നും Dropper കൂടി ഉൾപ്പെടുത്തി 1 മീറ്ററിന് കണക്കാക്കിയതാണ് 1255.25 രൂപ എന്നും അറിയിച്ചു. എന്നാൽ ഈ മറുപടി അംഗീകരിക്കാവുന്നതല്ല. തയ്യാറാക്കിയ OD പ്രകാരം Material Market Rate 285 / Metre ആണ്. അതിനോട് കൂടി 10 മീറ്ററിനുള്ള കൂലിചെലവാണ് കണക്കാക്കിയത്. ആയതിനാലാണ് അധിക ചെലവ് ഉണ്ടായിട്ടുള്ളത്.
നഷ്ട തുക റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയ അസി എഞ്ചിനിയർ, റിവൈസ്ഡ് എസ്റ്റിമേറ്റിന് അംഗീകാരം നൽകിയ അസി എക്സി. എഞ്ചിനിയർ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

## 1-38 മരാമത്ത് പ്രവൃത്തി നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാത്തതിന് പിഴ ഈടാക്കിയില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ്എഞ്ചിനീയർ.

കേരള PWD മാന്വൽ പ്രകാരം മരാമത്ത് പ്രവൃത്തി നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാൻ സാധിക്കാത്ത പക്ഷം കരാറുകാരൻ പ്രവൃത്തി പൂർത്തീകരണ സമയം നീട്ടി നൽകുന്നതിന് അസിസ്റ്റന്റ് എഞ്ചിനിയർ മുഖേന അപേക്ഷ നൽകേണ്ടതാണ് എന്നും ഇതിന്റെ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് എഞ്ചിനിയർ രേഖകൾ പരിശോധിച്ച് കരാറുകാരന്റെ വീഴ്ച മൂലമല്ല പ്രവൃത്തി വൈകിയിത് എങ്കിൽ പിഴ കൂടാതെയും, പൂർണ്ണമായോ ഭാഗികമായോ

കരാറുകാരന്റെ പിഴവ് മൂലമാണ് പ്രവൃത്തി വൈകിയത് എങ്കിൽ നിശ്ചിത നിരക്കിൽ പിഴ ഈടാക്കിയും പ്രവൃത്തി പൂർത്തീകരണ കാലയളവ് നീട്ടി നൽകാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

നിശ്ചിത സമയത്തിനകം അപേക്ഷ നൽകാത്ത പ്രവൃത്തിയുടെ കാലാവധി കരാർ പ്രകാരം മുമ്പ് അംഗീകരിച്ച സമയത്ത് തന്നെ അവസാനിക്കുന്നതാണ്. കരാറുകാരന്റെ കാരണത്താലുള്ള വൈകൽ മൂലം പ്രവൃത്തി അവസാനിപ്പിക്കുന്ന അവസരത്തിൽ ടെർമിനേഷൻ സമയത്ത് ഈടാക്കേണ്ട നിരക്കിൽ കരാറുകാരനിൽ നിന്ന് പിഴ ഈടാക്കേണ്ടതാണ് എന്നും PWD മാന്വലിൽ നിർദ്ദേശിച്ചിട്ടുണ്ട്. (PWD Manual 2112, 2112.1 )

കേരള പൊതു മരാമത്ത് മാന്വലിൽ- സെക്ഷൻ 2005, 2112 എന്നിവ പ്രകാരം കരാറുകാരന്റേതല്ലാത്ത കാരണത്താൽ പ്രവൃത്തി നിശ്ചിത കാലാവധിക്കകം പൂർത്തീകരിക്കാൻ കഴിയാതെ വരികയാണെങ്കിൽ കാലാവധി നീട്ടി നൽകുന്നതിനുള്ള അപേക്ഷ കരാറുകാർ AE മുഖേന കരാർ കാലാവധി തീരുന്നതിന് മുമ്പായി അപേക്ഷിക്കേണ്ടതും, നിർവ്വഹണോദ്യോഗസ്ഥൻ ഇക്കാര്യത്തിൽ തീരുമാനമെടുത്ത് ആദ്യ തവണ പ്രവൃത്തിയുടെ ഒറിജിനൽ കാലാവധിയുടെ 25% വും രണ്ടാം തവണ പ്രവൃത്തിയുടെ ഒറിജിനൽ കാലാവധിയുടെ 25% വും ഗ്രേസ് പിരീഡ് ആയി അനുവദിക്കാവുന്നതുമാണ്. ഇങ്ങനെ അനുവദിക്കുന്നത് പ്രവൃത്തിയുടെ ഒറിജിനൽ കാലാവധിയുടെ 50% ൽ അധികരിക്കാൻ പാടുള്ളതുമല്ല. പ്രസ്തുത അപേക്ഷയിന്മേൽ തദ്ദേശ സ്വയംഭരണവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 18/08/2018-ലെ എ് സി 2/223/15 ത.സ്വ.ഭ.വ നമ്പർ സർക്കുലർ, പ്രവൃത്തിയുടെ കരാറിലെ വ്യവസ്ഥകൾ എന്നിവ പ്രകാരം ആദ്യത്തെ 3 മാസക്കാലയളവിന് PAC-യുടെ 1 % നിരക്കിലും തുടർന്നുള്ള ഓരോ 3 മാസത്തിനും 2 % നിരക്കിലും പിഴ ഈടാക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്.

PWD Manual 2112.1 പ്രകാരം പൂർണ്ണമായോ ഭാഗികമായോ കരാറുകാരന്റെ പിഴവ് മൂലം പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി നീട്ടിനൽകേണ്ട ഘട്ടത്തിൽ ഈടാക്കേണ്ട പിഴ താഴെ നൽകുന്നു.

| കാലയളവ് | പിഴ |
|---|---|
| ആദ്യ വർദ്ധന (First Extension ) | PAC യുടെ 1% ( മിനിമം 1000 , പരമാവധി 50000) |
| തുടർന്നുള്ള വർദ്ധന ( Beyond First Extension ) | PAC യുടെ 2% ( മിനിമം 2000 , പരമാവധി 100000) |

2024-25 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനിയർ നിർവഹണം നടത്തിയ പ്രവൃത്തികളുടെ ഫയലുകൾ പരിശോധിച്ചതിൽ നിശ്ചിത സമയത്തിനകമുള്ള കരാറുകാരന്റെ അപേക്ഷയില്ലാതെ/നിയമപരമായ കാരണം കൊണ്ടല്ലാതെ അംഗീകരിക്കപ്പെട്ട പ്രവൃത്തി പൂർത്തീകരണ സമയം കഴിഞ്ഞതിന് ശേഷവും കരാറുകാരൻ പ്രവൃത്തി നടത്തിയതായും , പ്രവൃത്തി വൈകിയതിന് പിഴ ഒന്നും ഈടാക്കാതെ കരാറുകാരന് ഫൈനൽ ബിൽ നൽകിയതായും കാണുന്നു. വിശദാംശം താഴെ കൊടുക്കുന്നു.

| ക്ര.നം | പ്രവൃത്തി | സൈറ്റ് ഹാൻഡ് ഓവർ ചെയ്തത് | പൂർത്തീകരണ കാലാവധി | പൂർത്തീകരിച്ചത് | ഈടാക്കേണ്ടപിഴ |
|---|---|---|---|---|---|
| 1 | പൂച്ചക്കണ്ണി റോഡ് പുനരുദ്ധാരണം<br>പ്രോജക്റ്റ് നമ്പർ - 406/25<br>അടങ്കൽ തുക 5,00,000<br>ഫണ്ട് - മെയിന്റനൻസ് റോഡ്<br>കരാറുകാരൻ - ശ്രീ ജയ്ഫർ വി<br>പ്രൈസ് ഐഡി - 17582/2024<br>കരാർ - 09/AE/LID&EW/AKD/24-25/06.07.2024<br>PAC : 390152<br>ചെലവ് തുക : 4,60,381/-<br>ബിൽ നമ്പർ - 241509520243015808 24/18.03.2025<br>Duration – 6 Month (As Per TS Slip) | 16.07.2024 | 15.01.2025 വരെ | 16.03.2025 | 16.01.2025 മുതൽ 16.03.2025 വരെ<br>**2601 രൂപ**<br>(3901.52*60/90) |
| 2 | ആശാരിത്തോടി റോഡ് പുനരുദ്ധാരണം<br>പ്രോജക്റ്റ് നമ്പർ - 378/25<br>അടങ്കൽ തുക 3,00,000<br>ഫണ്ട് - തനത് ഫണ്ട്<br>കരാറുകാരൻ - ശ്രീ എം ഇ റഹ്മത്തുള്ള<br>പ്രൈസ് ഐഡി - 94176/2023<br>കരാർ - 36/AE/LID&EW/AKD/23-24/10.11.2023 | 20.11.23 | 19.05.24 വരെ | 12.12.24 | **1618.24 രൂപ**<br>20.05..2024 മുതൽ 19.08.2024 വരെ(161824*1%)<br>**3236.48 രൂപ**<br>20.08.2024 മുതൽ 19.11.2024 വരെ(161824*2%)<br>**809.12 രൂപ**<br>20.11.2024 മുതൽ |

| | | | | | | | |
|---|---|---|---|---|---|---|---|
| | | PAC : 161824<br>ചെലവ് തുക : 190932/-<br>വൗച്ചർ നമ്പർ - 22400971/01.01.2025<br>Duration – 6 Month (As Per TS Slip) | | | | 12.12.2024 വരെ (161824*2%*23/92)<br>------------------<br>5663.84 ~ **5664**<br>20.05.2024 മുതൽ 12.12.2024 വരെ (6 മാസം 23ദിവസം) | |
| | 3 | പൂളാംകുണ്ട് ഫുട്പാത്ത് പൂർത്തീകരണം<br>പ്രോജക്റ്റ് നമ്പർ - 337/25<br>അടങ്കൽ തുക 1,43,000<br>ഫണ്ട് - തനത് ഫണ്ട്<br>കരാറുകാരൻ - ശ്രീ വി ജയ്ഫർ<br>പ്രൈസ് ഐഡി - 101770/2023<br>കരാർ - 96/AE/LID&EW/AKD/23-24/24.02.2024<br>PAC : 1,00,985<br>ചെലവ് തുക : 1,19,056/-<br>വൗച്ചർ നമ്പർ - 22401118/06.02.2025<br>Duration – 6 Month (As Per TS Slip) | 05.03.24 | 04.09.24 വരെ | 07.01.25 | **1009.85 രൂപ**<br>05.09.2024 മുതൽ 04.12.2024 വരെ (100985*1%)<br>**762.99 രൂപ**<br>05.12.2024 മുതൽ 07.01.2025വരെ (100985*2%*34/90)<br>------------------<br>1772.84 ~ **1773**<br>05.09.2024 മുതൽ 07.01.25 വരെ (3 മാസം 34ദിവസം) | |
| | 4 | അത്തിക്കൽത്തൊടി പൊരാണം കോളനി റോഡ് റീടാറിംഗ്<br>പ്രോജക്റ്റ് നമ്പർ - 279/25<br>അടങ്കൽ തുക 2,00,000<br>ഫണ്ട് - തനത് ഫണ്ട്<br>കരാറുകാരൻ - ശ്രീ ഫായിസ് പി<br>പ്രൈസ് ഐഡി - 94633/2023<br>കരാർ - 48/AE/LID&EW/AKD/23-24/09.01.2024<br>PAC : 1,69,361<br>ചെലവ് തുക : 1,99,698/-<br>വൗച്ചർ നമ്പർ - 22401236/28.02.2025<br>Duration – 6 Month (As Per TS Slip) | 19.01.24 | 18.07.24 വരെ | 17.02.25 | **1693.6 രൂപ**<br>19.07.2024 മുതൽ 18.10.2024 വരെ (169361*1%)<br>3387.22**രൂപ**<br>19.10.2024 മുതൽ 18.01.2025വരെ (169361*2%)<br>**1129.07 രൂപ**<br>19.01.2025 മുതൽ 17.02.2025വരെ (169361*2%*30/90)<br>------------------<br>6209.89 ~ **6210**<br>19.07.2024 മുതൽ 17.02.2025 വരെ (6 മാസം 30ദിവസം) | |
| | 5 | പൂച്ചക്കണ്ണി കൊടികുന്നത്ത് അൻസാർ റോഡ് പുനരുദ്ധാരണം<br>പ്രോജക്റ്റ് നമ്പർ - 391/25<br>അടങ്കൽ തുക 5,00,000<br>ഫണ്ട് - തനത് ഫണ്ട്<br>കരാറുകാരൻ - ശ്രീ മുർഷാദ് കെ<br>പ്രൈസ് ഐഡി - 109055/2023<br>കരാർ - 67/AE/LID&EW/AKD/23-24/08.02.2024<br>PAC : 3,33,803<br>ചെലവ് തുക : 3,98,559/-<br>വൗച്ചർ നമ്പർ - 22401319/14.03.2025<br>Duration – 6 Month (As Per TS Slip) | 18.02.24 | 17.08.24 വരെ | 05.03.25 | **3338.03 രൂപ**<br>18.08.2024 മുതൽ 17.11.2024 വരെ (333803*1%)<br>**6676.06രൂപ**<br>18.11.2024 മുതൽ 17.02.2025വരെ (333803*2%)<br>**1200.19 രൂപ**<br>18.02.2025 മുതൽ 05.03.2025വരെ (333803*2%*16/89)<br>------------------<br>11214.28 ~ **11214**<br>18.08.2024 മുതൽ 05.03.2025 വരെ (6 മാസം 16ദിവസം) | |
| | 6 | കളത്തിങ്ങൽ ഫുട്പാത്ത് പുനരുദ്ധാരണം രണ്ടാം | 25.01.24 | 24.07.24 വരെ | 13.03.25 | **10853.12 രൂപ** | |

| | | | | | | |
|---|---|---|---|---|---|---|
| | | ഘട്ടം<br>പ്രോജക്റ്റ് നമ്പർ - 390/25<br>അടങ്കൽ തുക 15,00,000<br>ഫണ്ട് - തനത് ഫണ്ട്<br>കരാറുകാരൻ - ശ്രീ ജാഷിദ് എം ഇ<br>പ്രൈസ് ഐഡി - 126779/2023<br>കരാർ - 51/AE/LID&EW/AKD/23-24/15.01.2024<br>PAC : 10,85,312<br>ചെലവ് തുക : 12,72,348/-<br>വൗച്ചർ നമ്പർ - 22400575/22.10.2024(716484/-)<br>22401424/28.03.2025(555864/-)<br>Duration – 6 Month (As Per TS Slip) | | | | 25.07.2024 മുതൽ 24.10.2024 വരെ (1085312*1%)<br>**21706.24രൂപ**<br>25.10.2024 മുതൽ 24.01.2025വരെ (1085312*2%)<br>**11576.66 രൂപ**<br>25.01.2025 മുതൽ 13.03.2025വരെ (1085312*2%*48/90)<br>-------------------<br>44136.02 ~ **44136**<br>25.07.2024 മുതൽ 13.03.2025 വരെ (6 മാസം 48ദിവസം) |
| | 7 | വേളിപ്പറമ്പ് വല്ലാനിക്കാട് പഞ്ചായത്ത് കുളം ഫുട്പാത്ത് പുനരുദ്ധാരണം<br>പ്രോജക്റ്റ് നമ്പർ - 276/25<br>അടങ്കൽ തുക 1,50,000<br>ഫണ്ട് - തനത് ഫണ്ട്<br>കരാറുകാരൻ - ശ്രീ അബ്ദുൾ നാസർ<br>പ്രൈസ് ഐഡി - 109617/2023<br>കരാർ - 62/AE/LID&EW/AKD/23-24/17.01.2024<br>PAC : 1,27,061<br>ചെലവ് തുക : 1,33,450/-<br>വൗച്ചർ നമ്പർ - 22400576/22.10.2024(133450/-)<br>Duration – 6 Month (As Per TS Slip) | 27.01.24 | 26.07.24 വരെ | 03.09.24 | **538.62 രൂപ `539**<br>27.07.2024 മുതൽ 03.09.2024 വരെ (127061*1%*39/92)<br>27.07.2024 മുതൽ 03.09.2024 വരെ (39 ദിവസം) |
| | 8 | ചെമ്പാ പറമ്പ് ചോയത്തല റോഡ് പുനരുദ്ധാരണം<br>പ്രോജക്റ്റ് നമ്പർ - 395/25<br>അടങ്കൽ തുക 300000<br>ഫണ്ട് - തനത് ഫണ്ട്<br>കരാറുകാരൻ - ശ്രീ യൂസഫ് സി<br>പ്രൈസ് ഐഡി - 66519/2023<br>കരാർ - 60/AE/LID&EW/AKD/23-24/17.01.2024<br>PAC : 2,34,550<br>ചെലവ് തുക : 2,76,761/-<br>വൗച്ചർ നമ്പർ - 22400658/22.11.2024(2,76,671/-)<br>Duration – 6 Month (As Per TS Slip) | 27.01.2024 | 26.07.24 വരെ | 19.10.24 | **2167.03 രൂപ**<br>27.07.24 മുതൽ 19.10.24 വരെ (234550*1%*85/92)<br>-------------------<br>2167.03 ~ **2167**<br>27.07.24 മുതൽ 19.10.24 വരെ (85ദിവസം) |
| | 9 | ന്യൂ ബസാർ താഴത്തങ്ങാടി റോഡ് ഐറിഷ്<br>പ്രോജക്റ്റ് നമ്പർ - 346/25<br>അടങ്കൽ തുക 2,00,000<br>ഫണ്ട് - മെയിന്റനൻസ് റോഡ് ഫണ്ട്<br>കരാറുകാരൻ - ശ്രീ ജാസിദ് എം വി<br>പ്രൈസ് ഐഡി - 90341/2023 | 19.11.2023 | 18.05.24 വരെ | 30.09.24 | **1355.74 രൂപ**<br>19.05.2024 മുതൽ 18.08.2024 വരെ (135574*1%)<br>**1267.32 രൂപ**<br>19.08.2024 മുതൽ 30.09.2024 വരെ (135574*2%*43/92)<br>---------------------- |

| | | | | | | |
|---|---|---|---|---|---|---|
| | | കരാർ - 26/AE/LID&EW/ AKD/23-24/09.11.2023<br>PAC : 1,35,574<br>ചെലവ് തുക : 1,59,425/-<br>ബിൽ നമ്പർ - 24150952024300822971/25.10.2024 ( 159425/-)<br>Duration – 6 Month (As Per TS Slip) | | | | 2623.06 ~ **2623**<br>19.05.2024 മുതൽ 30.09.2024 വരെ (3 മാസം 43ദിവസം) |
| | 10 | പാറമ്മൽ അംഗൻവാടി സെന്റർ നമ്പർ 33 പൂർത്തീകരണം<br>പ്രോജക്റ്റ് നമ്പർ - 309/25<br>അടങ്കൽ തുക 7,50,000<br>ഫണ്ട് - Development Fund(CFC Basic Grant ) - 500000 , Maintenance Fund - Non-Road Assets - 20049<br>കരാറുകാരൻ - ശ്രീ ഫായിസ് പി<br>പ്രൈസ് ഐഡി - 94503/2023<br>കരാർ - 47AE/LID&EW/ AKD/23-24/09.01.2024<br>PAC : 6,34,855<br>ചെലവ് തുക : 7,49,114/-<br>ബിൽ നമ്പർ - 23150952024301544425/25.03.2024 ( 2,29,951/-)(23-24)<br>23150952024301544425/25.03.2024 ( 3,20,744/-)<br>24150952024300822975/25.10.2024 ( 20,049/-)<br>22400636/18.11.2024 ( 1,78,370/-)<br>Duration – 6 Month (As Per TS Slip) | 19.01.2024 | 18.07.24 വരെ | 03.09.24 | **3243.28 രൂപ**<br>19.07.2024 മുതൽ 03.09.2024 വരെ (634855*1%*47/92)<br>-----------------------<br>**3243.28 ~ 3243**<br>19.07.2024 മുതൽ 03.09.2024 വരെ ( 47ദിവസം) |
| | 11 | നെച്ചിപ്പറമ്പ് - നടുക്കാവുങ്ങൽ റോഡ് ഐറിഷ്<br>പ്രോജക്റ്റ് നമ്പർ - 363/25<br>അടങ്കൽ തുക 4,00,000<br>ഫണ്ട് - Own Fund - 72030 , Maintenance Fund - Road Assets - 300000<br>കരാറുകാരൻ - ശ്രീ ജാസിദ് എം പി<br>പ്രൈസ് ഐഡി - 1478/2024<br>കരാർ - 82/LID&EW/ AKD/23-24/17.02.2024<br>PAC : 3,15,280<br>ചെലവ് തുക : 3,72,030/-<br>ബിൽ നമ്പർ - 24150952024300822976/25.10.2024 ( 3,00,000/-)<br>22400626/18.11.2024 ( 72,030/-)<br>Duration – 6 Month (As Per TS Slip) | 25.02.2024 | 24.08.24 വരെ | 30.09.24 | **1267.97 രൂപ**<br>25.08.2024 മുതൽ 30.09.2024 വരെ (315280*1%*37/92)<br>-----------------------<br>**1267.97 ~ 1268**<br>25.08.2024 മുതൽ 30.09.2024 വരെ ( 37ദിവസം) |
| | 12 | തിരുവച്ചാൽ അംഗൻവാടി പുനരുദ്ധാരണം<br>പ്രോജക്റ്റ് നമ്പർ - 374/25<br>അടങ്കൽ തുക 7,00,000<br>ഫണ്ട് - Maintenance Fund - Non- | 05.03.24 | 04.09.24 | 19.10.2024 | **2933.01 രൂപ**<br>05.09.2024 മുതൽ 19.10.2024 വരെ (593120*1%*45/91)<br>----------------------- |

| | | | | | | | |
|---|---|---|---|---|---|---|---|
| | | Road Assets - 700000<br>കരാറുകാരൻ - ശ്രീ ഫായിസ് പി<br>പ്രൈസ് ഐഡി - 7563/2024<br>കരാർ - 98/LID&EW/ AKD/23-24/24.02.2024<br>PAC : 5,93,120<br>ചെലവ് തുക : 6,99,803/-<br>ബിൽ നമ്പർ -<br>241509520243006071 39/02.09.2024 ( 3,69382/-)<br>241509520243007233 18/28.09.2024 ( 1,89,267/-)<br>241509520243008450 34/30.10.2024 ( 1,41,154/-)<br>Duration – 6 Month (As Per TS Slip) | | | | **2933.01 ~ 2933**<br>05.09.2024 മുതൽ 19.10.2024 വരെ ( 45 ദിവസം) | |
| | 13 | മൂഴിക്കൽ റോഡ് പുനരുദ്ധാരണം<br>പ്രോജക്റ്റ് നമ്പർ - 349/25<br>അടങ്കൽ തുക 3,00,000<br>ഫണ്ട് - Maintenance Fund - Road Assets - 300000<br>കരാറുകാരൻ - ശ്രീ മുബഷിർ അലി<br>പ്രൈസ് ഐഡി - 10894/2024<br>കരാർ - 113/LID&EW/ AKD/23-24/07.03.2024<br>PAC :1,99,564<br>ചെലവ് തുക : 2,35,473/-<br>ബിൽ നമ്പർ -<br>241509520243010758 54/21.12.2024 ( 2,35,473/-)<br>Duration – 6 Month (As Per TS Slip) | 12.03.2024 | 11.09.24 | 13.12.2024 | **1995.64 രൂപ**<br>12.09.2024 മുതൽ 11.12.2024 വരെ (199564*1%)<br>**87.72 രൂപ**<br>12.12.2024 മുതൽ 13.12.2024വരെ (199564*2%*2/91)<br>-------------------<br>2083.36 ~**2083**<br>12.09.2024 മുതൽ 13.12.2024 വരെ (3 മാസം 2 ദിവസം) | |
| | 14 | ചെത്തുവഴിപ്പുറം മിൽ അംഗൻവാടി<br>പ്രോജക്റ്റ് നമ്പർ - 306/25<br>അടങ്കൽ തുക 2,50,000<br>ഫണ്ട് - Own Fund - 150000 , Maintenance Fund - Road Assets - 11917<br>കരാറുകാരൻ - ശ്രീ നൗഷാദ് . കെ പ്രൈസ് ഐഡി - 79682/2023<br>കരാർ - 24/LID&EW/ AKD/23-24/09.11.2023<br>PAC : 1,37,218<br>ചെലവ് തുക : 1,61,911/-<br>ബിൽ നമ്പർ -<br>241509520243011470 57/08.01.2025 ( 11,917/-)<br>22401032/14.01.2024 (1,49,994/-)<br>Duration – 6 Month (As Per TS Slip) | 19.11.2023 | 18.05.2024 | 13.12.2024 | **1372.18 രൂപ**<br>19.05.2024 മുതൽ 18.08.2024 വരെ (137218*1%)<br>**2744.36രൂപ**<br>19.08.2024 മുതൽ 18.11.2024വരെ (137218*2%)<br>**745.75 രൂപ**<br>19.11.2024 മുതൽ 13.12.2024വരെ (137218*2%*25/92)<br>-------------------<br>4862.29 ~ **4862**<br>19.05.2024 മുതൽ 13.12.2024 വരെ (6 മാസം 25 ദിവസം) | |
| | 15 | ഒട്ടുപാറ തെങ്ങുംചാല് നടക്കാവുങ്ങൾ റോഡ് റീടാറിംഗ്<br>പ്രോജക്റ്റ് നമ്പർ - 388/25<br>അടങ്കൽ തുക 5,00,000 | 12.03.2024 | 11.09.2024 | 22.02.2025 | **4192.01 രൂപ**<br>12.09.2024 മുതൽ 11.12.2024 വരെ (419201*1%)<br>**6800.37 രൂപ** | |

| | | | | | |
|---|---|---|---|---|---|
| | ഫണ്ട് - Development Fund(S.C.P) - 200000 , Maintenance Fund - Road Assets - 300000<br>കരാറുകാരൻ - ശ്രീ ഫായിസ് പി<br>പ്രൈസ് ഐഡി - 8423/2024<br>കരാർ - 111/LID&EW/AKD/23-24/05.03.2024<br>PAC :4,19,201<br>ചെലവ് തുക : 4,90,929/-<br>ബിൽ നമ്പർ -<br>24150952024301484269/10.03.2025 ( 3,00,000/-)<br>24150952024301484276/10.03.2025 ( 1,90,929/-)<br>Duration – 6 Month (As Per TS Slip) | | | | 12.12.2024 മുതൽ 22.02.2025വരെ (419201*2%*73/90)<br>-------------------<br>10992.38 ~ **10992**<br>12.09.2024 മുതൽ 22.02.2025 വരെ (3 മാസം 73 ദിവസം) |
| 16 | ചെമ്രക്കാട്ടൂർ അംഗൻവാടി പുനരുദ്ധാരണം പൂർത്തീകരണം<br>പ്രോജക്റ്റ് നമ്പർ - 404/25<br>അടങ്കൽ തുക 2,50,000<br>ഫണ്ട് - Maintenance Fund - Non-Road Assets - 250000<br>കരാറുകാരൻ - ശ്രീ ഉമ്മർ പി<br>പ്രൈസ് ഐഡി - 1786/2024<br>കരാർ - 79/LID&EW/AKD/23-24/16.02.2024<br>PAC : 1,71,144<br>ചെലവ് തുക : 2,04,168/-<br>ബിൽ നമ്പർ -<br>24150952024301663207/24.03.2025 ( 2,04,168/-)<br>Duration – 6 Month (As Per TS Slip) | 17.02.2024 | 16.08.2024 | 21.03.2025 | **1711.44 രൂപ**<br>17.08.2024 മുതൽ 16.11.2024 വരെ (171144*1%)<br>**3422.88രൂപ**<br>17.11.2024 മുതൽ 16.02.2025വരെ (171144*2%)<br>**1269.15 രൂപ**<br>17.02.2025 മുതൽ 21.03.2025വരെ (171144*2%*33/89)<br>-------------------<br>6403.47 ~ **6403**<br>17.08.2024 മുതൽ 21.03.2025 വരെ (6 മാസം 33 ദിവസം) 7 |
| | ആകെ | | | | 108711/- രൂപ |

പിഴ ഈടാക്കാത്തതിന് വ്യക്തമായ കാരണം ഉണ്ടെങ്കിൽ രേഖകൾ സഹിതം ലഭ്യമാക്കേണ്ടതും അല്ലാത്ത പക്ഷം,പിഴ ഈടാക്കി രശീതി സഹിതം പരിശോധനക്കായി ഹാജരാക്കേണ്ടതുമാണെന്നു കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 25 /23.06.2025) ലഭ്യമാക്കിയ മറുപടിയിൽ വിവിധ പ്രവൃത്തികൾ ദീർഘിപ്പിക്കാൻ ഇടയാക്കിയ സാഹചര്യം വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ആയത് സംബന്ധിച്ച് കരാറുകാരൻ കത്ത് നൽകുകയോ ഭരണ സമിതി തീരുമാനം എടുക്കുകയോ ചെയ്തതായുള്ള രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല. വ്യക്തമായ ഭരണ സമിതി തീരുമാനം കൂടാതെ കാലാവധി ദീർഘിപ്പിച്ച മേൽ പ്രവത്തികളിൽ നിന്നും പിഴ ഈടാക്കാത്തത് ക്രമപ്രകാരമല്ല. പിഴ ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-39 കൺവീനർ മുഖേന നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തിക്ക് അധികം തുക നൽകി.

ഗുണഭോക്തൃസമിതി മുഖേന നിർവ്വഹിക്കുന്ന പ്രവൃത്തികൾക്ക് പ്രൈസ് സോഫ്റ്റ് വെയറിൽ തയ്യാറാക്കുന്ന എസ്റ്റിമേറ്റുകളിൽ 7.5% തുക നികുതികൾക്കായി വകയിരുത്തുന്നുണ്ട്. 27.2.2016ലെ GO(P) 30/2016/പൊ.മ.വ. നമ്പർ ഉത്തരവ് പ്രകാരമാണ് കൺവീനർമാർക്ക് 7.5% ഓവർഹെഡ് ചാർജ്ജ് അനുവദിച്ച് ഉത്തരവായത്. പ്രസ്തുത ഉത്തരവിൽ കൺവീനർമാർ നൽകേണ്ട നികുതികൾ പ്രസ്തുത തുകയിൽ നിന്നും ഈടാക്കേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. ഇപ്രകാരം തയ്യാറാക്കിയ എസ്റ്റിമേറ്റ് അനുസരിച്ച് പ്രവൃത്തി നിർവ്വഹിച്ചതിന് ശേഷം ആകെ മൂല്യ നിർണ്ണയ തുകയിൽ നിന്ന് 5% വാറ്റ്, 2% ആദായ നികുതി, 1% നിർമ്മാണ തൊഴിലാളി ക്ഷേമ നിധി എന്നിവ കുറവ് ചെയ്താണ് കൺവീനർക്ക് തുക നൽകേണ്ടിയിരുന്നത്. എന്നാൽ വാറ്റ് നിലവിലില്ലാത്തതിനാൽ ഈ ഇനത്തിനായി വകയിരുത്തിയതിൽ നിന്ന് 5% തുക കുറവ് ചെയ്താണ് കൺവീനർക്ക് ബിൽ അനുവദിക്കേണ്ടതെന്ന് തദ്ദേശ സ്വയം ഭരണ വകുപ്പ് 16.3.2018 ലെ ഡി.ബി-9058/17/സി.ഇ/ത.സ്വ.ഭ.വ നമ്പർ കത്തിലൂടെ അറിയിച്ചിട്ടുള്ളതാണ്. അപ്രകാരം 5% തുക കുറവ് ചെയ്യാതെ ബില്ല് തയ്യാറാക്കിയതുമൂലം കൺവീനർക്ക് അധിക തുക നൽകാനിടയായതായി കാണുന്നു. നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി കൺവീനർമാർക്ക് 7.5% ഓവർഹെഡ് ചാർജ് മുഴുവനായും അനുവദിച്ചത് ക്രമപ്രകാരമല്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1). ചെമ്രക്കാട്ടൂർ ജി എൽ പി സ്കൂളിന് പൊതു ശൗചാലയം നിർമ്മിക്കൽ (310/25)

| | |
|---|---|
| പ്രൊജക്ട് | ചെമ്രക്കാട്ടൂർ ജി എൽ പി സ്കൂളിന് പൊതു ശൗചാലയം നിർമ്മിക്കൽ (310/25) |

| | |
|---|---|
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനീയർ |
| അടങ്കൽ/ ചെലവ് | 600000/ 554380 |
| ടി എസ് | TS/10460/2023 |
| കരാർ | 15/AE/LID&EW/AKD/23-24 Dated 03.07.2023 |
| M Book | E- MBook |
| കൺവീനർ | HM GLPS , ചെമ്രക്കാട്ടൂർ |
| മൂല്യ നിർണ്ണയം/ വൗച്ചർ നമ്പർ | 554380/-,<br>1. XVFC/24-25/P/38/13.01.2025 (58689/-)<br>2. XVFC/24-25/P/8/13.01.2025 (41961/-)<br>3.C102424403424/16.10.2024 (4,20,000/-) |
| അധിക ചെലവിന്റെ വിവരം | |
| നൽകിയ തുക | 554380 /- |
| നൽകാവുന്ന തുക [5 % കുറവ് ചെയ്ത്] | 528595/- |
| അധികം | 25785/- [Ie 554380 *5/107.5] |

അധികം തുക നൽകിയതിന് വിശദീകരണം നൽകുകയോ, തുക തിരികെ ഈടാക്കുകയോ ചെയ്യേണ്ടതാണെന്ന് കാണിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് ( 19 / 24-25/23.06.2025 ) മേൽ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത് പ്രൈസ് സോഫ്റ്റ്‌വെയർ മുഖേനയാണെന്നും ആയതിൽ ഇപ്രകാരം മാത്രമാണ് നൽകാൻ കഴിയുന്നതെന്നും അറിയിച്ചു. എന്നാൽ അധികം നൽകിയ തുക ബില്ലിൽ കുറവു ചെയ്യാത്തതിനാൽ കൺവീനർക്ക് അധിക തുക നൽകിയിട്ടുണ്ട്. അധികം തുക നൽകിയത് തിരികെ ഈടാക്കേണ്ടതാണ്.

## 1-40 പൊതുമരാമത്ത് പ്രവൃത്തികൾ - പൊതു അപാകതകൾ

അസിസ്റ്റന്റ് എഞ്ചിനിയർ 2024-25 ൽ നടപ്പാക്കിയ പ്രൊജക്ടുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധയിപ്പെട്ടു.

I). പ്രവൃത്തികൾ നടത്തിപ്പ്.

2024-25 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആകെ 335 പ്രൊജക്ടുകളാണ് തയ്യാറാക്കിയത്. ഇതിൽ 153 പ്രൊജക്ടുകളിലായി ആകെ 4,30,63,215/- രൂപയാണ് ചെലവഴിച്ചത്.

| | | | |
|---|---|---|---|
| ആകെ പദ്ധതി | 335 | ആകെ അടങ്കൽ | 6,65,78,117 |
| നടപ്പിലാക്കിയത് | 153 | ചെലവ് | 4,54,44,080 |
| ശതമാനം | 45.67% | ചെലവ് ശതമാനം | 68.25% |

സമയ ബന്ധിതമായി പ്രവൃത്തി പൂർത്തിയാക്കാൻ കഴിയാത്തത് മൂലം ഫണ്ടുകൾ ലാപ്സാവുന്നുണ്ട്. സമയ ബന്ധിതമായി പ്രവൃത്തി പൂർത്തികരിക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നു കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (22.06.2025) പദ്ധതികളുടെ ബാഹുല്യം കാരണമാണ് പദ്ധതികൾ പൂർത്തീകരിക്കാൻ കഴിയാതിരുന്നതെന്ന് അറിയിച്ചു. പ്രവൃത്തികളുടെ എണ്ണം കുറച്ച് സമയബന്ധിതമായി തീർപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

II). റോഡ് കണക്റ്റിവിറ്റി മാപ്പും പ്ലാനും .

പദ്ധതിയുടെ ഭാഗമായി റോഡ് കണക്ടിവിറ്റി മാപ്പു, റോഡ് കണക്ടിവിറ്റി പ്ലാൻ എന്നിവ തയ്യാറാക്കണമെന്ന് പദ്ധതി മാർഗ്ഗരേഖയിൽ നിർദേശിച്ചതാണ്. ആയവ തയ്യാറാക്കിയിട്ടുണ്ടെങ്കിൽ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണെന്നു കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (22/23.06.2025) R- Tract പദ്ധതി പൂർത്തീകരിച്ചിട്ടുണ്ടെന്ന് അറിയിച്ചു റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കി വിവരം അറിയിക്കേണ്ടതാണ്.

III). ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല.

ഗ്രാമപ്പഞ്ചായത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കാൻ പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള ആസ്തികളുടെ സമഗ്ര വികസനമാണ് ഇതു കൊണ്ട് ഉദ്ദേശിക്കുന്നത്. പദ്ധതി പരിശോധിച്ചതിൽ സർക്കാർ നിർദ്ദേശിക്കും പ്രകാരമുള്ള ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല എന്ന് വ്യക്തമായി. പദ്ധതികൾ നടപ്പിലാക്കുന്നതിന് മുൻപ് ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-41 പ്രവൃത്തി പൂർത്തീകരണ സമയം നീട്ടി നൽകൽ - പഞ്ചായത്ത് രാജ് ചട്ടങ്ങൾക്ക് വിരുദ്ധമായി ഭരണ സമിതി തീരുമാനം എടുത്തു.

ഗ്രാമ പഞ്ചായത്തുകളിൽ മരാമത്ത് പ്രവൃത്തികൾ നടത്തേണ്ടത് കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ അടിസ്ഥാനമാക്കിയാണ്. ഈ ചട്ടങ്ങളിൽ പ്രത്യക്ഷമായി പറഞ്ഞിട്ടുള്ള സംഗതികൾ ഒഴികെയുള്ളതിൽ പൊതുമരാമത്ത് വകുപ്പിൽ തത്സമയം അനുവർത്തിച്ചുവരുന്ന നടപടിക്രമം പാലിക്കേണ്ടതാണ് എന്നും ഈ ചട്ടത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. (ചട്ടം 18).

മരാമത്ത് പ്രവൃത്തി നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാത്ത സാഹചര്യത്തിൽ സ്വീകരിക്കേണ്ട നടപടികൾ മേൽ ചട്ടത്തിൽ പരാമർശിക്കുന്നില്ല. അതിനാൽ ഇക്കാര്യത്തിൽ പൊതു മരാമത്ത് വകുപ്പിൽ അനുവർത്തിച്ച് വരുന്ന നടപടിക്രമമാണ് പഞ്ചായത്ത് പാലിക്കേണ്ടത്.

പൊതു മരാമത്ത് മാന്വൽ പ്രകാരം പ്രവൃത്തി നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാത്ത സാഹചര്യത്തിൽ സ്വീകരിക്കേണ്ട നടപടികൾ താഴെ നൽകുന്നു.

**PWD Manual 2112** - കരാറുകാരന്റെതല്ലാത്ത കാരണത്താൽ പ്രവൃത്തി നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാൻ കഴിയാതെ വരികയാണെങ്കിൽ പൂർത്തീകരണ കാലാവധി നീട്ടി നല്കുന്നതിനുള്ള അപേക്ഷ കരാറുകാരൻ അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന പൂർത്തീകരണ കാലാവധി തീരുന്നതിന് മുമ്പായി നൽകേണ്ടതാണ്.

ഇപ്രകാരം അപേക്ഷിക്കുമ്പോൾ അനുവദിക്കുന്ന ഒറ്റത്തവണ വർദ്ധന പ്രവൃത്തിയുടെ ഒറിജിനൽ സമയത്തിന്റെ 25% അല്ലെങ്കിൽ 6മാസം ഏതാണോ കുറവ് അതിൽ അധികരിക്കാൻ പാടില്ല.

ഒരു പ്രവൃത്തിക്ക് ഇത്തരത്തിൽ പരമാവധി അനുവദിക്കാവുന്ന വർധന ആകെ പൂർത്തീകരണ സമയത്തിന്റെ പകുതിയിൽ കൂടാൻ പാടില്ല.

**PWD Manual 2112.1** -പൂർണ്ണമായോ ഭാഗികമായോ കരാറുകാരന്റെ പിഴവ് മൂലം പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി നീട്ടിനൽകേണ്ട ഘട്ടത്തിൽ ബിഡ്ഡിംഗ് ഡോക്യുമെന്റിൽ പരാമർശിച്ച നിരക്കിൽ പിഴ ചുമത്തി പ്രവൃത്തി പൂർത്തീകരണ കാലാവധി നീട്ടി നൽകാവുന്നതാണ്. (PWD Manual 2112.1 ) കരാറുകാരൻ അസിസ്റ്റന്റ് എഞ്ചിനിയർ മുഖേന പൂർത്തീകരണ കാലാവധി തീരുന്നതിന് മുമ്പായി അപേക്ഷ നൽകേണ്ടതും അതിൽ അസിസ്റ്റന്റ് എഞ്ചിനിയറുടെ ശുപാർശ അനുസരിച്ച് നടപടി സ്വീകരിക്കേണ്ടതുമാണ്.

**PWD Manual 2112.1**- നിശ്ചിത സമയത്തിനകം അപേക്ഷ നൽകാത്ത പ്രവൃത്തി കാലാവധി നീട്ടി നൽകാവുന്നതല്ല. അത്തരം സാഹചര്യത്തിൽ മുൻപ് അംഗീകരിച്ച സമയത്ത് കരാർ അവസാനിക്കുന്നതാണ്. പൂർത്തീകരണം വൈകിയത് കരാറുകാരന്റെ കാരണത്താൽ അല്ലെങ്കിൽ ഇതിന് പിഴ ഒന്നും ഈടാക്കേണ്ടതില്ല. എന്നാൽ കരാറുകാരന്റെ കാരണത്താലുള്ള വൈകൽ മൂലം പ്രവൃത്തി അവസാനിപ്പിക്കുന്ന അവസരത്തിൽ ടെർമിനേഷൻ സമയത്ത് ഈടാക്കേണ്ട നിരക്കിൽ കരാറുകാരനിൽ നിന്ന് പിഴ ഈടാക്കേണ്ടതാണ്.

എന്നാൽ മേൽ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി 14.01.2025 തിയ്യതിയിലെ 3/3(2)/2024നമ്പർ ഭരണ സമിതി തീരുമാനത്തിലൂടെ 35പ്രവൃത്തികൾക്ക് ഗ്രാമ പഞ്ചായത്ത് ഭരണ സമിതി പ്രവൃത്തി പൂർത്തീകരണ കാലയളവ് 31.03.2025 വരെ ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. ആയതിൽ ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| | പ്രവൃത്തി/ പൂർത്തീകരണ കാലയളവ് | പൂർത്തീകരിച്ച തിയ്യതി/ വൈകിയത് |
|---|---|---|
| 1 | **ചേക്കു് ഹാജി റോഡ് റീടാറിംഗ് ( 350/25 )**<br>പൂർത്തീകരണകാലയളവ്- 6 മാസം<br>സൈറ്റ് കൈമാറിയത്- 06.03.2024<br>**PAC - 253659** | 25.03.2025<br>വൈകിയത്- 12 മാസം 20 ദിവസം |
| 2 | **മൂഴിയിൽ റോഡ് കോൺക്രീറ്റും സൈഡ് കെട്ടും (296/25)**<br>പൂർത്തീകരണകാലയളവ്- 6 മാസം<br>**സൈറ്റ് കൈമാറിയത്- 26.01.2024**<br>**PAC - 124360** | 08.01.2025<br>വൈകിയത്- 11 മാസം 13 ദിവസം. |
| 3 | ചീക്കുളം ജി എച്ച് എസ് എസ് ഫുട്പാത്ത് നവീകരണം (303/25)<br>പൂർത്തീകരണകാലയളവ്- 6 മാസം<br>**സൈറ്റ് കൈമാറിയത്- 19.02.2024**<br>**PAC - 107514** | 22.01.2025<br>വൈകിയത്- 11 മാസം 03 ദിവസം. |
| 4 | **പനോളി ബസാർ - പുളിശേരിക്കടവ് റോഡ് പുനരുദ്ധാരണം (369/25)**<br>പൂർത്തീകരണകാലയളവ്- 6 മാസം<br>**സൈറ്റ് കൈമാറിയത്- 19.01.2024**<br>**PAC - 328300** | 05.02.2025<br>വൈകിയത്- 12 മാസം 17 ദിവസം. |
| 5 | **കൈതയിൽ പാറ – വല്ലാനിക്കാട് റോഡ് പുനരുദ്ധാരണം (370/25)**<br>പൂർത്തീകരണകാലയളവ്- 6 മാസം<br>**സൈറ്റ് കൈമാറിയത്- 19.01.2024**<br>**PAC - 2,34,812** | 08.02.2025<br>വൈകിയത്- 12 മാസം 20 ദിവസം. |

കാലാവധി ദീർഘിപ്പിച്ച് നൽകിയതിൽ താഴെ പരാമർശിക്കുന്ന അപാകതകൾ കണ്ടെത്തി.

1. കരാറുകാരന്റെ അപേക്ഷയും, അതിൽ അസിസ്റ്റന്റ് എഞ്ചിനിയറുടെ റിപ്പോർട്ടും ഇല്ല.
2. ഒറ്റത്തവണവർദ്ധന പ്രവൃത്തിയുടെ ഒറിജിനൽ സമയത്തിന്റെ 25% അല്ലെങ്കിൽ 6മാസം ഏതാണോ കുറവ് അതിൽ അധികരിക്കാൻ പാടില്ല എന്ന നിബന്ധന പാലിച്ചിട്ടില്ല.
3. ഒരു പ്രവൃത്തിക്ക് പരമാവധി അനുവദിക്കാവുന്ന വർധന ആകെ പൂർത്തീകരണ സമയത്തിന്റെ പകുതിയിൽ കൂടാൻ പാടില്ല എന്ന നിബന്ധന പാലിച്ചിട്ടില്ല.
4. പൂർണ്ണമായോ ഭാഗികമായോ കരാറുകാരന്റെ പിഴവ് മൂലമാണോ പ്രവൃത്തി വൈകിയത് എന്ന് പരിശോധിച്ച് തീരുമാനമെടുക്കുകയും ഈടാക്കേണ്ട പിഴ ഈടാക്കാൻ നിർദ്ദേശം നൽകുകയും ചെയ്തിട്ടില്ല.
5. നിശ്ചിത സമയത്തിനകം അപേക്ഷ നൽകാത്ത പ്രവൃത്തി കാലാവധി നീട്ടി നൽകാവുന്നതല്ല. എന്ന നിർദ്ദേശം പാലിക്കാതെ പ്രവൃത്തി പൂർത്തീകരണ കാലാവധി നീട്ടി നൽകി.

പഞ്ചായത്ത് രാജ് ചട്ടങ്ങൾക്കും സർക്കാർ ഉത്തരവുകൾക്കും വിരുദ്ധമായ നടപടികൾക്ക് വിശദീകരണം

ലഭ്യമാക്കേണ്ടതാണെന്നു കാണിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (08/09.06.2025) കരാറുകാർ പ്രവൃത്തികൾ നീട്ടി നൽകുന്നതിനായി നൽകിയ അപേക്ഷകൾ ഫയലിൽ വെക്കാൻ വിട്ടു പോയതാണെന്നും കാലവർഷം നേരത്തെ ആയതിനാലും കോൺക്രീറ്റിനായി ഡബിൾഡ്രം ലഭ്യമാവാത്തതിനാലുമാണ് പ്രവൃത്തികൾ വൈകിയതെന്ന് അറിയിച്ചു. എന്നാൽ മേൽ പ്രവൃത്തികളുടെ കാലാവധി അംഗീകൃത സമയപരിധിക്കപ്പുറം നീട്ടിക്കൊടുത്തിട്ടുണ്ട് എന്നതിനാൽ തന്നെ മേൽ മറുപടി അംഗീകരിക്കാവുന്നതല്ല. മരാമത്ത് പ്രവൃത്തികൾ സമയപരിധിപാലിച്ച് പൂർത്തീകരിക്കുന്നുണ്ടെന്നും അല്ലാത്ത പക്ഷം പൊതു മരാമത്ത് മാന്വൽ പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ച് മാത്രമാണ് കാലാവധി നീട്ടി നൽകുന്നതെന്നും ഉറപ്പ് വരുത്തേണ്ടതാണ്.

## 1-42 അസി. എഞ്ചിയറുടെ പേരിലുള്ള അക്കൗണ്ടുകളിലെ തുക തനത് ഫണ്ടിലേക്ക് മുതൽകൂട്ടേണ്ടതാണ്.

അസി. എഞ്ചിനീയറുടെ പേരിലുള്ള അക്കൗണ്ടുകൾ, നീക്കിയിരുപ്പ് എന്നിവ താഴെ ചേർക്കുന്നു.

| ക്ര.ന | അക്കൗണ്ടിന്റെ വിവരം | നീക്കിയിരുപ്പ് തുക | വിവരണം |
|---|---|---|---|
| 1 | 37854506409 SBI, Areacode | 254709/- (As On 10.09.2024) | ഇ ടെണ്ടർ മുഖേന അസി. എഞ്ചിനീയർ നിർവ്വഹണം നടത്തുന്ന പ്രവൃത്തികളുടെ ടെണ്ടർ ഫീ, പഞ്ചായത്തിൽ നിന്നുള്ള തുക എന്നിവ ലഭിക്കുന്നതിനുള്ള അക്കൗണ്ട്. |
| 2 | 67096253226- SBI , Areacode | 176018/- (As On 25.09.2023) | അക്കൗണ്ടിൽ 25.09.2020 മുതൽ പലിശ വരവ് മാത്രമാണ് ഉള്ളത്. അക്കൗണ്ട് നിലനിർത്തുന്നതിന്റെ ആവശ്യകത വ്യക്തമാക്കേണ്ടതാണ്. |
| 3 | 799011400001281- Sub Treasury Areacode | 319424/- (As On 26.09.2024) | |

അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിലുള്ള മേൽ അക്കൗണ്ടുകൾ വാർഷിക കണക്കിന്റെ ഭാഗമല്ല.പൊതുമരാമത്ത് പ്രവൃത്തികളുടെ തനത് ഫണ്ട് വിഹിതം, ടെണ്ടർ ഫീ ഇനത്തിലെ വരവുകൾ എന്നിവയാണ് അക്കൗണ്ടുകളിൽ വരുന്നതിന് സാധ്യതയുള്ളത്. പ്രവൃത്തി പൂർത്തീകരിച്ച കരാറുകാരന് നൽകേണ്ട തുക കരാറുകാരനും പ്രവൃത്തിയുടെ തുകയിൽ നിന്നും ഈടാക്കേണ്ട നിയമാനുസൃത കിഴിവുകൾ അതാതു വകുപ്പുകൾക്കും ടെണ്ടർ ഫീ ഇനത്തിലെ തുക പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിലേക്കും യഥാസമയം നൽകിയാൽ ഇത്തരത്തിൽ നീക്കിയിരിപ്പ് ഉണ്ടാവുന്നതല്ല.

അക്കൗണ്ടിൽ നീക്കിയിരിപ്പുള്ള തുക ഏതെല്ലാം ഇനത്തിലാണെന്നതു വ്യക്തമാക്കേണ്ടതാണെന്നും ടെണ്ടർ ഫീ ഇനത്തിൽ വന്ന തുകകൾ പഞ്ചായത്തിന്റെ തനത് വരുമാനമായതിനാൽ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽകൂട്ടേണ്ടതാണെന്നും കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 18 / 23.06.2025 ) ലഭ്യമാക്കിയ മറുപടി പ്രകാരം ക്രമ നമ്പർ 1 അക്കൗണ്ടിൽ ഉള്ള തുകകൾ ടെണ്ടർ ഫീ ഇനത്തിൽ ലഭ്യമായതാണെന്നും മറ്റു രണ്ട് അക്കൗണ്ടുകളിലെ ബാലൻസ് തുക എന്താണെന്നതിൽ വ്യക്തത ഇല്ലെന്നും അറിയിച്ചു.

കറന്റ് അക്കൗണ്ടിൽ പണം സൂക്ഷിക്കുന്നതുമൂലം പലിശ ഇനത്തിൽ പഞ്ചായത്ത് ഫണ്ടിന് നഷ്ടം ഉണ്ടാവുന്നുണ്ട് എന്നതിനാൽ ഇ ടെണ്ടർ ഫീ ഇനത്തിൽ ലഭ്യമാവുന്ന തുകകൾ അതാത് സമയത്ത് തന്നെ തനത് ഫണ്ട് അക്കൗണ്ടിലേക്ക് മാറ്റേണ്ടതാണ്.

മറ്റു രണ്ട് അക്കൗണ്ടുകളിൽ കാലങ്ങളായി നിൽക്കുന്ന ബാലൻസ് തുകകൾ എത്രയും പെട്ടന്ന് പഞ്ചായത്ത് ഫണ്ടിലേക്ക് കൈമാറുന്നതിനു് നടപടി സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിന് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

## 1-43 കോക്ലിയാർ ഇംപ്ലാന്റേഷൻ-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

| | |
|---|---|
| പദ്ധതി | കോക്ലിയാർ ഇംപ്ലാന്റേഷൻ സോഷ്യൽ സെക്യൂരിറ്റി മിഷന് തുക നൽകൽ (559/25) |
| അടങ്കൽ | 100000(തനത് ഫണ്ട്) |
| ചെലവ് | 100000 (തനത് ഫണ്ട്) |
| വൗച്ചർ നമ്പർ | 22401395/24.03.2025 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ സി ഡി എസ് സൂപ്പർവൈസർ |

സ.ഉ. (കൈ) നം. 115/2022 തീ. 28.05.2022 (സബ്സിഡി, ധനസഹായം, അനുബന്ധ വിഷയങ്ങൾ) ഖ. 7.1.2 (ബി)(2) പ്രകാരം കോക്ലിയാർ ഇംപ്ലാന്റ് ചെയ്ത കുട്ടികൾക്ക് ഇംപ്ലാന്റഡ് ഉപകരണങ്ങളുടെ കാലാകാലങ്ങളിലുള്ള റിപ്പയറിംഗിന് ധനസഹായം നൽകാവുന്നതാണ്. ഇതിനായി ധനസഹായം ആവശ്യപ്പെട്ടുകൊണ്ട് അപേക്ഷ സമർപ്പിച്ച കുട്ടികളുടെ ഉപകരണങ്ങളുടെ മെയിന്റനൻസിനായി ഓരോ കുട്ടിക്കും 50,000/- രൂപ നിരക്കിലുള്ള തുകയും കുട്ടികളുടെ ലിസ്റ്റും സ്റ്റേറ്റ് ഹെൽത്ത് ഏജൻസി, കേരളക്ക് കൈമാറേണ്ടതാണെന്നും വർഷാവസാനം തുകയുടെ യൂട്ടിലൈസേഷൻ

സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിന് തദ്ദേശ സ്ഥാപനം നടപടികൾ സ്വീകരിക്കേണ്ടതാണെന്നും ഡിഎ1/284/2023 തസ്വഭവ തിയതി 09.11.2023 നമ്പർ സർക്കുലറിൽ നിർദ്ദേശിച്ചിട്ടുണ്ട്.

മേൽ സർക്കുലർ പ്രകാരം സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയിൽ നിന്നും യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭ്യമായിട്ടുണ്ടെങ്കിൽ ആയത് പരിശോധനക്ക് ഹാജരാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (30/23.06.25) യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിനായി സ്റ്റേറ്റ് ഹെൽത്ത് ഏജൻസിക്ക് കത്ത് നൽകിയിട്ടുള്ളതാണെന്നും ആയത് ലഭ്യമാകുന്ന മുറക്ക് ഓഡിറ്റിന് സമർപ്പിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാകുന്നത് വരെ ചെലവ് തുക (1,00,000) ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-44 പകൽ വീട് ഉപകരണങ്ങൾ വാങ്ങൽ-അപാകതകൾ

| | |
|---|---|
| പദ്ധതി | പകൽ വീട് ഉപകരണങ്ങൾ വാങ്ങൽ-123/25 |
| അടങ്കൽ | 100000(നോൺ റോഡ്) |
| ചെലവ് | 40399 |
| ബിൽ നമ്പർ | 24150952024401698508/25.03.2015 |
| ഇൻവോയ്സ് നമ്പർ | 24 S-ARF-23631/25.03.2025 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ സി ഡി എസ് സൂപ്പർവൈസർ |

മേൽ പ്രൊജക്റ്റ് പ്രകാരം പകൽ വീട്ടിലേക്ക് ക്വട്ടേഷൻ നടപടികളിലൂടെ മ്യൂസിക് സിസ്റ്റവും( ബ്ലൂട്ടൂത്ത് സ്പീക്കർ), വാട്ടർ പ്യൂരിഫയറും വാങ്ങിയിട്ടുണ്ട്. ലഭ്യമായ 3 ക്വട്ടേഷനുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനം | ഇനം | വില | ആകെ വില (GST ഉൾപ്പെടെ) |
|---|---|---|---|---|
| 1 | മൈജി ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്, അരീക്കോട് | Boat Partypal 600 BT Speaker 220w Premium Black MSI | 34999 | 47989 |
| | | Captiyo UV Plus UF Aquaneeta Water Purifier | 12989.99 | |
| 2 | മൈജി ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്, അരീക്കോട് | WW156RTB CBTQEIL Water Purifier LG | 25400 | 40399 |
| | | Boat Partypal 390 BT Speaker Space Black MSI | 14999 | |
| 3 | മൈജി ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്, അരീക്കോട് | JBL Cinema SB 180 2.1 Soundbar JBLSB180BLKIN | 28999 | 44499 |
| | | Captiyo UV Plus UF Aquaneeta Water Purifier | 15500 | |

ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) ക്വട്ടേഷൻ നോട്ടീസ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ആയതിനാൽ തന്നെ ആവശ്യമായ ഉപകരണങ്ങളുടെ സ്പെസിഫിക്കേഷൻ എന്തൊക്കെയാണെന്ന് വ്യക്തമല്ല.

2) ലഭ്യമാക്കിയ കംപാരറ്റീവ് സ്റ്റേറ്റ്മെന്റിൽ (നിർവ്വഹണോദ്യോഗസ്ഥ സാക്ഷ്യപ്പെടുത്തിയിട്ടില്ല) 3 ക്വട്ടേഷനുകളുടെ വിശദാംശങ്ങൾ ചേർക്കുകയും കുറഞ്ഞ നിരക്കുള്ളത് സ്വീകരിക്കുന്നു എന്നും രേഖപ്പെടുത്തിയിട്ടുണ്ട്. (ഗ്രാമപഞ്ചായത്തിലെ 19.03.25 ലെ 2(2)/25 നമ്പർ തീരുമാനപ്രകാരം ഏറ്റവും കുറഞ്ഞ തുക കോട്ട് ചെയ്ത മേൽ പട്ടികയിലെ ക്രമ നമ്പർ 2 ക്വട്ടേഷൻ അംഗീകരിച്ചിട്ടുണ്ട്). എന്നാൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ക്വട്ടേഷനു പകരം ടാക്സ് ഇൻവോയ്സ് ആണ് ഫയലിൽ ചേർത്തിട്ടുള്ളത്. ആയതിനാൽ തന്നെ യഥാർത്ഥത്തിൽ കോട്ട് ചെയ്ത തുക എത്രയാണ് എന്നത് വ്യകതമല്ല.

3) ഒരേ സ്ഥാപനത്തിൽ നിന്നുള്ള 3 ക്വട്ടേഷനുകളാണ് ലഭ്യമായിട്ടുള്ളത്. വിവിധ സ്ഥാപനങ്ങളിൽ നിന്നുള്ള ക്വട്ടേഷനുകൾ ലഭ്യമാക്കാതെ ഒരു സ്ഥാപനത്തിൽ നിന്ന് തന്നെ വിവിധ കമ്പനികളുടെ ഉപകരണങ്ങൾ പ്രത്യേക ക്വട്ടേഷനുകളായി ലഭ്യമാക്കിയത് മാത്രം പരിഗണിച്ച് ആയതിൽ വില കുറവുള്ള ബ്രാന്റിനെ തിരഞ്ഞെടുത്തതിലുള്ള മാനദണ്ഡം വ്യക്തമല്ല.

4). ബിൽ, ഇൻവോയ്സ് എന്നിവയിലെ തിയതി 25.03.2025 ആണ്. എന്നാൽ പട്ടികയിലെ ക്രമ നമ്പർ 1, 3 എന്നിവയിൽ രേഖപ്പെടുത്തിയിട്ടുള്ള തിയതി (ക്വട്ടേഷൻ തിയതി) 24.04.2025 ആണ്. ആയതിനാൽ തന്നെ ഈ ക്വട്ടേഷനുകളുടെ

കൃത്യത ഓഡിറ്റിന് ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല.

5)ഇൻവോയ്സിൽ സ്റ്റോക്കിലെടുത്തതിന്റെ സാക്ഷ്യപത്രം നിർവ്വഹണോദ്യോഗസ്ഥ രേഖപ്പെടുത്തുകയോ ലഭ്യമാക്കിയ സ്റ്റോക്ക് രജിസ്റ്ററിൽ മേൽ ഉപകരണങ്ങൾ സ്റ്റോക്കിലെടുക്കുകയോ ചെയ്തിട്ടില്ല.(ഉപകരണങ്ങൾ പുതിയത് വാങ്ങി സ്ഥാപിക്കുമ്പോൾ ആയത് വാറണ്ടി ഉറപ്പ് വരുത്തി സ്റ്റോക്ക് നമ്പർ, ബിൽ, വാറണ്ടി തുടങ്ങിയ വിവരങ്ങൾ ചേർത്ത് KFC Form നം.18 രീതിയിൽ സ്റ്റോക്കിലെടുക്കുകയും സ്റ്റോക്ക് നമ്പറും പദ്ധതി നമ്പറും ഉപകരണങ്ങളിൽ രേഖപ്പെടുത്തേണ്ടതും വാറണ്ടി വിവരം സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുകയും സ്റ്റോക്ക് എന്ട്രി കൺട്രോളിംഗ് ഓഫീസർ സാക്ഷ്യപ്പെടുത്തുകയും ചെയ്യേണ്ടതാണ്. ഉപകരണങ്ങൾ ലഭ്യമാക്കുമ്പോൾ മേൽ കാര്യങ്ങൾ ഉറപ്പ് വരുത്തി സ്റ്റോക്കിലെടുത്ത ശേഷമേ ആയവയുടെ തുക അനുവദിക്കാവൂ എന്നതുൾപ്പടെയുള്ള കാര്യങ്ങൾ KFC Rule 140 മുതൽ 154 വരെ വ്യക്തമാക്കിയിട്ടുള്ളതാണ്. കേടാവുന്ന ഉപകരണങ്ങൾ കാരണം രേഖപ്പെടുത്തി കൺട്രോളിംഗ് ഓഫീസറുടെ സാക്ഷ്യപ്പെടുത്തലോട് കൂടി ഡെഡ് സ്റ്റോക്ക്/സ്ക്രാപ്പ് രജിസ്റ്ററിലേക്ക് മാറ്റേണ്ടതും ഇവ സർക്കാർ ഉത്തരവുകൾ പാലിച്ച് കൊണ്ട് കയ്യൊഴിയേണ്ടതുമാണ്. അല്ലാത്ത പക്ഷം ഉപകരണങ്ങൾ നഷ്ടപ്പെടുന്നതിനും കേടായാൽ വാറണ്ടി ഉറപ്പ് വരുത്താനാവാതെ റിപ്പയർ ചെയ്ത് അധിക ചെലവിന് കാരണമാകുന്നതുമാണ്. )

അപാകതകൾക്ക് രേഖകൾ സഹിതം വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (21/23.06.25) ക്വട്ടേഷൻ പരസ്യം (13.03.2025) ലഭ്യമാക്കിയെങ്കിലും ആയതിൽ ആവശ്യമുള്ള ഉപകരണങ്ങളുടെ സ്പെസിഫിക്കേഷൻ സൂചിപ്പിക്കാത്തതിനാൽ ഏത് തരത്തിലുള്ള ഉപകരണങ്ങളാണ് ആവശ്യമുള്ളത് എന്ന് വ്യക്തമല്ല. ക്വട്ടേഷൻ പ്രകാരം വ്യത്യസ്ത സ്പെസിഫിക്കേഷനുകളിലുള്ള മേൽ സ്ഥാപനം ലഭ്യമാക്കിയ 3 ക്വട്ടേഷനുകളിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ക്വട്ടേഷൻ സ്വീകരിച്ച് ഭരണ സമിതി അംഗീകരിച്ചിട്ടുള്ളതാണ് എന്നും മൈജി ക്രെഡിബിലിറ്റി ഉള്ള സ്ഥാപനമായതിനാലുമാണ് ഒരേ സ്ഥാപനത്തിൽ നിന്നുമുള്ള 3 ക്വട്ടേഷനുകൾ സ്വീകരിച്ചതുമെന്നാണ് മറുപടി ലഭ്യമാക്കിയത്.
എന്നാൽ കൃത്യമായ സ്പെസിഫിക്കേഷൻ ആവശ്യപ്പെടാതെയുള്ള ക്വട്ടേഷൻ പരസ്യത്തിന് ലഭ്യമാക്കിയ മേൽ ക്വട്ടേഷനുകളിൽ (ക്രമ നമ്പർ 4 അപാകതക്ക് വിശദീകരണം ലഭ്യമാക്കിയിട്ടില്ല) കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയത് അംഗീകരിച്ചതിന് കാരണം വ്യക്തമല്ല.
സ്റ്റോക്ക് രജിസ്റ്ററിൽ വിശദാംശങ്ങൾ ചേർത്ത് പരിശോധനക്ക് ഹാജരാക്കി. എന്നാൽ ആയത് ക്രമ നമ്പർ 5 പ്രകാരം പകൽ വീട് സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തിട്ടോയെന്ന് വ്യക്തമാക്കിയിട്ടില്ല. അപാകതകൾക്ക് വ്യക്തമായ മറുപടി രേഖകൾ സഹിതം ലഭ്യമാക്കുന്നത് വരെ ചെലവ് തുക (40339 രൂപ) തടസ്സം ചെയ്യുന്നു.

## 1-45 ഐ സി ഡി എസ് സൂപ്പർവൈസർ നടപ്പിലാക്കിയ വിവിധ പദ്ധതികൾ-സ്റ്റോക്കെടുപ്പ്, വിതരണം, മറ്റ് അപാകതകൾ

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണോദ്യോഗസ്ഥയായി നടപ്പിലാക്കിയ വിവിധ പ്രൊജക്റ്റുകളിൽ ഉപകരണങ്ങൾ, ഫർണ്ണിച്ചറുകൾ എന്നിവ ലഭ്യമാക്കുന്നതിനായി നടപ്പിലാക്കിയ പദ്ധതികളുടെ നിർവ്വഹണത്തിലും, പദ്ധതികൾ പ്രകാരം ലഭ്യമായ ഉപകരണങ്ങൾ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്യുന്നതിലും പരിപാലിക്കുന്നതിലും അപാകതകൾ കണ്ടെത്തി. വാങ്ങൽ വിശദാംശങ്ങൾ ചുവടെ പട്ടികയിൽ ചേർക്കുന്നു.

| ക്രമ നം | പദ്ധതി, ഫണ്ട്, ചെലവ് വിവരം | വിതരണം ചെയ്ത സ്ഥാപനം, ഇൻവോയ്സ്/ പർചേഴസ് രീതി | ലഭ്യമാക്കിയ ഉപകരണം | ഒരെണ്ണം വില | എണ്ണം | ആകെ വില /Gst ഉൾപ്പെടെയുള്ള വില |
|---|---|---|---|---|---|---|
| 1 | 236/25-അംഗനവാടികളിൽ മെറിഗോ റൗണ്ട് സ്ഥാപിക്കൽ<br>അടങ്കൽ 10,00,000 (NR)<br>ചെലവ്-6,40,000 (Bill No. 2415095202401320317 /13.02.2025) | ലിറ്റിൽ കെയർ &പ്ലേ ഒതുക്കുങ്ങൽ<br>LP23224-38/13.03.24<br>(ടെണ്ടർ) | MERRY GO ROUND | 28,571.43 | 20 | 571428.6<br>6,40,000 |
| 2 | 516/25-അംഗനവാടികളിലേക്ക് സ്റ്റോറേജ് കണ്ടെയ്നർ വാങ്ങൽ<br>അടങ്കൽ-<br>ചെലവ്-400000 (24150952024401520362/13.03.25 | IT Professional Cooperative Society<br>IT/24-25L856/05.3.25<br>(Gem Purchase) | Steel Drum LML Big 70 Ltr | 3571.43 | 100 | 357143<br>400000 |
| 3 | 113/25 വയോജനങ്ങൾക്ക് ഉപകരണങ്ങൾ വാങ്ങി നൽകൽ<br>അടങ്കൽ-2,48,000(പ്ലാൻ ഫണ്ട്)<br>ചെലവ്- 2,48,000<br>(24150952024401523839/13.03.25) | Keltron<br>Inv.N0 KLD/ HA/2024-25/1239/21.02.25<br>(Direct Purchase) | Digital Programmable BTE Type Hearing Aid Without Mould<br>1 Yr Warrenty | 8000 | 31 | 248000<br>248000 |
| 4 | 111/25 വയോജനങ്ങൾക്ക് കട്ടിൽ വാങ്ങി നൽകൽ<br>അടങ്കൽ-8,50,000(പ്ലാൻ | Vidco Enterprises<br>Inv.No-75/20.03.25<br>Inv.No-76/20.03.25 | കട്ടിൽ | 3694.07<br>3848 | 116 | 428513<br>4,46,368 |

| | | | | | | |
|---|---|---|---|---|---|---|
| | ഫണ്ട്)<br>ചെലവ്-4,46,368/-<br>(24150952024401662596/24.03.25) | Inv.No-77/20.03.25<br>(GEM Purchase) | | | | |
| 5 | 258/25 വയോജനങ്ങൾക്ക് കട്ടിൽ വാങ്ങി നൽകൽ (Spill Over)<br>അടങ്കൽ-4,00,200(പ്ലാൻ ഫണ്ട്)<br>ചെലവ്- 3,98,520 (24150952024401159895/10.01.25) | ARTCO<br>Inv.No-2024-25 PKD 78/02.12.24<br>Tender | കട്ടിൽ | 3127 | 108 | 337716<br>3,98,520 |

ഇത് സംബന്ധിച്ച ഫയലുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1)കേരള ഫിനാൻഷ്യൽ കോഡ് റൂൾ 140 മുതൽ 154 വരെ പ്രകാരം വാങ്ങുന്ന ഉപകരണങ്ങൾ ലഭ്യമായി ശരിയായ രീതിയിൽ സ്റ്റോക്കിലെടുത്ത ശേഷമാണ് തുക അനുവദിക്കാവുന്നത്. സ്റ്റോക്ക് രജിസ്റ്റർ പരിശോധനക്കായി ഹാജരാക്കിയെങ്കിലും മേൽ ഉപകരണങ്ങൾ / ഫർണ്ണിച്ചറുകൾ ഒന്നും തന്നെ ആയവ വാറണ്ടി ഉറപ്പ് വരുത്തി സ്റ്റോക്ക് നമ്പർ ചേർത്ത് സ്റ്റോക്കിലെടുക്കാതെ വിതരണ വിവരം മാത്രമാണ് ചേർത്തിട്ടുള്ളത്. ശരിയായ രീതിയിൽ സ്റ്റോക്കിലെടുക്കാതെ തുക അനുവദിച്ചത് എന്തടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കേണ്ടതാണ്.

2) ഇൻവോയ്സുകളുടെ പകർപ്പിലും സ്റ്റോക്കിലെടുത്തിട്ടുള്ളതായി നിർവ്വഹണോദ്യോഗസ്ഥ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

3) പട്ടികയിലെ ക്രമ നമ്പർ 3 പ്രകാരം വാങ്ങിയ 31 ഹിയറിംഗ് എയ്ഡുകളിൽ 30 എണ്ണം വിതരണം ചെയ്തിട്ടുള്ളതായിട്ടാണ് രജിസ്റ്ററിൽ ചേർത്തിട്ടുള്ളത്. അവശേഷിക്കുന്ന ഒന്ന് വിതരണം ചെയ്യാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

4)പട്ടികയിലെ ക്രമ നമ്പർ 1 പ്രകാരം, മെറിഗോ റൗണ്ട് അംഗനവാടികളിൽ സ്ഥാപിച്ചതിന്റെ ഇൻസ്റ്റലേഷൻ റിപ്പോർട്ട്/ മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ ലഭ്യമല്ല.

5) അംഗനവാടികളിലേക്ക് വിതരണം ചെയ്ത ഉപകരണങ്ങൾ അംഗനവാടി സ്റ്റോക്ക് രജിസ്റ്ററിൽ സ്റ്റോക്ക് എൻട്രി വരുത്തിയത് പരിശോധിക്കുന്നതിനായി അംഗനവാടി സ്റ്റോക്ക് രജിസ്റ്ററുകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

അപാകതക സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (33/25.03.25) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-46 പോഷാകാഹാര വിതരണം -പൂർണ്ണമായും സ്റ്റോക്കിലെടുത്തിട്ടില്ല.

| | |
|---|---|
| പ്രൊജക്റ്റ് | അംഗനവാടി അനുപൂരക പോഷകാഹാര പദ്ധതി ജനറൽ-109/25 |
| അടങ്കൽ | 4000000/- (2000000 പ്ലാൻ ഫണ്ട്, 2000000 കേന്ദ്രാവിഷ്കൃത ഫണ്ട്) |
| ചെലവ് | 1979625(പ്ലാൻ ഫണ്ട്)<br>1996808 (കേന്ദ്രാവിഷ്കൃത ഫണ്ട്) |
| നിർവ്വഹണോദ്യോഗസ്ഥ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണേദ്യോഗസ്ഥയായി നടപ്പിലാക്കിയ മേൽ പ്രൊജക്റ്റ് പരിശോധിച്ചതിൽ ഇൻവോയ്സ് പ്രകാരം ലഭ്യമാക്കിയ ആകെ പോഷകാഹാരത്തിന്റെ തൂക്കവും സ്റ്റോക്ക് രജിസ്റ്റർ പ്രകാരമുള്ള തൂക്കവും തമ്മിൽ വ്യത്യാസം കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ബിൽ നമ്പർ / വൗച്ചർ നമ്പർ/ തുക | ഇനം/ഇൻവോയ്സ് നമ്പർ | ഇൻവോയ്സ് പ്രകാരമുള്ള തൂക്കം | സ്റ്റോക്ക് രജിസ്റ്റർ പ്രകാരമുള്ള ആകെ തൂക്കം | കുറവ് |
|---|---|---|---|---|---|
| 1 | 24150952024400446900/ 23.07.24/12,25,452 | അമൃതം ന്യൂട്രിമിക്സ് 02/05.04.24 | 2489 Kg | 2433 Kg | 56 |
| 2 | | അമൃതം ന്യൂട്രിമിക്സ് 10/10.06.24 | 3333 Kg | 3323 Kg | 10 |
| 3 | 22400650/21.11.24 2,80,032 | നിലക്കടല 1001107/24129/14.08.24 | 92 Kg | 86 Kg | 6 |

മേൽ ഇനങ്ങൾ പൂർണ്ണമായും സ്റ്റോക്കിലെടുക്കാത്തതിന് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ്

എൻക്വയറിക്ക് (34/25.06.25) ക്രമ നമ്പർ 1, 3 എന്നിവ പ്രകാരമുള്ള അപാകത പരിഹരിച്ച് രേഖകൾ ലഭ്യമാക്കി. ക്രമ നമ്പർ 2 പ്രകാരം ആകെ 3323 Kg അമൃതം ന്യൂട്രിമിക്സ് തന്നെയാണ് ലഭ്യമായതെന്ന് അറിയിച്ചു. എന്നാൽ ഇൻവോയ്സ് (10/10.06.24)പ്രകാരം 3333 Kg യുടെ വില നൽകിയിട്ടുണ്ടെന്ന് വ്യക്താമാണ്. അധികം നൽകിയ തുക (10x70=700+gst) തിരികെ ഈടാക്കുകയോ ക്രമീകരിക്കുകയോ ചെയ്ത് വിവരം അറിയിക്കേണ്ടതാണ്.

## 1-47 ഭിന്നശേഷി സ്കോളർഷിപ്പ്-അധിക തുക അനുവദിച്ചത്-ഓഡിറ്റ് എൻക്വയറിയെതുടർന്ന് തിരിച്ചടവാക്കി

നിർവ്വഹണം - ഐ.സി.ഡി.എസ് സൂപ്പർവൈസർ

പദ്ധതി: - 108/25 ഭിന്നശേഷി വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് വിതരണം.

പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി അടങ്കൽ തുക 40,27,405/-രൂപയിൽ(27,47,405 പ്ലാൻ ഫണ്ട് വിഹിതം+9,60,000 ബ്ലോക്ക് പഞ്ചായത്ത് വിഹിതം+3,20,000 ജില്ലാ പഞ്ചായത്ത് വിഹിതം) ചുവടെ ചേർത്ത പ്രകാരം 35,71,300- രൂപ (2747394പ്ലാൻ ഫണ്ട് വിഹിതം+640000 ബ്ലോക്ക് പഞ്ചായത്ത് വിഹിതം+ 183906ജില്ലാ പഞ്ചായത്ത് വിഹിതം) വിവിധ ഭിന്നശേഷി വിദ്യാർത്ഥികൾക്കായി ചുവടെ ചേർത്ത ബില്ലുകൾ പ്രകാരം ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നം | ബിൽ നം/തിയതി | തുക |
|---|---|---|
| 1 | 2415095202440090876 3/06.11.24 | 252000 |
| 2 | 24150952024401010113/11.12.24 | 388000 |
| 3 | 24150952024401075540/21.12.24 | 480000 |
| 4 | 24150952024401114127/01.01.25 | 292500 |
| 5 | 24150952024401159898/10.01.25 | 226300 |
| 6 | 24150952024401285513/06.02.25 | 741000 |
| 7 | 24150952024401285519/06.02.25 | 427500 |
| 8 | 24150952024401307648/11.02.25 | 187500 |
| 9 | 24150952024401520362/11.03.25 | 360500 |
| 10 | 24150952024401555567/15.03.25 | 32094 |
| 11 | 24150952024401581081/18.03.25 | 183906 |
| ആകെ | | 3571300/- |

2024-25 വർഷത്തേക്ക് ബാധകമായ സബ്സിഡി മാർഗ്ഗരേഖ സ.ഉ(കൈ)നം. 115/2022/ത.സ്വ.ഭ.വ തിയതി. 28.05.2022 ഖണ്ഡിക 7.1.6 പട്ടികകൾ പ്രകാരം ശാരീരിക/മാനസിക വെല്ലുവിളികൾ നേരിടുന്ന ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് അനുവദിക്കേണ്ട തുക എത്രയെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

പ്രൊജക്റ്റുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ നിശ്ചയിച്ചിട്ടുള്ള തുകകളിൽ നിന്നും അധികരിച്ച് ചുവടെ ചേർത്തത് പ്രകാരം സ്കോളർഷിപ്പ് തുക നൽകിയിട്ടുണ്ട്.

| വിദ്യാർത്ഥിയുടെ പേര്, പഠിക്കുന്ന ക്ലാസ്, സ്ഥാപനം | ഭിന്നശേഷി സ്വഭാവം, സർട്ടിഫിക്കറ്റ് വിവരം | അനുവദിക്കാവുന്ന തുക | അനുവദിച്ച തുക, ബിൽ വിവരം | അധികം നൽകിയ തുക |
|---|---|---|---|---|
| വൈശാഖ് കെ<br>A/C No. 3431108002520<br>BA (മൂന്നാംവർഷ)<br>മഹാരാജാസ് കോളേജ് | കാഴ്ചക്കുറവ്<br>മെ.ബോ. സർട്ടിഫിക്കറ്റ് 1100/08തിയതി19.11.08 | 13,000 | 25000/- മുകളിലെ പട്ടികയിലെ ക്രമനം. 4,9 ബില്ലുകളിൽ നിന്നും യഥാക്രമം, 13000, 12000 എന്നിങ്ങനെ ആകെ 25000/- രൂപ അനുവദിച്ചു. | 12000 /- |
| മുസമ്മിൽ സി കെ<br>A/C No 67285966902<br>Plus One<br>GHSS Areekod | Severe Haemophelia A<br>District Hospital സർട്ടിഫിക്കറ്റ് നം. 337/22/22.04.22 | 8000 | 16,000 മുകളിലെ പട്ടികയിലെ ക്രമനം. 4,5ബില്ലുകളിൽ നിന്നും യഥാക്രമം, 8000 രൂപ വീതം 16000/- രൂപ അനുവദിച്ചു. | 8,000/- |

ഓഡിറ്റ് എൻക്വയറി (27/23.06.2025) നൽകകിയതിനെ തുടർന്ന് അധിക തുക 26.06.25 ലെ 25001814,25001815 എന്നീ രശീതികൾ പ്രകാരം യഥാക്രമം 12000,8000 രൂപ ഗ്രാമപഞ്ചായത്തിൽ അടവാക്കി. ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-48 ലൈഫ് ഭവന പദ്ധതി- ഭവന നിർമ്മാണം ആരംഭിച്ചില്ല

വി.ഇ.ഒ നിർവ്വഹണം നടത്തി വരുന്ന വിവിധ ലൈഫ് ഭവന നിർമ്മാണ പദ്ധതികൾ പ്രകാരം 2023-24 സാമ്പത്തിക വർഷം അഡ്വാൻസ് തുക കൈപ്പറ്റിയിട്ടും ചുവടെ ചേർത്ത ഗുണഭോക്താവ് ഭവന നിർമ്മാണം ആരംഭിച്ച് തുടർഗഡുക്കൾ കൈപ്പറ്റിയതായി കാണുന്നില്ല.

| | |
|---|---|
| ഗുണഭോക്താവിന്റെ പേര് | ശിൽപ പി W/ഠലിജിത്ത് എൻ, നെച്ചിപ്പറമ്പിൽ (H) |
| കൈപ്പറ്റിയ തുക, തിയതി | 40000/-, 12.01.2024(113/24) |
| അക്കൗണ്ട് നമ്പർ | 32627494648 |

മേൽ ഗുണഭോക്താവ് ഭവന നിർമ്മാണം ആരംഭിച്ച് തുടർഗഡുക്കൾ കൈപ്പറ്റിയിണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (32/25.06.25) ടിയാൻ വീടുപണി ആരംഭിച്ചിട്ടുണ്ടെന്നും 3 മാസത്തിനുള്ളിൽ പൂർത്തിയാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് കത്ത് നൽകിയിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കി. വീട് പണി പൂർത്തിയാക്കി വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 ഒരേ കേസ് അറ്റന്റ് ചെയ്ത വകയിൽ വക്കീൽ ഫീസ് രണ്ട് തവണ അനുവദിച്ചു.

ILGMS വൗച്ചർ പരിശോധനയിൽ അഡ്വേക്കേറ്റ് മുഹമ്മദ് നൗഷിക്ക് കേസ് ഫയൽ നമ്പർ WP(C) 37492 Of 2023 ക്ലോസ് ചെയത് 15.01.2024 ന് FM/01/2024 നമ്പർ കത്ത് പ്രകാരം 15000 രൂപ അനുവദിക്കുന്നതിനായി അപേക്ഷ സമർപ്പിക്കുകയും 27.11.2023 ന് ഹൈകോടതിയിൽ കേസ് അറ്റന്റ് ചെയ്ത വകയിൽ 2023-24 വർഷത്തിൽ 15000 രൂപ അനുവദിക്കുയും ചെയ്തിട്ടുണ്ട്.എന്നാൽ തുടർന്ന് 2024-25 വർഷത്തിൽ ഇതേ അപേക്ഷയിൽ (15.01.2024 ന് FM/01/2024 ) വീണ്ടും 15000 രൂപ വക്കിൽ ഫീസ് അനുവദിച്ചതായി കാണുന്നു.വിശദ വിവരം ചുവടെ

| വക്കിൽ/കേസ് | അനുവദിക്കാവുന്ന തുക | അനുവദിച്ചത് | വൗച്ചർ നമ്പർ | അധികം |
|---|---|---|---|---|
| അഡ്വേക്കേറ്റ്മുഹമ്മദ് നൗഷിക്ക് WP(C) 37492 Of 2023/27.11.2023 | 15000 | 15000 | 22301055/ 16.02.2024 | 15000 |
| | | 15000 | 22400342/ 23.7.24 | |
| | ആകെ | 30,000 | | 15000 |

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 39/25.6.25 ന് മറുപടി നൽകിയിട്ടില്ല. ഇൻവോയ്സ് പ്രകാരം ആവശ്യപ്പെട്ട 15000 രൂപക്ക് പകരം രണ്ട് സാമ്പത്തിക വർഷങ്ങളിൽ ആകെ 30,000 രൂപ അനുവദിക്കുക വഴി ഗ്രാമ പഞ്ചായത്തിനുണ്ടായ നഷ്ടം 15000 രൂപ ബന്ധപ്പെട്ട സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-2 Rain Gutter സ്ഥാപിക്കുന്നതിന് തെറ്റായ നിരക്ക് നൽകി- 90502/- രൂപയുടെ അധിക ചെലവ്

ശിഹാബ് തങ്ങൾ - കെ കരുണാകരൻ സ്മാരക ഷോപ്പിംഗ് കോംപ്ലക്സ് പുനരുദ്ധാരണം എന്ന പ്രൊജക്ടിൽ ഉൾപ്പെടുത്തി Rain Gutter സ്ഥാപിക്കുന്നതിന് തെറ്റായ നിരക്ക് നൽകിയത് മൂലം 90502/- രൂപയുടെ അധിക ചെലവ് ഉണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ശിഹാബ് തങ്ങൾ- കെ കരുണാകരൻ സ്മാരക ഷോപ്പിംഗ് കോംപ്ലക്സിന് രണ്ട് പ്രൊജക്ടുകളിലായി 129.7 മീറ്റർ നീളത്തിൽ 200mm Square Cut PVC 4kgf/Cm$^2$ ഉപയോഗിച്ച് Rain Gutter സ്ഥാപിച്ചിട്ടുണ്ട്. ആയതിന് Rs.1255.25/Meter നിരക്കാണ് നൽകിയിട്ടുള്ളത്. എന്നാൽ പ്രസ്തുത ഇനത്തിന് ജില്ലയിലെ മറ്റു ഗ്രാമ പഞ്ചായത്തുകളിൽ ഒബ്സേർവ്ഡ് ഡാറ്റ OD76023/2022-2023 പ്രകാരമുള്ള ഏകീകൃത നിരക്ക് (Rs.479.25/Meter) ആണ് അനുവദിക്കാറുള്ളത്. കൂടാതെ മേൽ പ്രവൃർത്തികളുടെ എസ്റ്റിറ്റിമേറ്റിലും കുറഞ്ഞ നിരക്കാണ് ഉൾപ്പെടുത്തിയിരുന്നത്. തുടർന്ന് എസ്റ്റിമേറ്റ് റിവൈസ് ചെയ്താണ് അധിക നിരക്ക് നൽകിയിട്ടുള്ളത്.

1 മീറ്റർ Rain Gutter ന്റെ മാർക്കറ്റ് നിരക്കിനോടൊപ്പം 10മീറ്റർ പ്രവൃത്തി ചെയ്യാനുള്ള ലേബർ, ഗാരേജ്, മുതലായവ നൽകിയതുമൂലമാണ് അധിക നിരക്ക് നൽകാനിടയായത് എന്ന് റിവൈസ് എസ്റ്റിമേറ്റിലെ ഒബ്സേർവ്ഡ് ഡാറ്റ പരിശോധിച്ചതിൽ നിന്നും ബോധ്യപ്പെട്ടു. പ്രൊജക്ടുകളുടേയും അധിക ചെലവിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവത്തി | നൽകിയ തുക | നൽകാവുന്നതുക | അധികം നൽകിയ തുക |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | 392/25 ശിഹാബ് തങ്ങൾ കെ കരുണാകരൻ സ്മാരക ഷോപ്പിംഗ് കോംപ്ലക്സ് പുനരുദ്ധാരണം (Price Id 7477/2024)<br>ബഹുവർഷ പ്രോജക്ട്<br>അടങ്കൽ: Own Fund - 2000000<br>TS: 7477/2024/29.01.2024<br>കരാറുകാരൻ: ശ്രീ ജയ്ഫർ<br>കരാർ: 92/AE/LID&EW/ AKD/23-24/24.02.2024<br>അളവ് പുസ്തകം: E- M Book<br>ചെലവ്: 1529552രൂപ<br>Voucher No : 22400473/06.09.24 (977132)<br>ചെക്ക് നമ്പർ XY5628212/06.09.2024<br>22400579/22.10.24 (454202)<br>22400645/21.11.24 (98218) | Rs. 54510/-<br>{Ie [(48 Metre* 1255.25/ Meter) – (23.33% Tender Variation) + (18% GST)} | Rs. 20812/-<br>{Ie [(48 Metre* 479.25/Meter) – (23.33% Tender Variation) + (18% GST)} | 33698/- |
| 2 | 331/25 ശിഹാബ് തങ്ങൾ കെ കരുണാകരൻ സ്മാരക ഷോപ്പിംഗ് കോംപ്ലക്സ് പുനരുദ്ധാരണം (Price Id 23863/2023)<br>ബഹുവർഷ പ്രോജക്ട്<br>അടങ്കൽ: Own Fund – 700000 (24-25)<br>2000000(23-24)<br>TS: 23863/2023/31-03-23<br>കരാറുകാരൻ: ശ്രീ ജയ്ഫർ<br>കരാർ: 14/AE/LID&EW/ AKD/23-24/09.06.2023<br>അളവ് പുസ്തകം: E- M Book<br>ചെലവ്: 697994 രൂപ (24-25)<br>Voucher No : 22301225/26.03.2024 (820000)<br>22400468/24.08.2024 (679965)<br>22400574/22.10.2024 (18029) | Rs. 91886/-<br>{Ie [(81.7metre* 1255.25/ Meter) – (24.07% Tender Variation) + (18% GST)} | Rs. 35082/-<br>{Ie [(81.7metre* 479.25/Meter) – (24.07% Tender Variation) + (18% GST)} | 56804/- |
| | | | | 90502/- |

അധികം നൽകിയ തുക ഈടാക്കേണ്ടതാണെന്നു കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 35/24-25/25.06.2025 ) ലഭ്യമാക്കിയ മറുപടി പ്രകാരം പ്രസ്തുത പ്രവൃത്തിക്ക് 160*75 EURO GUARD PVC PIPE ആണ് ഉപയോഗിച്ചിട്ടുള്ളതെന്നും പ്രവൃത്തിക്കായി ഉപയോഗിച്ച Dropper ഉൾപ്പെടുത്താതെയാണ് OD തയ്യാറാക്കിയതെന്നും Dropper കൂടി ഉൾപ്പെടുത്തി 1 മീറ്ററിന് കണക്കാക്കിയതാണ് 1255.25 രൂപ എന്നും അറിയിച്ചു. എന്നാൽ ഈ മറുപടി അംഗീകരിക്കാവുന്നതല്ല. തയ്യാറാക്കിയ OD പ്രകാരം Material Market Rate 285 / Metre ആണ്. അതിനോട് കൂടി 10 മീറ്ററിനുള്ള കൂലിചെലവാണ് കണക്കാക്കിയത്. ആയതിനാലാണ് അധിക ചെലവ് ഉണ്ടായിട്ടുള്ളത്.
നഷ്ട തുക റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയ അസി എഞ്ചിനീയർ, റിവൈസ്ഡ് എസ്റ്റിമേറ്റിന് അംഗീകാരം നൽകിയ അസി എക്സി. എഞ്ചിനീയർ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 മെഡിസെപ് പ്രീമിയം ഒടുക്ക് സംബന്ധിച്ചുള്ള പരിശോധന

അരീക്കോട് ഗ്രാമപ്പഞ്ചായത്ത് ജീവനക്കാരുടെ മെഡിസെപ് പ്രീമിയം ഒടുക്കുമായി ബന്ധപ്പെട്ട് ധനകാര്യവകുപ്പിൽ (എസ്റ്റാ.-ഡി) നിന്നുള്ള22.02.2025 ലെ സർക്കുലർ നമ്പർ എസ്റ്റാ.3-ഡി1/MEDNC2/13/24-ധന പ്രകാരമമുള്ള വിവരങ്ങൾ ശേഖരിച്ച് ഓഡിറ്റ് എൻക്വയറി. നം.03/2024-25/17.06.2025 ന് നൽകിയ മറുപടിയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

**1) മെഡിസെപ് പ്രീമിയം ഒടുക്ക് (റഗുലർ ജീവനക്കാർ)**

| ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം* | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|
| 18 | 10700 | 10700 | 0 | 8658-00-102-87(07) എന്ന ഹെഡിൽ ട്രഷറിയിൽ അടവാക്കിയിട്ടുണ്ട് |

*01-04-2024 മുതൽ 31-03-2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ളവരുടേത് ഒഴികെ.

**2) മെഡിസെപ് പ്രീമിയം ഒടുക്ക് (01-04-2024 മുതൽ 30-06-2024നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)**

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലങ്കിൽ 07/2023 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ)** | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|
| 0 | 0 | 0 | 0 | 0 | - |
| | | | | | |

**3) മെഡിസെപ് പ്രീമിയം ഒടുക്ക് (01-07-2024 ൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)**

| ജീവനക്കാരുടെ എണ്ണം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതലുള്ള കുടിശ്ശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് ഉൾപ്പെടെ) | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|
| 0 | 0 | 0 | 0 | - |
| | | | | |

**4) മെഡിസെപ് പ്രീമിയം ഒടുക്ക് (01-08-2024 മുതൽ 31-03-2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)**

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലങ്കിൽ 07/2024 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ)** | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|
| 0 | 0 | 0 | 0 | 0 | - |
| | | | | | |

## 4-2 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2024-25 | 2024-25 ഓഡിറ്റിന്റെ ഭാഗമായി പരിശോധിച്ചു | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി |

## 4-3 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്, നമ്പർ | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 130000 | ലൈഫ് ഭവന പദ്ധതി – ജനറൽ 103/25 | 130000 | 0 |
| | 260000 | ലൈഫ് ഭവന പദ്ധതി എസ്.സി. 104/25 | 260000 | 0 |
| | 640000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് വിതരണം 108/25 | 640000 | 0 |
| | 800000 | വയോജന പാർക്ക് സ്ഥാപിക്കൽ തുടർപ്രവർത്തനങ്ങൾ 108/25 | 800000 | 0 |
| ജില്ലാ പഞ്ചായത്ത് | 580000 | ലൈഫ് ഭവന പദ്ധതി – ജനറൽ 103/25 | 580000 | 0 |
| | 200000 | ലൈഫ് ഭവന പദ്ധതി എസ്.സി. പ്രോജക്റ്റ് നം. 104/25 | 200000 | 0 |
| | 183906 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് വിതരണം 108/25 | 183906 | 0 |
| | 400000 | ലൈഫ് ഭവന പദ്ധതി സ്ഥലം വാങ്ങൽ ജനറൽ | 400000 | 0 |
| | 380000 | പട്ടിക ജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് വിതരണം 63/25 | 380000 | 0 |

## 4-4 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ /ബിൽ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കി |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | | | | | യുള്ള തുക |
| കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | സ്ടീറ്റ് മെയിൻ വലിക്കലും മീറ്റർ സ്ഥാപിക്കലും ( 69/25) | 2415095201120159199O/19.3.25<br>XVFC/2024-25/P/58/30.3.25<br>XVFC/2024-25/P/53/29.3.25 | 2552541 | 0 | പൂർത്തീകരിച്ചില്ല | 2552541 |
| കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | ഇലക്ക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ കെ.എസ്.ഇ.ബി.യിൽ തുക അടവാക്കൽ (83/25) | 22401329/17.03.25<br>22401448/28.3.25 | 90869 | 0 | പൂർത്തീകരിച്ചിട്ടില്ല | 90869 |
| ANERT | കാർബൺ ന്യൂട്രൽ ഗ്രാമം -വിവിധ സ്കൂളുകളിൽ സോളാർ പാനൽ സ്ഥാപിക്കൽ (224/25) | 24150952023601479554/<br>10.03.25 | 9,98,250 | 0 | | 9,98,250 |

## 4-5 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

ഇല്ല.

## 4-6 വായ്പ/വായ്പ തിരിച്ചടവ്

| ക്രമ നം. | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാനബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | ലൈഫ് മിഷൻ ഭവന പദ്ധതി - എസ് സി | – | 0 | 1,74,65,066 | 13,18,786 | - | 1,61,46,280 |

കുറിപ്പ്-2023-24 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് പ്രകാരം വർഷാവസാനബാക്കി 1,75,26,046/- രൂപയാണ്. ലോൺ തുകയിൽ ഉൾപ്പെടുത്തിയിട്ടുണ്ടായിരുന്ന ലോൺ തുക പലിശയായ 60,980 രൂപ തനത് ഫണ്ടിലേക്ക് ക്രെഡിറ്റ് ചെയ്തിട്ടുള്ളതിനാൽ ആയത് കുറച്ചുള്ള 1,74,65,066 രൂപയാണ് മുൻബാക്കിയായി ചേർത്തിട്ടുള്ളത്.

## 4-7 സ്ഥിര നിക്ഷേപങ്ങൾ

എ) സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 2,00,00,000 |
| തൻവർഷം നിക്ഷേപിച്ച തുക(പലിശ) | 1602984 |
| ആകെ | 2,16,02,984 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 2,16,02,984 |

ബി) വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം

| നിക്ഷേപത്തിന്റെ വിവരം | തുക | രശീതി നം. |
|---|---|---|
| 001003010004237-2 | 10801492 | 45991/01.03.25 |
| 001003010004237-1 | 10801492 | 45992/01.03.25 |

## 4-8 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ / തിയ്യതി |
|---|---|---|---|---|
| 2022-23 | 1-13(1) | 4000/- | ഷിജിലേഷ് തിരുത്തിയിൽ ലൈസൻസ് ഫീ | 1240105729,31.01.2025 |
| 2023-24 | 1-61 | 23000 | ICDS സൂപ്പർവൈസർ | 1240102386/07.10.24 |
| 2023-24 | 1-20(3) | 8850 | ടാക്ക ഡോർസ് | 1240102537/26.10.24 |
| 2023-24 | 1-20(3) | 9204 | ടാക്ക വുഡ് ഇൻഡസ്ട്രീസ് | 1240102538/26.10.24 |
| 2023-24 | 1-20(3) | 7080 | ടാക്ക സോ മിൽ | 1240102539/26.10.24 |
| 2023-24 | 1-20(3) | 8850 | ടാക്ക ബോർഡ് | 1240102540/26.10.24 |
| 2023-24 | 1-20(3) | 14514 | ടാക്ക പാനൽസ് | 1240102541/26.10.24 |
| 2023-24 | 1-14 | 1454 | അബ്ദുറഹിമാൻ പി | 1240104491/23.12.24 |
| 2022-23 | 1-14 | 1813 | ജയഫർ വി | 1240104491/23.12.24 |
| 2022-23 | 1-14 | 2486 | സുമോദ് എ പി | 1240104497/23.12.24 |
| 2022-23 | 1-14 | 3421 | ഫായിസ് പി | 1240104498/23.12.24 |
| 2022-23 | 1-52 | 6600 | ഷക്കീൽ ബാബു | 1240105214/14.01.25 |
| **ആകെ** | | **91272** | | |

## 4-9 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം.

പഞ്ചായത്തില മുൻവർഷ ഓഡിററ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിററ് നിയമം23 -ാം വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളിൽ തീർപ്പാക്കാനവശേഷിക്കുന്നവയുടെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-01 | 2-21<br>2-22<br>2-20<br>2-30 | 2006-07 | | KSEB വിവിധ സ്ഥലങ്ങളിലേയ്ക്ക് ലൈൻ നീട്ടൽ | നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |
| 2000-01(exp) | 2-21<br>2-22 | 2006-07 | | നോട്ട് ബുക്ക് നിർമാണ യൂണിററുകൾ | “ |
| 1999-00 (Exp) | 2-30 | 2006-07 | | KSEB വിവിധ സ്ഥലങ്ങളിലേയ്ക്ക് ലൈൻ നീട്ടൽ 1210000 | “ |
| 2000-01 | 2-20 | 2006-07 | | KSEB വിവിധ സ്ഥലങ്ങളിലേയ്ക്ക് ലൈൻ നീട്ടൽ 397000 | “ |
| 1999-00 | 2-23 | 2006-07 | | KWA ഡെപ്പോസിററ് വിവിധ പദ്ധതികൾ | “ |
| 2000-01 | 2-30 | 2006-07 | | വൗച്ചറുകൾ ഹാജരാക്കിയില്ല | “ |
| 1999-00 | 2-24 | 2006-07 | | വൗച്ചറുകൾ ഹാജരാക്കിയില്ല | “ |
| | | 2012-13 | | പ്രവർത്തനക്ഷമത റിപ്പോർട്ട് (തൊഴിലുറപ്പു പദ്ധതി) | “ |
| 2013-14<br>14-15 | 3-1 | 2015-16 | | വെള്ളക്കരം അവലോകനം | നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |
| 2014-15 | 2(9) | 2016-17 | | തൊഴിൽ നികുതി-അപാകതകൾ | “ |

## 4-10 ചാർജ്/സർചാർജ് നടപടികളുടെ വിവരം

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ്. | സർചാർജ്ജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ, തിയ്യതി) | റവന്യു റിക്കവറിയിലൂടെ ഈടാക്കിയ തുക, രസീത് | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക |
|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പറും തിയ്യതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | |
| 1 | 2010-11 | 3-15 | ശ്രീ.ഉണ്ണികൃഷ്ണൻ. ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ, ആരോഗ്യ വകുപ്പ്. | LF 17736/ Spl.Cell/SCC/ D1/13/15.4.15 | 35000/- | -- | -- | -- | -- | -- | 35000/- |
| 2 | 1996-97 | 48(1)(3), (4)49(2) (3)50,51(1) (2)52,55 | വിളത സെക്രട്ടറി | LF 167196/ Spl.Cell/ SC3/2000 07.02.02 | 3028 | 240(para 50) 37223/43/02.12.04 | | | | 240 | 2788 |

## 4-11 ഓഡിറ്റ് പ്രത്യവലോകനം

### എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 8,54,12,954 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 8,35,65,243 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക. | 105502 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 9711931 |

### (ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ. | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും. |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ. | സർചാർജ് ചെയ്യാവുന്നവ. | |
| 3-1 | | 15000 | ശ്രീ.ഷാജു കെ എസ്, സെക്രട്ടറി |
| 3-2 | | 90502 | 1) ശ്രീ അലി മുബാറക്ക്, അസിസ്റ്റന്റ് എഞ്ചിനീയർ- Rs 45251<br>2) ശ്രീ ഷരീഫ് ഉമ്മിണിയിൽ അസിസ്റ്റന്റ് |

| | | | |
|---|---|---|---|
| | | | എക്സിക്യൂട്ടീവ് എഞ്ചിനീയർ Rs Rs 45251 |
| | ആകെ | 105502 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-21 | 90869 | ശ്രീമതി. പ്രീത വി. പ്രഭു, സെക്രട്ടറി |
| 1-22 | 2552541 | ശ്രീമതി. പ്രീത വി. പ്രഭു ,സെക്രട്ടറി |
| 1-24 | 10,00,000 | ശ്രീമതി. പ്രീത വി. പ്രഭു ,സെക്രട്ടറി |
| 1-26 | 999856 | ശ്രീമതി. പ്രീത വി. പ്രഭു ,സെക്രട്ടറി |
| 1-27 | 10,00,000 | ശ്രീമതി. പ്രീത വി. പ്രഭു,സെക്രട്ടറി |
| 1-28 | 940076 | ശ്രീ ആശാ കമാൽ, സെക്രട്ടറി (ഇൻ ചാർജ്) |
| 1-31 | 998250 | ശ്രീ. ഷൈൻ പി. ജോസ് ,ഹെഡ് മാസ്റ്റർ |
| 1-32 | 15,00,000 | ശ്രീ. ഷൈൻ പി. ജോസ് , ഹെഡ് മാസ്റ്റർ |
| 1-33 | 490000 | ശ്രീ. ഷൈൻ പി. ജോസ്,ഹെഡ് മാസ്റ്റർ |
| 1-43 | 100000 | ശ്രീമതി നിഷ,<br>ഐ സി ഡി എസ് സൂപ്പർവൈസർ |
| 1-44 | 40339 | ശ്രീമതി നിഷ,<br>ഐ സി ഡി എസ് സൂപ്പർവൈസർ |
| **ആകെ** | **9711931** | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ ഷാജു കെ എസ്, സെക്രട്ടറി | സെക്രട്ടറി, തിരുവമ്പാടി ഗ്രാമ പഞ്ചായത്ത് | കരിമ്പനക്കണ്ടി ഹൗസ്, കുമാരനല്ലൂർ പി.ഒ, മുക്കം വഴി,കോഴിക്കോട്.പിൻ-673602<br>ഫോൺ-7025365029<br>Email.Shajukmukkam@Gmail.Com |
| അലി മുബാറക് സി. കെ., അസിസ്റ്റന്റ് എഞ്ചിനീയർ | LSGD യിൽ നിന്ന് റിലീവ് ചെയ്തു | അലി മൻസിൽ, കൊടമ്പാട്ടിൽ, കാലിക്കറ്റ് യൂണിവേഴ്സിറ്റി പി.ഒ., ചേലേമ്പ്ര, മലപ്പുറം<br>Alimubarackck@Gmail.Com<br>Phone-7906415563 |
| ഷരീഫ് ഉമ്മിണിയിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | അരീക്കോട് ബ്ലോക്ക് പഞ്ചായത്ത് | ഉമ്മിണിയിൽ (ഹൗസ്), കുറ്റൂളി. പി.ഒ വാലില്ലാപ്പുഴ(പി.ഒ), മലപ്പുറം-673639<br>Phone-9388012528<br>Shereefumminiyil@Gmail.Com |

## 4-12 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | കെഎസ്എഎം പി എം7/2861/22 തീയതി 26-05-2023 | 19 |
| 1998-99 | കെഎസ്എഎം പി എം7/2861/22 തീയതി 26-05-2023 | 5 |
| 1999-2000 (വരവ്) | എൽ എഫ് എം15/102/06തീയതി.20.04.2023 | 11 |
| 1999-2000 (ചെലവ്) | കെഎസ്എഎം പി എം7/452/22 തീയതി 20-04-2023 | 8 |
| | | |

| | | |
|---|---|---|
| 2000-01 ചെലവ് | കെഎസ്എഎം പി എം7/452/22 തീയതി 20-04-2023 | 14 |
| 2000-01 വരവ് | കെഎസ്എഎം പി എം7/452/22 തീയതി 20-04-2023 | 6 |
| 2001-02 | കെഎസ്എഎം പി എം7/2861/22 തീയതി 26-05-2023 | 7 |
| 2002-03 | കെഎസ്എഎം പി എം7/452/22 തീയതി 20-04-2023 | 4 |
| 2003-04 | കെഎസ്എഎം പി എം7/452/22 തീയതി 20-04-2023 | 4 |
| 2004-05 | കെഎസ്എഎം പി എം7/452/22 തീയതി 20-04-2023 | 4 |
| 2005-06 | കെഎസ്എഎം പി എം7/452/22 തീയതി 20-04-2023 | 5 |
| 2007-08 | കെഎസ്എഎം പി എം7/2861/22 തീയതി 26-05-2023 | 2 |
| 2010-11 | കെഎസ്എഎം പി എം7/2861/22 തീയതി 26-05-2023 | 6 |
| 2011-12, 12-13 | കെഎസ്എഎം പി എം7/2861/22 തീയതി 26-05-2023 | 1 |
| 2013-14 2014-15 | കെഎസ്എഎം പി എം7/2861/22 തീയതി 26-05-2023 | 2 |
| 2015-16 | കെ എസ് എ എം പി എം7/3014/16 തീയതി 24.02.18 | 5 |
| 2016-17 | കെ എസ് എ എം പി എം7/2175/17 തീയതി 24.07.18 | 9 |
| 2017-18 | കെ എസ് എ എം പി എം7/2613/18 തീയതി 26.09.13 | 13 |
| 2018-19 | നം.കെ.എസ്.എ/എം.പി.എം.7/2858/19 തീയതി 4-01-20 | 1 |
| 2019-20 | നം.കെ.എസ്.എ/എം.പി.എം.7/914/21 തീയതി 24-03-2022 | 8 |
| 2020-21 | നം. കെ.എസ്.എ./എം.പി.എം.7/1077/22 തീയതി 29-06-22 | 18 |
| 2021-22 | നം. കെ.എസ്.എ/എം.പി.എം.7/1139/23 തീയതി 24-06-2023 | 17 |
| 2022-23 | നം. കെ.എസ്.എ/എം.പി.എം.7/2687/23 തീയതി 18-12-2023 | 38 |
| 2023-24 | കെ.എസ്.എ/എം.പി.എം.7/2526/2024 തീയതി 15.03.2025 | 47 |

ഡെപ്യൂട്ടി ഡയറക്ടർ

**Annexure-1**
**Audit Certificate**

i. I have audited the attached Financial statements approved vide resolution number 1(1)/2025 dated 1(1)/2025 dated 31-05-2025 and submitted on 02-06-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03-2025 , with supporting forms, of the Areacode Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Areacode Grama Panchayat as on 31-03-2025

**Date: 10/09/2025** **Deputy Director**

**Kerala State Audit Department**

**Audit Report appended to the Audit Certificate of Areacode Grama Panchayat for the Year 2024-2025.**

**1.Major Observations**

Nil

**2.Other Observations**

1)Asset Register is not uptodated
2)The following mandatory financial statements prescribed in accounting rules of Kerala Panchayath Raj (Accounts), 2011 are not submitted for audit.
a)Ratios
b)notes on accounts
c)Comparative Statements
3)Net increase/decrease in cash flow does not match with the net cash generated by operating, investing and financial activities and closing balance of cash and cash equivalents .
4)Monthly reconciliation statements of various bank accounts have not been duly certified as per Kerala Panchayat Raj Act 2011 (Section 57).
5)The closing balance of the account Rural Housing â Housing for all Balance(schedule B17) is not match with schedule B4
5

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ അരീക്കോട് ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്